കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചാവക്കാട് നഗരസഭ

## 2017-18

## ഓഡിറ്റ് റിപ്പോർട്ട്

തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(എം)596/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ -680 020
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in
തീയതി: 17/07/19

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ചാവക്കാട് നഗരസഭ

സർ,

വിഷയം : ചാവക്കാട് നഗരസഭ –2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാവക്കാട് നഗരസഭയുടെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ്:</u>

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3)റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി (ഉപരിപത്രം സഹിതം)

4)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ.(എം)596/19 തിയ്യതി 17/07/19

## തൃശ്ശൂർ ജില്ലയിലെ ചാവക്കാട് നഗരസഭയുടെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തൃശ്ശൂർ ജില്ലയിലെ ചാവക്കാട് നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 1.4.17 മുതൽ 31.3.18 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 2017-18 വർഷം വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 48 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 42 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. രാജഗോപാലൻ.സി.,<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11/03/2019 മുതൽ 21/03/2019 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | തുളസീദാസ് വി.ജി. | ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്) |
| | ഹണി കെ.എസ്. | അസി. ഓഡിറ്റ് ഓഫീസർ |
| | വിദ്യ വിക്രമൻ | അസി.ഓഡിറ്റ് ഓഫീസർ |
| | ജോമോൻ.ഇ.കെ | അസി.ഓഡിറ്റ് ഓഫീസർ |
| | സുമ.വി.കെ | ഓഡിറ്റർ |
| | ജീജോ ജോബ് | ഓഡിറ്റർ |

**<u>നിർവ്വഹണ അധികാരികൾ</u>**

**<u>ചെയർമാൻ</u>**

| | |
|---|---|
| ശ്രീ.എൻ.കെ.അക്ബർ | 1-4-17 മുതൽ 31-3-18 വരെ |

## സെക്രട്ടറി

| | |
|---|---|
| ശ്രീ.എം.കെ ഗിരീഷ് | 01.04.17 മുതൽ 13.07.17 FN വരെ |
| ശ്രീ.രാധാകൃഷ്ണൻ നായർ (സെക്രട്ടറി ഇൻ ചാർജ്ജ്) | 13.07.17 AN മുതൽ 16.07.17 വരെ |
| ഡോ.സിനി.ടി.എൻ | 17.07.17 മുതൽ 31.03.18 വരെ |

## മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസി. എക്സി. എഞ്ചിനീയർ, ചാവക്കാട് | ശ്രീ.സി.കെ ഉണ്ണികൃഷ്ണൻ | 01.04.17 മുതൽ 31.10.17 വരെ |
| | ശ്രീമതി.രേഖ.പി.ആനന്ദ് | 01.11.17 മുതൽ 31.03.18 വരെ |
| അസി. എഞ്ചിനീയർ, | അശോക് കുമാർ.കെ.എ. | 01.04.17 മുതൽ 31.03.18 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.റെൻജി ജോൺ | 01.04.17 മുതൽ 31.03.18 വരെ |
| കൃഷി ഓഫീസർ | ശ്രീ.സുദർശനൻ പിള്ള | 01.04.17 മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. സുബിത.എം.എ. | 01.04.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.സി.പ്രഭാകരൻ | 01.04.17മുതൽ 31.03.18 വരെ |
| ഹെഡ്മിസ്ട്രസ് ജി.എച്ച്.എസ് മണത്തല | ശ്രീ.അനിൽകുമാർ.കെ.വി. | 01.04.17 മുതൽ 31.03.18 വരെ |
| സൂപ്രണ്ട് താലൂക്ക് ആശുപത്രി ചാവക്കാട് | ഡോ.ഗീത.എം.കെ. | 1.04.17 മുതൽ 22.08.17 വരെ |
| | ഡോ.രമ്യ.ആർ | 23.08.17 മുതൽ 31.03.18 വരെ |
| ഹെൽത്ത് ഇൻസ്പെക്ടർ, ചാവക്കാട് നഗരസഭ | ശ്രീ.സമിൽബാബു | 01.04.17 മുതൽ 02.10.17 വരെ |
| | ശ്രീ.പോൾ തോമസ് | 03.10.17 മുതൽ 31.03.18 വരെ |
| കുടുംബശ്രീ മെമ്പർ സെക്രട്ടറി | ശ്രീമതി. ബിന്ദു. പി.ബി | 01.04.17 മുതൽ 31.03.18 വരെ |
| സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീമതി ഫാത്തിമ.പി.എ. | 01.04.17 മുതൽ 31.03.18 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ.മനോജ്.ടി. | 01.04.17 മുതൽ 31.03.18 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| | | |

| | | |
|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-12 |
| | <u>ഭാഗം 2</u> | |
| 13 | ബിൽഡിംഗ് പെർമിറ്റ് രേഖകളിലെ അപാകതകൾ | 2-1 |
| 14 | വസ്തു നികുതി - ഡി.സി.ബി.കൃത്യമല്ല. | 2-2 |
| 15 | വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ | 2-3 |
| 16 | തനത് വരുമാനം രണ്ട് ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നു | 2-4 |
| 17 | ശുചിത്വ മിഷൻ ഫണ്ട് സ്വകാര്യ ബാങ്കിന്റെ കറന്റ്അക്കൗണ്ടിൽ നിക്ഷേപിക്കുന്നു | 2-5 |
| 18 | വാടക ഡെപ്പോസിറ്റ് -റജിസ്റ്റർ സൂക്ഷിക്കുന്നില്ല | 2-6 |
| 19 | ഡി&ഒ ലൈസൻസ് അപേക്ഷകളിലെ അപാകതകൾ | 2-7 |
| 20 | തൊഴിൽ നികുതി അടവാക്കുന്നില്ല | 2-8 |
| 21 | ലേലം കുടിശ്ശിക ഈടാക്കാൻ നടപടികൾ ത്വരിതപ്പെടുത്തണം | 2-9 |
| | <u>ഭാഗം 3</u> | |
| 22 | പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് മെഷീൻ വാങ്ങൽ -519372/- ക്ലീൻകേരള മിഷനു നല്കിയെങ്കിലും മെഷീൻ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടില്ല | 3-1 |
| 23 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ -അംഗീകാരം നേടാതെ പ്രവർത്തിക്കുന്നു | 3-2-1 |
| 24 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ- വാഹന വാടക തനത് ഫണ്ടിൽ വകയിരുത്തിയെങ്കിലും ചെലവഴിച്ചിട്ടില്ല. | 3-2-2 |
| 25 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിലേക്ക് വാഹനം വാടകയ്ക്കെടുക്കൽ- പുതിയ ക്വട്ടേഷൻ ക്ഷണിക്കാതെ പഴയ ക്വട്ടേഷൻ നിരക്കിൽ വർദ്ധനവ് വരുത്തി പുതുക്കി നൽകി. | 3-2-3 |
| 26 | ലൈഫ് ഭവന പദ്ധതി -തുക കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 3-3 |
| 27 | ഉറവിടമാലിന്യ സംസ്കരണ പദ്ധതി-ശുചിത്വമിഷൻ വിഹിതം ലഭ്യമാക്കാനുള്ള (ലഭിക്കുന്ന സാഹചര്യം ഉണ്ടായിരുന്നിട്ടും)നടപടികൾ സ്വീകരിക്കാതെ പൂർണ്ണമായും പദ്ധതിപ്പണം വിനിയോഗിച്ച് പദ്ധതി നടപ്പാക്കി | 3-4 |
| 28 | താലൂക്ക് ആശുപത്രി മെഡിക്കൽ ലാബിലേക്ക് മെഡിക്കൽ റിയേജന്റുകളും ഉപകരണങ്ങളും വാങ്ങൽ - പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിച്ചില്ല | 3-5 |
| 29 | ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല – ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു | 3-6 |
| 30 | കാഷ് ബുക്ക് ശരിയായ മാതൃകയിൽ എഴുതി സൂക്ഷിക്കുന്നില്ല | 3-7 |
| 31 | സാന്ത്വന പരിചരണ പദ്ധതി - അപാകതകൾ | 3-8 |
| 32 | മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല. | 3-9 |
| 33 | വാഹന പരിപാലനം അപാകതകൾ | 3-10 |
| 34 | സോളാർ ഫിഷ് ഡ്രൈയിംഗ് യൂണിറ്റ് കൈമാറുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കണം | 3-11 |
| 35 | ലീഗൽ ചാർജ്ജസ്- സ്രോതസ്സിൽ നിന്ന് ആദായ നികുതി ഈടാക്കിയിട്ടില്ല. | 3-12 |
| 36 | വെള്ളക്കരം -സംയുക്ത പരിശോധന നടപടികൾ എത്രയും വേഗം പൂർത്തിയാക്കണം. | 3-13 |
| 37 | മാർഗ്ഗരേഖയിൽ നിഷ്കർഷിക്കാത്ത പദ്ധതിക്ക് പ്രത്യേകാനുമതി തേടിയിട്ടില്ല. | 3-14 |
| 38 | എസ്.സി കുട്ടികൾക്ക് സൈക്കിൾ വിതരണം -അവശ്യ രേഖകൾ മുഴുവൻ ഹാജരാക്കിയിട്ടില്ല. | 3-15 |
| 39 | ഷീ സ്റ്റേ പദ്ധതി - എസ്റ്റിമേറ്റിൽ തെറ്റായി കോസ്റ്റ് ഇൻഡക്സ് കണക്കാക്കി- ലക്ഷങ്ങളുടെ വ്യത്യാസം | 3-16 |

| | | |
|---|---|---|
| 40 | ടാർ വാങ്ങുന്നതിന് തനത് ഫണ്ടിൽനിന്നും ചെലവഴിച്ച 293000/- രൂപ തിരികെ അടവാക്കിയില്ല. | 3-17 |
| 41 | 2017-18 ൽ ടാർ വാങ്ങിയത് - 114875/- രൂപ തിരികെ ലഭിച്ചില്ല | 3-18 |
| 42 | 2014-15 വർഷത്തിൽ വാങ്ങിയ 134kg ടാർ ഇനിയും ഇഷ്യൂ ചെയ്തില്ല | 3-19 |
| 43 | ബിറ്റുമിന്റെ വില ഈടാക്കിയതിൽ കുറവ് -6899/- രൂപ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് അടവാക്കി. | 3-20 |
| 44 | സഹകരണ റോഡ് പുനരുദ്ധാരണം- 2016-17 ൽ വാങ്ങിയ ടാർ ഇഷ്യൂ ചെയ്തു. പ്രവൃത്തി നടന്നത് 2018-19 ൽ മാത്രം | 3-21 |
| 45 | സാങ്കേതിക അനുമതി ലഭിച്ചതിലും കൂടുതൽ തുക ചെലവഴിച്ചു- അധികച്ചെലവ് തടസ്സപ്പെടുത്തുന്നു | 3-22 |
| 46 | ക്രിമറ്റോറിയത്തിൽ ചിമ്മിനി നിർമ്മാണം- അപാകതകൾ | 3-23 |
| 47 | ക്രമപ്രകാരമല്ലാതെ തനത് ഫണ്ടിൽനിന്നും തുക ചെലവഴിച്ചു | 3-24 |
| 48 | ചാവക്കാട് നഗരസഭ മാലിന്യസംസ്കരണം അവലോകനം | 3-25 |
| 49 | ധനകാര്യകമ്മീഷൻ ഗ്രാന്റ്/മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗം ക്രമപ്രകാരമല്ല. | 3-26 |
| 50 | സ്പോർട്സ് കിറ്റ് വിതരണം--അപാകതകൾ | 3-27 |
| 51 | കുടിവെള്ള ഗാർഹികകണക്ഷൻ നൽകൽ--രേഖകൾ ഹാജരാക്കിയിട്ടില്ല | 3-28 |
| 52 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ --അപാകതകൾ | 3-29 |
| 53 | ആദായ നികുതി ഈടാക്കിയിട്ടില്ല | 3-30 |
| 54 | ലൈബ്രറിയിലേക്ക് പുസ്തകം വാങ്ങൽ-- അപാകതകൾ | 3-31 |
| 55 | ചെലവ് രേഖകൾ ലഭ്യമായിട്ടില്ല | 3-32 |
| 56 | മാലിന്യസംസ്കരണ പ്ലാന്റിന് സ്ഥലം വാങ്ങൽ--പദ്ധതി പൂർത്തിയാക്കിയിട്ടില്ല | 3-33 |
| | **ഭാഗം 4** | |
| 57 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 58 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 59 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 60 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 61 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 62 | ഓഡിറ്റ് റിക്കവറി | 4-6 |
| 63 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 64 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 65 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 66 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 67 | അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം | |
| 68 | അനുബന്ധം-II ഓഡിറ്റ് സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 29.03.2017 തിയതിയിലെ 1-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 26,75,93,600 രൂപയും ചെലവ് 27,36,89,800 രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|
| 31.07.2018 | 17.10.2018 | 03.08.2018 |

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 08.11.2018, 09.11.2018 | കെ.എസ്.എ. ടി.എസ്.ആർ.(എം.1) 1779/18 തീയതി 28.11.18/18.02.19 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

1-12 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9,10,64,823 |
| വരവ് | 25,56,95,186 |
| ആകെ | 34,67,60,009 |
| ചെലവ് | 30,25,17,997 |
| നീക്കിയിരിപ്പ് | 4,42,42,012 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 4,34,13,000 | 4,34,13,000 | 4,08,66,094 | 25,46,906 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 96,88,000 | 96,88,000 | 82,46,485 | 14,41,515 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | - | - | - | - |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 1,39,85,282 | 1,39,85,282 | 1,39,84,320 | 962 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 87,46,625 | 87,46,625 | 87,37,055 | 9,570 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | - | 5,36,42,408 | 5,36,42,408 | 4,20,46,621 | 1,15,95,787 |

| | | | | | | |
|---|---|---|---|---|---|---|
| ACR പ്രകാരം) | | | | | | |
| കെ. എൽ. എസ്.ജി. ഡി.പി (ACR പ്രകാരം) | | - | 18,07,905 | 18,07,905 | 17,82,670 | 25,235 |
| ദുരിതാശ്വാസ നിധി | | 26,226 | 889 | 27,115 | 6,266 | 20,849 |
| അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | തൊഴിലാളികളുടെ കൂലി | 57,377 | 16,39,224 | 16,96,601 | 7,91,286 | 6,93,792 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | | | 2,11,523 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ഐ.സി.ഡി.എസ് | 920699 | 1070564 | 1991263 | | 1991263 |
| | ടി.എസ്.സി. | 1618843 | 300000 | 1918843 | 658320 | 1260523 |
| | UIDSSMT | 52350726 | 817064 | 53167790 | 42826000 | 10341790 |
| | പി.എം.എ.വൈ | 451235 | 73943182 | 74394417 | 67555089 | 6839328 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | വിമുക്തി | - | 25000 | 25000 | - | 25000 |
| ബി ഫണ്ട് | തൊഴിൽ രഹിത വേതനം | | 18360 | 18360 | 18360 | |
| | വാർദ്ധക്യകാല പെൻഷൻ | | 36359500 | 36359500 | 36359500 | |
| | കർഷകത്തൊഴിലാളി പെൻഷൻ | | 587400 | 587400 | 587400 | |
| | അവിവാഹിത പെൻഷൻ | | 1455200 | 1455200 | 1455200 | |
| | വിധവ പെൻഷൻ | | 19037000 | 19037000 | 19037000 | |
| | വികലാംഗ പെൻഷൻ | | 3654400 | 3654400 | 3654400 | |
| | സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | | 1140000 | 1140000 | 1140000 | |
| തനത് ഫണ്ട് | SBI-ചാവക്കാട് | 6620439 | 13123828 | 19744267 | 19652275 | 91992 |
| | SBI-Net Banking | 9862 | 823213 | 833075 | 722746 | 110329 |
| | TPA76-Own fund | 5325629 | 1507038 | 6832667 | 1673455 | 5159212 |
| | STSB | 7074776 | 22254859 | 29329635 | 22451676 | 6877959 |
| | PNB-Salary A/C | 8609617 | 42634839 | 51244456 | 43993523 | 7250933 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 224 | 16845055 | 157 | 115558546 | 57 | 10 | 70 |

# 1-7 അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അയ്യങ്കാളി പദ്ധതി-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 57377 | 1639224 | 1696601 | 211523 | 693792 |

| | | | | | |
|---|---|---|---|---|---|
| അയ്യങ്കാളി പദ്ധതി-തൊഴിലാളികളുടെ വേതനം | | | | 791286 | |
| ആകെ | 57377 | 1639224 | 1696601 | 1002809 | 693792 |

# 1-8 ക്ഷേമപദ്ധതികൾ

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽ രഹിത വേതനം | 18360 | 30 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 587400 | 49 |
| 3 | വിധവാ പെൻഷൻ | 19037000 | 1700 |
| 4 | വാർദ്ധക്യകാല പെൻഷൻ | 36359500 | 3022 |
| 5 | വികലാംഗ പെൻഷൻ | 3654400 | 376 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1455200 | 139 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.03.2019 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ രൂപ 6,27,210/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

നഗരസഭയിലെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.<u>ധനകാര്യ സ്റ്റാംന്റിംഗ് കമ്മറ്റി ധനകാര്യ സ്റ്റേറ്റ്മെന്റുകൾ മാസം തോറും വിലയിരുത്തുന്നില്ല.</u>

കേരള മുനിസിപ്പാലിറ്റി നിയമം 22(ഡി)( ii)(iv) വകുപ്പുകൾ പ്രകാരം ധനകാര്യ സ്റ്റാംന്റിംഗ് കമ്മറ്റി, അക്കൗണ്ടുകൾ കൂടെ കൂടെ പരിശോധിക്കേണ്ടതും, മാസം തോറും സ്റ്റാംന്റിംഗ് കമ്മറ്റിയുടെ ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്. ഇതിനായി മാസാവസാനം അതുവരെയുള്ള വരവ്-ചെലവ് കണക്കുകൾ തയ്യാറാക്കേണ്ടതാണെന്ന് കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007 ലെ ചട്ടം 57(1) & (2) എന്നിവയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ധനകാര്യ സ്റ്റാംന്റിംഗ് കമ്മറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ 4/17 മുതൽ 6/17 വരെയുള്ള വരവ് ചെലവുകൾ 19/07/17 ലെ 16-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ 7/17 മുതൽ 3/18 വരെയുള്ള വരവ്-ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാംന്റിംഗ് കമ്മറ്റി അംഗീകരിച്ചതായി കാണുന്നില്ല.

2.<u>പദ്ധതികൾക്ക് അന്തിമരൂപം നല്കുന്നതിൽ സ്റ്റാംന്റിംഗ് കമ്മറ്റികളുടെ പങ്ക് നിർവ്വഹിക്കുന്നില്ല.</u>

പദ്ധതിക്ക് അന്തിമരൂപം നല്കുന്നതിന്റെ മുന്നോടിയായി മേഖലാ വിഭജന നിബന്ധനകളുടെ അടിസ്ഥാനത്തിൽ പ്രതീക്ഷിക്കുന്ന വിഭവസ്രോതസ്സുകൾ, പദ്ധതി അടങ്കൽ, ഓരോ മേഖലയിലും വകയിരുത്തേണ്ട തുക, അനിവാര്യ ഇനങ്ങൾക്കും വിഭാഗങ്ങൾക്കും വകയിരുത്തേണ്ട തുക എന്നിവ സംബന്ധിച്ച ശുപാർശ ഓരോ സ്റ്റാംന്റിംഗ് കമ്മറ്റിയും നല്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തതായി കാണുന്നില്ല. ഉദാഹരണമായി, 11/5/17 ലെ മരാമത്ത് സ്റ്റാംന്റിംഗ് കമ്മറ്റിയുടെ മിനിട്സിൽ 2017-18 ലെ പ്രവൃത്തികളുടെ ലിസ്റ്റ് അംഗീകരിച്ചുവെന്ന ഒറ്റവരി തീരുമാനം മാത്രമാണുള്ളത്. ഇതിന്മേൽ വിശദമായ ചർച്ചകളൊന്നും നടന്നതായി കാണുന്നില്ല.

3. <u>പദ്ധതികളിൽ വിശദമായ മോണിറ്ററിംഗ് നടക്കുന്നില്ല.</u>

പ്രോജക്റ്റ് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പാണ്. അതിനായി പദ്ധതി രൂപീകരണത്തിനുശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റികളായി മാറേണ്ടതാണ്. മോണിറ്ററിംഗ് കമ്മറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നല്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തതായി കാണുന്നില്ല.

4.<u> ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.</u>

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തതായി കാണുന്നില്ല. ഉദാഹരണമായി മാലിന്യസംസ്കരണത്തിനായി വാങ്ങിയ സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. ഫ്രണ്ട് ഓഫീസിൽ സൌകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

ദിവസവും ആയിരക്കണക്കിന് രൂപ അടവുവരുന്ന ക്യാഷ് കൗണ്ടറിൽ വേണ്ടത്ര സൗകര്യങ്ങളില്ല. കൗണ്ടറിലേക്ക് ആർക്കും കയറിച്ചെല്ലാവുന്ന അവസ്ഥയിലാണ്. ടോക്കൺ സമ്പ്രദായം, ജനങ്ങൾക്ക് ആവശ്യമായ ഇരിപ്പിട സൗകര്യങ്ങൾ, ഹെൽപ് ഡെസ്ക് എന്നിവയില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | നഗരസഭ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | | |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11/03/2019 | 2015-16 മുതൽ 2017-18 വരെ | - |

# 1-12 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1) വസ്തു നികുതി ഡി സി ബി തയ്യാറാക്കിയിട്ടില്ല. ഡിമാന്റ് രജിസ്റ്റർ, കിടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്താൻ സാധിച്ചിട്ടില്ല.

2) ബാലൻസ് ഷീറ്റ് B-12 ഷെഡ്യൂൾ പ്രകാരം 15,44,571 രൂപ ഫിക്സഡ് ഡെപ്പോസിറ്റ് ഉണ്ട്. ആയതിന്റെ രശീതി പരിശോധിച്ചതിൽ 15-7-17 മുതൽ 15-7-18 വരെയുള്ള കാലയളവിലേക്ക് 14,72,031 രൂപയാണ് സ്ഥിര നിക്ഷേപ തുക. മേൽ തുകയോടൊപ്പം 31-3-18 വരെയുള്ള പലിശ കൂടി കണക്കാക്കിയാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. ഇൻവെസ്റ്റ്മെൻറ് രജിസ്ററർ സൂക്ഷിച്ചിട്ടില്ല.

3) 2016-17 അക്കൗണ്ട്സ് ബാലൻസ് ഷീറ്റ് B-6ഷെഡ്യൂൾ പ്രകാരം loans from state government എന്ന ഹെഡ്ഡിൽ1443790 രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ രജിസ്റ്റർ പ്രകാരം 1.4.17 ൽ 9,49,638 രൂപയാണ് OB ആയി രേഖപ്പെടുത്തിയിരിക്കുന്നത്. മുൻ വർഷത്തെ അപാകത പരിഹരിച്ച് OB യിൽ മാറ്റം വരുത്തിയതിന് സെക്രട്ടറിയുടെ നടപടിക്രമം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

4) Special TSB -7 അക്കൗണ്ടിൽ നിന്നുള്ള redemption തുക 61,67,168 രൂപ റസീപ്റ്റ് ആൻറ് പെയ്മെൻറ് അക്കൗണ്ടിലോ ബാലൻസ് ഷീറ്റിലോ ഉൾപ്പെടുത്തിയിട്ടില്ല.

5) സ്പെഷ്യൽ പർപ്പസിനായി വരുന്ന ഗ്രാൻറുകൾക്ക് പ്രത്യേകം അക്കൗണ്ട് സൂക്ഷിച്ചിട്ടില്ലാത്ത സംഗതികളിൽ ACR സൂക്ഷിക്കേണ്ടതാണ്. ആയത് സൂക്ഷിച്ചിട്ടില്ല.

6) ബാലൻസ് ഷീറ്റ് B -7, ഷെഡ്യൂൾ പ്രകാരം ബാധ്യതയായി ഉൾപ്പെടുത്തിയിട്ടുള്ള 4,87,02,325 രൂപയുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുകയോ വാർഷിക സംക്ഷിപ്തം തയ്യാറാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തുകയോ ചെയ്തിട്ടില്ല.

7) 2017-18 വർഷം 15,38,193 രൂപ KSEB യിൽ ഡെപ്പോസിറ്റ് വർക്കിനായി നൽകിയിട്ടുണ്ട്. എന്നാൽ ടി തുക റസീപ്റ്റ് ആൻറ് പെയ്മെൻറ് അക്കൗണ്ടിൽ RP -41 (Loans advances and deposits) ഉൾപ്പെടുത്തിയിട്ടില്ല. വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ബാലൻസ് ഷീറ്റിൽ B-18 ൽ വരേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്തു കാണുന്നില്ല.

8) ബാലൻസ് ഷീറ്റിൽ B-18 പ്രകാരം മിസ്സലേനിയസ് അഡ്വാൻസ് 8,53,426 രൂപയാണ്, അഡ്വാൻസ് രജിസ്റ്ററിൽ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്താൻ സാധിച്ചിട്ടില്ല.

9) RP -3 യിൽ വരുന്ന വരവു തുകകൾ പരിശോധിക്കുന്നതിന് (Rental income from muncipal properties-141850) ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

10) ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ DCB തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ വാർഷിക കണക്കുമായി ഒത്തുനോക്കാൻ കഴിഞ്ഞിട്ടില്ല.

11) RP -5 ൽ വരുന്ന വരവു തുകകൾ പരിശോധിക്കുന്നതിന് (sale and hire charges -2,30,029) ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

12) ആസ്തികളുടെ തേയ്മാനം കണക്കാക്കിയത് പരിശോധിച്ചതിൽ കോൺക്രീറ്റ് റോഡിന് തേയ്മാനം കണക്കാക്കിയതായി കാണുന്നില്ല

13) പഞ്ചാബ് നാഷണൽ ബാങ്ക് (സാലറിഅക്കൗണ്ട്) എസ് ബി ടി തനത് ഫണ്ട് അക്കൗണ്ട് എന്നിവയിൽ നിന്നും നഗരസഭ നൽകിയിട്ടുള്ളതും, 3 മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക 'Liability in respect of stale cheque' എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

14) 2016-17 വർഷത്തിൽ ബിറ്റുമിൻ വാങ്ങിയതിൽ നീക്കിയിരിപ്പുള്ള തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. കൂടാതെ 2017-18 വർഷത്തിൽ വാങ്ങിയ ബിറ്റുമിന്റെ വില വാർഷിക കണക്കിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിൽ ക്ളോസിങ്ങ് സ്റ്റോക്ക് ആയി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

15) ആസ്തി രജിസ്റ്ററിൽ എല്ലാ ആസ്തികളുടെയും മൂല്യം കണക്കാക്കിയിട്ടില്ല. അതിനാൽ വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.

16) 2017-18 വർഷത്തിൽ നൽകിയ part bill പ്രകാരം ഉള്ള തുകകളും work in progress ഇനത്തിൽ അക്കൗണ്ട്സ് പ്രകാരമുള്ള കണക്കും പൊരുത്തപ്പെടുന്നില്ല. പ്രോജക്ട് രജിസ്ററർ സൂക്ഷിച്ചിട്ടില്ല.

17) Lorry. Taxi,Auto and other vehicle stand fees ഇനത്തിലെ ഡിമാന്റ് 2,52,502 രൂപയും RP -4 പ്രകാരം കളക്ഷൻ തുക 1,50,502. വ്യത്യാസം 1,02,000 രൂപയാണ്. ഈ തുക 2016-17 വർഷം Deposit വന്ന തുകയാണ്. ഈ തുകയിൽ 26,500 രൂപ മാത്രമാണ് ഡെപ്പോസിറ്റ് ഹെഡ്ഡിൽ വരവ് വെച്ചത്. 75,500 രൂപ deposit ഹെഡ്ഡിലിടുന്നതിനു പകരം 2016-17വർഷത്തെ വരവായി എടുത്തു.

18) തൻ വർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആൻറ് എക്സ്പെൻഡിച്ചർ അക്കൗണ്ട്സിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

19) ICDS,TSC, PMAY, വിമുക്തി, AUEGS ഫണ്ടുകൾ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

20) ദുരിതാശ്വാസനിധി B-2, B-17 പത്രികകൾ പൊരുത്തപ്പെടുന്നില്ല.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബിൽഡിംഗ് പെർമിറ്റ് രേഖകളിലെ അപാകതകൾ

ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ രജിസ്റ്റർ പ്രകാരം 2017-18 വർഷത്തിൽ ചാവക്കാട് നഗരസഭയിൽ ബിൽഡിംഗ് പെർമിറ്റിനായി 523 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ലഭിച്ച അപേക്ഷകളിൽ 461 പെർമിറ്റുകൾ അനുവദിച്ചിട്ടുണ്ട്. ഇവയിൽ 438 പെർമിറ്റുകൾ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളും, 7 എണ്ണം വാണിജ്യ കെട്ടിടങ്ങളും, ഒരെണ്ണം മൊബൈൽ ടവറിനും, 15 എണ്ണം ചുറ്റുമതിലും നിർമ്മിക്കുന്നതിനായി അനുവദിച്ചിട്ടുള്ളതാണ്. അനുവദിച്ച 461 പെർമിറ്റുകളിൽ 49 ക്രമവത്ക്കരണ അപേക്ഷകളും ഉൾപ്പെടുന്നു. പെർമിറ്റുകളുടെ പരിശോധനയ്ക്കായി 8 ഫയലുകൾ ആവശ്യപ്പെട്ടിരുന്നെങ്കിലും (ഓഡിറ്റ് അന്വേഷണം നമ്പർ-25/17-18 തീയതി 19/03/19) മൂന്ന് ഫയലുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ പ്രധാന നിരീക്ഷണങ്ങളും ശുപാർശകളും താഴെ ചേർക്കുന്നു.

1. അപേക്ഷാ രജിസ്റ്ററിൽ അപേക്ഷകന്റെ വിലാസം, ഉപയോഗ തരം, അപേക്ഷാഫീസ്, ബിൽഡിംഗ് പെർമിറ്റ് നം. എന്നിവ മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. അപേക്ഷാ രജിസ്റ്ററിലെ മറ്റ് വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. കെട്ടിടനിർമ്മാണ പെർമിറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച സർക്കുലർനം.12900/ആർ.എ.1/2015 തീയതി 02.12.15 നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. ക്രമവത്ക്കരിച്ച അപേക്ഷയുടെ വിവരങ്ങൾ 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 146(3) പ്രകാരം പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, ക്രമവത്ക്കരണ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

3. ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ രജിസ്റ്റർ പ്രകാരം 2017-18 വർഷത്തിൽ കെട്ടിട നിർമ്മാണ ക്രമവത്ക്കരണത്തിനുള്ള 49 അപേക്ഷകൾ ലഭിച്ചതായി കാണുന്നു. എന്നാൽ 2017-18 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം ക്രമവത്ക്കരണ ഫീസ് ഇനത്തിൽ വരവുകൾ വന്നതായി കാണുന്നില്ല. ക്രമവത്ക്കരണ ഫീസ് നിലവിൽ കെട്ടിടനിർമ്മാണ പെർമിറ്റ് എന്ന ശീർഷകത്തിലാണ് വരവ് വെക്കുന്നത്. ക്രമവത്ക്കരണ ഫീസ് ആയതിന് ബാധകമായ ശീർഷകത്തിൽ വരവ് വെക്കേണ്ടതാണ്.

4. ശ്രീമതി.രമ മുതൽപ്പേരുടെ ഉടമസ്ഥതയിലുള്ള റീസർവ്വെ നമ്പർ 63/4 സ്ഥലത്ത് BA No.444/13-14 Dtd.02/04/2014 പെർമിറ്റ് പ്രകാരം നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് 2017-18 വർഷത്തിൽ 8/341A മുതൽ 341F വരെ കെട്ടിട നമ്പറുകൾ അനുവദിച്ചിട്ടുണ്ട്. കെട്ടിട നമ്പറിനായി സമർപ്പിച്ച പൂർത്തീകരണ പ്ലാനിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

എ) കെട്ടിടത്തിന്റെ FAR, കവറേജ് മുതലായവ രേഖപ്പെടുത്തിയിട്ടില്ല.

ബി) പൂർത്തീകരണ പ്ലാൻ പ്രകാരം പ്ലോട്ടിൽ നിലവിൽ ഒരു കെട്ടിടമുള്ളതായി കാണുന്നു. എന്നാൽ ഈ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം പ്ലാനിൽ കാണിച്ചിട്ടില്ല.

ബിൽഡിംഗ് പെർമിറ്റ് പ്ലാൻ, പൂർത്തീകരണ പ്ലാൻ എന്നിവയിൽ ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# 2-2 വസ്തു നികുതി - ഡി.സി.ബി.കൃത്യമല്ല.

നഗരസഭയിൽ വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. സഞ്ചയയിൽ മാത്രമാണ് ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ ലഭ്യമായിട്ടുള്ളത്. എന്നാൽ സഞ്ചയയിലെ വിവരങ്ങൾ അപൂർണ്ണവും കൃത്യതയില്ലാത്തതുമാണെന്ന് ഓഡിറ്റിൽ കണ്ടെത്തി. നഗരസഭയിൽ വസ്തുനികുതി പരിഷ്കരിച്ചിട്ടുണ്ടെങ്കിലും വസ്തുനികുതി വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തുന്നത് പൂർത്തിയായിട്ടില്ല എന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി (ഓഡിറ്റ് അന്വേഷണം നമ്പർ-40/17-18) അറിയിച്ചിട്ടുണ്ട്. 2017-18 ലെ വാർഷിക കണക്ക് പ്രകാരമുള്ള ഡി.സി.ബി.യും സഞ്ചയയിൽ നിന്ന് ലഭ്യമാക്കിയ ഡി.സി.ബി.യും തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വസ്തുനികുതി | | ഡിമാന്റ് | കളക്ഷൻ | അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്തത് | ബാലൻസ് |
|---|---|---|---|---|---|
| തൻവർഷം | വാർഷിക ധനകാര്യ പത്രിക പ്രകാരം | 1,27,84,452 | 1,12,91,724 | | 14,92,728 |
| | സഞ്ചയ പ്രകാരം | 1,51,96,455 | 76,90,525 | 31,123 | 74,74,807 |
| കുടിശ്ശിക | വാർഷിക ധനകാര്യ പത്രിക പ്രകാരം | 1,25,45,719 | 25,21,252 | | 1,00,24,467 |
| | സഞ്ചയ പ്രകാരം | 4,63,46,644 | 2,53,02,880 | | 2,10,43,764 |

നിലവിൽ വസ്തുനികുതിയുടെ കൃത്യമായ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ മാന്വലായോ, സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നോ ലഭ്യമല്ല. ആയതിനാൽ വസ്തു നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങളുടെ കൃത്യത ഓഡിറ്റിൽ ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

സഞ്ചയ സോഫ്റ്റ് വെയറിൽ മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങളുടെ ഡാറ്റാ എൻട്രി എത്രയും വേഗം പൂർത്തിയാക്കേണ്ടതും ഡാറ്റാ എൻട്രി പൂർത്തിയാക്കിയ മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും തെറ്റുകൾ തിരുത്തേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. അപാകതകൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-3 വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ

(എ) വസ്തുനികുതി കുറവായി നിർണ്ണയിച്ചു.

14/294A എന്ന നമ്പറിലുള്ള ശ്രീമതി.നബീസ, വലിയകത്ത് വീട്, ചാവക്കാട് എന്നവരുടെ വാണിജ്യാവശ്യത്തിനുള്ള 100 $m^2$ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമത്തിലുള്ള വാണിജ്യ കെട്ടിടത്തിന് നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം 122.69 ച.മീ. തറവിസ്തീർണ്ണമാണുള്ളത്. ഈ കെട്ടിടത്തിന് നികുതി നിർണ്ണയിച്ചിരിക്കുന്നത് രൂ.40/ച.മീ. എന്ന നിരക്കിലാണ്. എന്നാൽ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.ക്ക് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ എന്നിവയ്ക്ക് ചാവക്കാട് മുൻസിപ്പാലിറ്റിയിൽ നിശ്ചയിച്ചിരിക്കുന്ന നികുതി നിരക്ക് രൂ.70/ച.മീ. എന്നതാണ്. വസ്തുനികുതി പുനർനിർണ്ണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓ.എ. 38/20.03.19 നൽകിയെങ്കിലും ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

(ബി) വസ്തുനികുതി നിർണ്ണയിച്ചത് "സഞ്ചയ"യിൽ ഉൾപ്പെടുത്തിയതിലെ അപാകതകൾ

പുതിയ കെട്ടിടങ്ങളുടെ നികുതിദായകരിൽ നിന്ന് ഫോറം -2 വഴി വിവരങ്ങൾ ശേഖരിക്കുകയും ഫോറം-6 ൽ വസ്തുനികുതി നിർണ്ണയിച്ച് സെക്രട്ടറി ആധികാരികമാക്കുകയും ചെയ്യുന്നുണ്ടെങ്കിലും പ്രസ്തുത വിവരങ്ങൾ "സഞ്ചയ"യിൽ ശരിയായി ഉൾപ്പെടുത്തുന്നില്ല. ഇതു മൂലം സഞ്ചയ ഡിമാന്റിൽ കുറവ് വരുകയും സ്ഥിരമായി നികുതി നഷ്ടം സംഭവിക്കുവാൻ ഇടയാവുകയും ചെയ്യുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | കെട്ടിടനമ്പർ, കെട്ടിടത്തിന്റെ തരം | ഫോറം-6 പ്രകാരം നിർണ്ണയിക്കപ്പെട്ട വസ്തുനികുതി | സഞ്ചയയിൽ രേഖപ്പെടുത്തപ്പെട്ട വസ്തുനികുതിയും മറ്റ് വിവരങ്ങളും |
|---|---|---|---|
| 1 | 28/309, വാണിജ്യം | 2,530 | 329 (പാർപ്പിടാവശ്യത്തിനുള്ള കെട്ടിടമായി കാണുന്നു) |
| 2 | 28/310, ,, | 1,298 | - |
| 3 | 28/311, ,, | 1,298 | 674 (ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടം) |
| 4 | 28/312, ,, | 1,298 | 742 (ഓഫീസ് |

| | | | |
|---|---|---|---|
| | | | ആവശ്യത്തിനുള്ള കെട്ടിടം) |
| 5 | 28/313, ,, | 1,298 | - |
| 6 | 16/632, ,, | 2,754 | 1,885 |
| 7 | 16/632 A, ,, | 1,377 | 1,324 |
| 8 | 7/417 B, ,, | 6,011 | 644 (പാർപ്പിടാവശ്യം) |

ഓഡിറ്റ് ശുപാർശകൾ

1. കെട്ടിടത്തിന്റെ നിർമ്മാണ പെർമിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ എന്നിവ ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണ്. നിലവിൽ പെർമിറ്റ് അനുവദിക്കുന്നത് വരെയുള്ള നടപടികൾ ഒരു ഫയലായും പൂർത്തീകരണം, നമ്പറിംഗ്, വസ്തുനികുതി നിർണ്ണയം എന്നിവ മറ്റൊരു ഫയലായുമാണ് കൈകാര്യം ചെയ്യുന്നത്. ഇത് മൂലം പരസ്പരബന്ധമുള്ള പല രേഖകളും പരിശോധിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടാകുന്നു.

2. വസ്തുനികുതി നിർണ്ണയം സംബന്ധിച്ച് കുറിപ്പ് ഫയൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

3. വസ്തുനികുതി നിർണ്ണയം സഞ്ചയ മുഖേന നിർവ്വഹിക്കേണ്ടതും സഞ്ചയയിൽ നിന്നുള്ള നികുതി നിർണ്ണയ പത്രിക ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

# 2-4 തനത് വരുമാനം രണ്ട് ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നു

നഗരസഭയിലെ തനത് വരുമാനം താഴെ പറയുന്ന രണ്ട് ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിരിക്കുന്നു.

1.പഞ്ചാബ് നാഷണൽ ബാങ്ക്, ചാവക്കാട്(അക്കൗണ്ട് നം:426200170008948)

2.സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ചാവക്കാട്(അക്കൗണ്ട് നം:6714968980)

സർക്കുലർ നം.58725/എഫ്.എം 3/2008/ത.സ്വ.ഭ.വ. 26.05.2011 ൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തനത് വരുമാനം ട്രഷറി അക്കൗണ്ടിനു പുറമെ ഒരു ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലോ സഹകരണ ബാങ്ക് അക്കൗണ്ടിലോ മാത്രം നിക്ഷേപിക്കണമെന്നും ഈ ആവശ്യത്തിന് ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നില നിർത്തരുതെന്നും നിഷ്കർഷിക്കുന്നു.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:9,തീ:15/03/2019) ജീവനക്കാരുടെ ശമ്പളം എ.ടി.എം മുഖേന നൽകുന്നതിനായി ഏതെങ്കിലും ദേശസാൽകൃതബാങ്കിൽ അക്കൗണ്ട് തുടങ്ങാമെന്ന നഗരകാര്യ ഡയറക്ടറുടെ നിർദ്ദേശപ്രകാരമാണ് പഞ്ചാബ് നാഷണൽ ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചതെന്നാണ് വിശദീകരിച്ചത്. അതിനു മുമ്പ് നിലവിലുണ്ടായിരുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ അക്കൗണ്ടിൽ മേൽകാര്യത്തിന് എന്തെങ്കിലും തടസ്സം ഉണ്ടായിരുന്നോ എന്ന് വ്യക്തമല്ല.

തനത് ഫണ്ട് രണ്ട് ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നത് നിലവിലെ സർക്കാർ ഉത്തരവിനു വിരുദ്ധമാണ്. നിലവിൽ തനത് വരുമാന നിക്ഷേപത്തിനായി രണ്ട് അക്കൗണ്ടുകൾ നിലനിറുത്തേണ്ട ആവശ്യകതയും നഗരസഭക്കില്ല.

ആയതിനാൽ സർക്കാർ ഉത്തരവ് പാലിക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം കൈക്കൊള്ളേണ്ടതാണ്.

# 2-5 ശുചിത്വ മിഷൻ ഫണ്ട് സ്വകാര്യ ബാങ്കിന്റെ കറന്റ്അക്കൗണ്ടിൽ നിക്ഷേപിക്കുന്നു

നഗരസഭയുടെ ശുചിത്വ മിഷൻ ഫണ്ട് നിക്ഷേപിക്കുന്നത് ഐ സി ഐ സി ഐ ബാങ്കിന്റെ കറന്റ് അക്കൗണ്ടിലാണ്(അക്കൗണ്ട് നം.07550500494). മേൽ അക്കൗണ്ടിലെ 3/2018 ലെ നീക്കിയിരിപ്പ് 12,93,043/-രൂപയാണ്. പലിശ രഹിതമായ കറന്റ് അക്കൗണ്ടിൽ മേൽ തുക നിക്ഷേപിച്ചത് മൂലം പലിശയിനത്തിൽ ലഭിക്കുമായിരുന്ന വരുമാനം നഷ്ടമായി. സർക്കാർ ഫണ്ട് ദേശസാൽകൃത ബാങ്കിൽ നിക്ഷേപിക്കാതിരുന്നതും ശരിയായ നടപടിയല്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:9,തീ:15/03/2019) അക്കൗണ്ട് ക്ലോസ് ചെയ്യാനുള്ള നടപടി സ്വീകരിക്കാമെന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ അക്കൗണ്ട് ക്ലോസ് ചെയ്ത് ദേശസാൽകൃത ബാങ്കിൽ സേവിംഗ്സ് അക്കൗണ്ട് ആരംഭിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. നഗരസഭക്ക് വരുമാനം നഷ്ടമുണ്ടാക്കുന്ന ഇത്തരം നടപടികൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 2-6 വാടക ഡെപ്പോസിറ്റ് -റജിസ്റ്റർ സൂക്ഷിക്കുന്നില്ല

നഗരസഭയിലെ വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലായ് 190 മുറികൾ നിലവിൽ വാടകക്കു നൽകുന്നുണ്ട്. ആയതിനാൽ വർഷാവർഷം വാടക ഡെപ്പോസിറ്റ് ഇനത്തിൽഭീമമായ തുക വരവുണ്ട്. എന്നാൽ മേൽ തുകകൾരേഖപ്പെടുത്തുന്നതിനായി ഡെപ്പോസിറ്റ് റജിസ്റ്റർ സൂക്ഷിക്കുന്നില്ല. വാടക ഡെപ്പോസിറ്റിൽ തിരിച്ചുകൊടുക്കേണ്ടതും അല്ലാത്തതുമായ ഡെപ്പോസിറ്റുകൾ ഉൾപ്പെടുന്നു. മേൽ ഡെപ്പോസിറ്റുകൾ കൃത്യമായി നിരീക്ഷിക്കപ്പെടേണ്ടതുണ്ട്. ആയതിനായി ഡെപ്പോസിറ്റ് റജിസ്റ്റർ സൂക്ഷിക്കേണ്ടതും ഡെപ്പോസിറ്റുകളുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

# 2-7 ഡി&ഒ ലൈസൻസ് അപേക്ഷകളിലെ അപാകതകൾ

ഡി&ഒ ലൈസൻസ് അപേക്ഷകളിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. നഗരസഭ ഡി&ഒ ലൈസൻസ് അനുവദിച്ച, യന്ത്ര സാമഗ്രികൾ ഉപയോഗിക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ അപേക്ഷയിൽ വരുമാനം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ലൈസൻസ് ഫീസ് കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (ഓഡിറ്റ് എൻക്വയറി നം:44,തീ.21.03.2019) മേൽ വിഷയത്തിൽ കൂടുതൽ ശ്രദ്ധ പുലർത്താമെന്ന് മറുപടി നൽകിയിട്ടുണ്ട്.

2. ഭൂരിഭാഗം അപേക്ഷകളും സത്യവാങ്മൂലം പൂരിപ്പിക്കുകയോ ഒപ്പുവെക്കുകയോ ചെയ്യാതെയാണ് സമർപ്പിച്ചിട്ടുള്ളത്. ലൈസൻസ് ചട്ടങ്ങളെയും കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവുകളെയും അടിസ്ഥാനപ്പെടുത്തി സ്ഥാപനയുടമകൾ കർശനമായും പാലിക്കേണ്ട കാര്യങ്ങൾ ഉൾപ്പെട്ടിട്ടുള്ള സത്യവാങ്മൂലം മുഴുവൻ സ്ഥാപനയുടമകളിൽ നിന്നും ഒപ്പിട്ടു വാങ്ങേണ്ടതും ആയത് പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

# 2-8 തൊഴിൽ നികുതി അടവാക്കുന്നില്ല

നഗരസഭാ പരിധിയിൽ സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ, അഭിഭാഷകർ, കെട്ടിട നിർമ്മാണ ചട്ട പ്രകാരം പ്ലാൻ തയ്യാറാക്കി നൽകുന്ന ലൈസൻസുള്ള സൂപ്പർ വൈസർമാർ, കോൺട്രാക്ടർമാർ, റേഷൻ കടയുടമകൾ എന്നിവർ തൊഴിൽനികുതി അടവാക്കുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം:28,തീ.19.03.2019) മറുപടിയായി മേൽ പറഞ്ഞവർക്കെല്ലാം ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും പലരും മറ്റു നഗരസഭകളിൽ തൊഴിൽനികുതി അടവാക്കുന്നുണ്ടെന്നുമാണ് മറുപടി നൽകിയത്. റേഷൻ കടയുടമകൾ, ഡിമാന്റ് നോട്ടീസ് നൽകിയിട്ടും തൊഴിൽനികുതി അടവാക്കുന്നില്ലെന്നും മറുപടിയിൽ പറയുന്നു. എന്നാൽ മറ്റു നഗരസഭകളിൽ തൊഴിൽനികുതി അടവാക്കിയതിന്റെ രശീതി ആരും തന്നെ ഹാജരാക്കിയിട്ടില്ല. കൂടാതെ നഗരസഭാ പരിധിയിൽ മുൻസിഫ് കോടതി സ്ഥിതി ചെയ്യുന്നതിനാൽ ധാരാളം അഭിഭാഷകർ നഗരസഭാ പരിധിയിൽ പ്രാക്ടീസ് ചെയ്യുന്നുണ്ട്. ആയതിനാൽ ചാവക്കാട് നഗരസഭയിൽ തന്നെയാണ് തൊഴിൽനികുതി അടവാക്കേണ്ടത്.

തൊഴിൽനികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും തൊഴിൽനികുതി ഈടാക്കാനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# 2-9 ലേലം കുടിശ്ശിക ഈടാക്കാൻ നടപടികൾ ത്വരിതപ്പെടുത്തണം

2017-18 വർഷത്തിൽ നഗരസഭയിൽ ലേലം കൈക്കൊണ്ട് വരുത്തിയവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ലേല ഇനം | തുക | ലേലം കൈക്കൊണ്ട വ്യക്തി | അടവാക്കിയ തുക | ബാക്കി തുക |
|---|---|---|---|---|---|
| 1 | പച്ചക്കറി മാർക്കറ്റ് ഫീസ് പിരിവ് | 75000 | കെ.എസ്. ബെന്നി, കൊച്ചിപറമ്പിൽ, വഞ്ചിക്കടവ്, ചാവക്കാട് | 47863 | 27137 |
| 2 | ബസ് സ്റ്റാന്റ് ടെർമിനൽ ടി.വി.പരസ്യം | 55100 | അൽഅമീൻ, മമ്മിയൂർ(H) മണത്തല ചാവക്കാട് | 22000 | 33100 |
| 3 | പരസ്യ നികുതി | 112000 | സജീഷ്. കെ.എസ്., കുന്നത്ത്(H), മണത്തല, ചാവക്കാട് | 37500 | 74500 |
| | ആകെ | 242100 | | 107363 | 134737 |

ലേല കുടിശ്ശിക ഈടാക്കാൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം:19,തീ.18.03.2019) മറുപടി നൽകിയിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് മെഷീൻ വാങ്ങൽ -519372/- രൂപ ക്സീൻകേരള മിഷനു നല്കിയെങ്കിലും മെഷീൻ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടില്ല

പ്രോജക്ട് – പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് മെഷീൻ വാങ്ങൽ

പ്രോജക്ട് നമ്പർ -238/18

ചെലവ് -5,19,372/-

ബിൽ റഫറൻസ് നമ്പർ - H-13588-7/17-18/19.3.18

നിർവ്വഹണം -ഹെൽത്ത് ഓഫീസർ (നഗരസഭ)

നഗരസഭ പരിധിയിലെ പ്ലാസ്റ്റിക്ക് മാലിന്യസംസ്കരണത്തിന് പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് മെഷീൻ വാങ്ങുന്നതിനായി ക്ലീൻ കേരളമിഷനുമായി 6/3/18 ൽ നഗരസഭ കരാറിൽ ഏർപ്പെടുകയും 17/3/18 ൽ 5,19,372/- രൂപ (മെഷീന്റെ വിലയായി 4,53,772/- രൂപയും, ഇൻസ്റ്റലേഷൻ ചാർജ്ജ് 24,600/-, സൂപ്പർവിഷൻചാർജ്ജ് 41,000/- രൂപയുമടക്കം) ക്ലീൻ കേരളമിഷന് കൈമാറുകയും ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്ന് ക്ലീൻ കേരള മിഷൻ മെഷീൻ നഗരസഭയ്ക്ക് നൽകുകയോ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുകയോചെയ്തിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. കാലതാമസം വരാനുണ്ടായ കാരണം വ്യക്തമാക്കുന്നതിന് നൽകിയ എൻക്വയറിക്കുള്ള (16/16.03.2019) മറുപടിയിൽ മെഷിനറി സ്ഥാപിക്കുന്നതിനായി നിർമ്മിച്ച കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തികൾ സൈറ്റിന്റെ ചില പ്രശ്നങ്ങൾ കാരണം നിശ്ചിത സമയത്ത് പൂർത്തീകരിച്ച് എഞ്ചിനീയറിങ്ങ് വിഭാഗത്തിന് കൈമാറുന്നതിന് സാധിച്ചില്ലയെന്നും, കെട്ടിടത്തിന്റെ നിർമ്മാണം ഇപ്പോൾ പൂർത്തികരിച്ചിട്ടുണ്ടെങ്കിലും പി.ഡബ്ല്യൂ.ഡി യിൽ നിന്നും ഇലക്ട്രിഫിക്കേഷൻ അനുമതിലഭിച്ചിട്ടില്ലയെന്നും അറിയിച്ചിട്ടുണ്ട്.
അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് മുൻപെ മെഷീൻ വാങ്ങുന്നതിനുള്ള തുക ക്ലീൻ കേരളമിഷന് കൈമാറിയത് പദ്ധതിപ്പണത്തിന്റെ ചെലവ് ഉയർത്തിക്കാട്ടുന്നതിനുള്ള നടപടിയായിട്ടാണ് ഓഡിറ്റ് വിലയിരുത്തുന്നത്. നഗരസഭയുടെ 5,19,372/-രൂപ കഴിഞ്ഞ ഒരു വർഷമായി ക്ലീൻ കേരളമിഷനിൽ ഉപയോഗമില്ലാതെ കിടക്കുന്നു. മെഷീൻ സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കി വിശദാംശം ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

# 3-2-1 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ -അംഗീകാരം നേടാതെ പ്രവർത്തിക്കുന്നു

പ്രോജക്ട് – ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ അടിസ്ഥാന സൗകര്യം, ദൈനംദിന ചെലവുകൾ, അധ്യാപകർക്കുള്ള ഓണറേറിയം (പ്രോജക്ട് നമ്പർ–88/18 (സ്പിൽ ഓവർ), 89/18, 124/18)

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

ചെലവ് - 662957/- മേൽ 3 പ്രോജക്ട്കൾക്കും കൂടിയുള്ള ആകെ ചെലവ്

നഗരസഭ 2015-16 സാമ്പത്തിക വർഷത്തിൽ ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു. ഇതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന സർക്കാർ നിർദ്ദേശങ്ങൾ കൂടി പാലിക്കപ്പെടേണ്ടതുണ്ട്.

1) സ.ഉ (എം.എസ്) നം. 20/2018/ ത.സ്വ.ഭ.വ തീ.07/02/18 ഖണ്ഡിക 2 പ്രകാരം നിലവിൽ പ്രവർത്തിച്ചുവരുന്ന ബഡ്സ് സ്കൂൾ/ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ എന്നിവയ്ക്കു കുടുംബശ്രീ ജില്ലമിഷൻ കോ ഓഡിനേറ്ററുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2വർഷത്തേയ്ക്കു താല്ക്കാലിക അംഗീകാരം നൽകേണ്ടതും, ബി.ആർ.സികൾക്ക് സാമൂഹ്യനീതി വകുപ്പ് തുടർ അംഗീകാരം നൽകേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക 3 പ്രകാരം 2 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനം സ്ഥിരം

അംഗീകാരത്തിനായി അപേക്ഷ ബന്ധപ്പെട്ട വകുപ്പിന് നൽകേണ്ടതാണ്. അല്ലാത്ത പക്ഷം താത്കാലിക അംഗീകാരം സ്വയം റദ്ദാകുന്നതായിരിക്കും എന്നും വ്യക്തമാക്കിയിട്ടുണ്ട്. അംഗീകാരം സംബന്ധിച്ച രേഖകൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി 17/16.03.19 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുമതിക്കായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു എന്നാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. താത്ക്കാലികമോ/സ്ഥിരമോ ആയ അംഗീകാരം ലഭിക്കാതെയാണ് സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നത്.

മേൽ ഉത്തരവ് പ്രകാരം സാമൂഹ്യ നീതി വകുപ്പിൽ നിന്നുള്ള അനുമതി എത്രയും വേഗം വാങ്ങേണ്ടതാണ്.

2)സ.ഉ (കയ്യെഴുത്ത് )നം 144/2013/ത.സ്വ.ഭ.വ തീ.06/4/13 ഖണ്ഡിക 15 ൽ ബഡ്സ് സ്കൂൾ വികസന മനേജ്മെന്റ് സമിതി മാതൃകയിൽ ബി.ആർ.സികൾക്ക് മനേജിങ്ങ് കമ്മറ്റികൾ രൂപീകരിച്ച് ധർമ്മസ്ഥാപന സംഘ നിയമ പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനം ഇതിന് മുൻകൈ എടുക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭയിൽ നാളിതുവരെ ബി.ആർ.സിക്ക് മാനേജിങ്ങ് കമ്മറ്റി രൂപികരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടില്ല. മാനേജിങ്ങ് കമ്മറ്റി രൂപികരിക്കുന്നതിനായി യോഗം ചേർന്നുവെങ്കിലും വേണ്ടത്ര ആളുകൾ പങ്കെടുക്കാത്തതിനാൽ മീറ്റിങ്ങ് മാറ്റിവച്ചു എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്. മേൽ ഉത്തരവ് പ്രകാരമുള്ള കമ്മിറ്റി രൂപികരിച്ച് സ്ഥാപനത്തിന്റെ പുരോഗതിയ്ക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതാണ്. കമ്മിറ്റി രൂപികരിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുന്നതിനും, സ്ഥാപനത്തിന് അംഗീകാരം ലഭ്യമാക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുന്നതിലേക്ക് ജനറൽ കൗൺസിലിന്റെ ശ്രദ്ധക്ഷണിക്കുന്നു.

# 3-2-2 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ -വാഹന വാടക തനത് ഫണ്ടിൽ വകയിരുത്തിയെങ്കിലും ചെലവഴിച്ചിട്ടില്ല

പ്രോജക്ട് -ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ അടിസ്ഥാന സൗകര്യം, ഓണറേറിയം, ഭക്ഷണം, യാത്രാസൗകര്യം

പ്രോജക്ട് നമ്പർ -124/18

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

ചെലവ് -3,98,008/-

2017-18 വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്കായുള്ള മാർഗ്ഗരേഖ സ.ഉ.(എം.എസ്) നം.80/2017/ത.സ്വ.ഭ.വ തീ.03/04/2017 ഖണ്ഡിക.10.5(2) പ്രകാരം ബഡ്സ് സ്കൂൾ /ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ എന്നിവയ്ക്കായി വാഹനം വാങ്ങുന്നതിന് പകരം വാടക അടിസ്ഥാനത്തിൽ വാഹനം എടുക്കാവുന്നതും വാടക തനത് ഫണ്ടിൽ വകയിരുത്താവുന്നതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ വാഹന വാടക വികസന ഫണ്ട് (ജനറൽ) നിന്നാണ് നല്കിയിട്ടുള്ളത്. 3,60,000/-രൂപ തനത് ഫണ്ടിൽ വകയിരുത്തിയെങ്കിലും തുകയൊന്നും ചെലവഴിച്ചിട്ടില്ല. തുടർ വർഷത്തിൽ വാഹന വാടക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സർക്കാർ മാർഗ്ഗനിർദ്ദേശാനുസരണം ഫണ്ട് വകയിരുത്തുന്നതിനും ചെലവഴിക്കുന്നതിനും ശ്രദ്ധപുലർത്തേണ്ടതാണ്.

# 3-2-3 ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ-പുതിയ ക്വട്ടേഷൻ ക്ഷണിക്കാതെ പഴയ ക്വട്ടേഷൻ നിരക്കിൽ വർദ്ധനവ് വരുത്തി പുതുക്കിനൽകി

ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിലേക്ക് വാഹന സൗകര്യം നല്കുന്നതിനായി മനോജ് കുമാർ, ചന്ദിരുത്ത് ഹൗസ്, തിരുവത്ര എന്നയാളുമായി 1/8/15 ൽ (ക്വട്ടേഷൻ ക്ഷണിച്ചതിൻ പ്രകാരം) പ്രതിമാസം 29,500/-രൂപ നിരക്കിൽ വാഹന വാടക നൽകുവാൻ നഗരസഭ കരാറിൽ ഏർപ്പെടുകയും കരാർ കാലാവധി 7/16 ൽ അവസാനിക്കുകയും ചെയ്തു. തുടർന്ന് കരാർ തുക 32,500/-രൂപയായി ഉയർത്തി നല്കുവാൻ മനോജ് കുമാർ 22/8/17 ൽ അപേക്ഷ നല്കകിയതിന്റെ അടിസ്ഥാനത്തിൽ 8/9/17 ലെ 12-ാം നമ്പർ തീരുമാന പ്രകാരം വാഹന വാടക 32,500/-രൂപയായി കരാർ പുതുക്കി നല്കി.

കരാർ കാലാവധി കഴിഞ്ഞതിനു ശേഷം ക്വട്ടേഷൻ ക്ഷണിക്കാതെ വാഹന ഉടമയുടെ അപേക്ഷപ്രകാരം വാടക പുതുക്കിനല്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മനോജ് കുമാർ നേരിട്ട് നഗരസഭ കൗൺസിലിൽ അപേക്ഷ സമർപ്പിക്കുകയും 8/9/17 ലെ 12-ാം നമ്പർ തീരുമാന പ്രകാരം കരാർ പുതുക്കി നൽകുകയാണ് ചെയ്തിട്ടുള്ളത് എന്ന് അറിയിച്ചിട്ടുണ്ട്.

കരാർ കാലാവധി കഴിഞ്ഞതിനു ശേഷം ക്വട്ടേഷൻ ക്ഷണിക്കാതെ വാഹന ഉടമയുടെ അപേക്ഷപ്രകാരം വാടക കൂട്ടിനൽകിയതുകാരണം ഇതിലും കുറഞ്ഞനിരക്കിൽ ക്വട്ടേഷൻ ലഭിക്കുന്നതിനുള്ള അവസരം നഷ്ടമാവുകയും അധികചെലവിനുള്ള സാധ്യത ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. തുടർ വർഷത്തിൽ ക്വട്ടേഷൻ ക്ഷണിച്ച് കരാർ വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി പണത്തിന്റെ വിനിയോഗം നിയമാനുസൃതമാക്കുവാൻ ശ്രദ്ധപതിപ്പിക്കേണ്ടതാണ്.

# 3-3 ലൈഫ് ഭവന പദ്ധതി -തുക കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

നിർവ്വഹണം -പ്രോജക്ട് ഓഫീസർ (ദാരിദ്ര്യലഘൂകരണ വിഭാഗം)

നഗരസഭയുടെ ലൈഫ് ഭവന പദ്ധതിയുടെ താഴെപ്പറയുന്ന ഗുണഭോക്താക്കൾ 2017-18 സാമ്പത്തിക വർഷം കരാർ വച്ച് തുക കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ 2018-19 വർഷത്തിന്റെ അവസാനത്തിലും ഭവന നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട്/നമ്പർ | പേര്, മേൽവിലാസം | പദ്ധതി പ്രകാരം നൽകേണ്ട തുക | നൽകിയതുക | വീട് പൂർത്തീകരണ ഘട്ടം |
|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി (ജനറൽ)/132/18 | നിർമ്മല , മൂരാക്കൽ ഹൗസ്, വാർഡ്-13 | 240000/- | 190000/- | മെയിൻ വാർപ്പ് |
| " | റുക്കിയ കുറ്റപ്പം വീട് വാർഡ്-16 | 40000/- | 40000/- | ലിന്റൽ പൊക്കം |
| ലൈഫ് ഭവന പദ്ധതി (പട്ടിക ജാതി)/133/18 | മോഹനൻ ചിറമ്മൽ പറമ്പിൽ വാർഡ്-21 | 340000 | 120000/- | വീട് നിർമ്മാണം ആരംഭിച്ചിട്ടില്ല |
| " | സുഭദ്ര ഭരതൻ കണക്കത്ര ഹൗസ് വാർഡ് -22 | 360000/- | 220000/- | ലിന്റൽ പൊക്കം |
| ആകെ നൽകിയ തുക | | | 570000/- | |

മോഹനൻ, ചിറമ്മൽ പറമ്പിൽ എന്നയാൾക്ക് 1,20,000/-നൽകിയെങ്കിലും വഴിയുടെ തർക്കം ഉള്ളതിനാൽവീട് പണി ആരംഭിച്ചിട്ടില്ല എന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിരിക്കുന്നത്. സ്ഥലപരിശോധനയോ, പ്രവർത്തിയുടെ സ്റ്റേജ് വൈസ് റിപ്പോർട്ടോ വിലയിരുത്താതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥ തുക നൽകിയത് എന്ന് മനസ്സിലാകുന്നത്. മാനദണ്ഡങ്ങൾ പാലിക്കാതെ പദ്ധതിപ്പണം ചെലവഴിക്കുന്നത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയായി കണക്കാക്കുന്നതായിരിക്കും.

മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ച് ഓക്യുപ്പൻസി സർട്ടിഫിക്കറ്റ് ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.
(ഓഡിറ്റ് എൻക്വയറി നമ്പർ29/19.3.19)

# 3-4 ഉറവിടമാലിന്യ സംസ്ക്കരണ പദ്ധതി-ശുചിത്വമിഷൻ വിഹിതം ലഭ്യമാക്കാനുള്ള (ലഭിക്കുന്ന സാഹചര്യം ഉണ്ടായിരുന്നിട്ടും)നടപടികൾ സ്വീകരിക്കാതെ പൂർണ്ണമായും പദ്ധതിപ്പണം വിനിയോഗിച്ചു പദ്ധതി നടപ്പാക്കി

പ്രോജക്ട് - ഉറവിടമാലിന്യ സംസ്കരണ പദ്ധതി

പ്രോജക്ട് നമ്പർ - 31/18

ചെലവ് - 7,47,720/-

ബിൽ നമ്പർ -1/17-18/28.06.17, 7,47,720/-

ഉറവിടമാലിന്യ സംസ്കരണത്തിനായി 1280 വീടുകൾക്ക് 500 രൂപ നിരക്കിൽ മൺകല കമ്പോസ്റ്റ് യൂണിറ്റ് (അടങ്കൽ 500x1280=6,40,000/-) നൽകുന്നതിനായി 2016-17 വർഷത്തിൽ ആരംഭിച്ച ഈ പദ്ധതിയ്ക്ക്(136/17)ശുചിത്വമിഷൻ 20/01/17 ൽ കത്ത് നം.499/സി2/2009/എസ്.എം പ്രകാരം സാങ്കേതികാനുമതി നൽകുകയും 4,80,000/- രൂപ ശുചിത്വമിഷൻ വിഹിതമായി (75%) വകയിരുത്തുകയും ചെയ്തിരുന്നു. എന്നാൽ ടി കമ്പോസ്റ്റ് യൂണിറ്റ് ഇപ്പോൾ ലഭ്യമല്ലാത്തതിനാൽ 1,330/-രൂപ വിലയുള്ള 640 എണ്ണം (അടങ്കൽ 832000=640x1300) ബയോഡൈജസ്റ്റർ പോട്ട് സ്ഥാപിക്കുന്നതിന് അനുമതി ആവശ്യപ്പെടുകയും 2/03/17ൽ നം.499/സി2/2009/എസ്.എം ശുചിത്വമിഷൻ സാങ്കേതികാനുമതി നൽകുകയും 6,24,000/- രൂപ ശുചിത്വമിഷൻ വിഹിതമായി (75%) വകയിരുത്തുകയും ചെയ്തിരുന്നു. ശുചിത്വമിഷൻ ഡയറക്ടറുടെ ഉത്തരവ് നമ്പർ 2869/

സി2/2016 എസ്.എം തീ.2/12/16പ്രകാരം ബയോഡൈജസ്റ്റർ പോട്ടിന്റെ യൂണിറ്റ് കോസ്റ്റ്1300 ൽ നിന്നും 1,550/- രൂപയായി പുതുക്കി നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ 4/3/17 ൽ വീണ്ടും (ഫയൽ നം.H-8677/16) സാങ്കേതികാനുമതി തേടുകയും 8,30,800/- (536x1550) അടങ്കൽ തുകയ്ക്കു സാങ്കേതികാനുമതി നല്കുകയും ചെയ്തിട്ടുണ്ട്(അനുമതി പത്രത്തിന്റെ പൂർണ്ണരൂപം ഫയലിൽ ലഭ്യമാക്കിയിട്ടില്ല). 4/3/17 ൽ ലഭ്യമാക്കിയ അനുമതി പത്രത്തിൽ ശുചിത്വമിഷൻ വിഹിതം വകയിരുത്തിയിട്ടില്ല. ത.സ്വ.ഭ വിഹിതമായി 7,47,720 രൂപയും (90%) ഗുണ.വിഹിതം 83080/- (10%)വുമാണ് വകയിരുത്തിയിട്ടുള്ളത്.

20/1/17 ലും, 2/3/17 ലും ശുചിത്വമിഷൻ നല്കിയ സാങ്കേതികാനുമതിയിൽ നഗരസഭയ്ക്കു ഉറവിട മാലിന്യ സംസ്കരണത്തിനായി 23/03/12 ൽ 2,06,333/- രൂപ സബ്സിഡി നല്കിയതിന്റെ ധനവിനിയോഗ സർട്ടിഫിക്കറ്റ് ശുചിത്വമിഷന് നൽകുവാൻ പലപ്രാവശ്യം ആവശ്യപ്പെട്ടുവെങ്കിലും നാളിതുവരെ ലഭ്യമാക്കായിട്ടില്ലായെന്നും ആയത് ലഭ്യമാക്കുകയോ അല്ലെങ്കിൽ ലഭ്യമാക്കിയ തുക പലിശ സഹിതം തിരിച്ചടവാക്കുകയോ ചെയ്തതിനുശേഷം മാത്രം ഇപ്പോൾ അനുമതി നൽകുന്ന പദ്ധതിയ്ക്കുള്ള സബ്സിഡിതുക അനുവദിക്കുന്ന കാര്യം പരിഗണിക്കുകയുള്ളു എന്ന് അറിയിച്ചിട്ടുണ്ട്. (എന്നാൽ ഫയൽ പരിശോധിച്ചതിൽ ധനവിനിയോഗ സർട്ടിഫിക്കറ്റ് ശുചിത്വമിഷന് നൽകിയിട്ടില്ലയെന്നാണ് മനസ്സിലാകുന്നത്). ഈ സാഹചര്യം നിലനിൽക്കെ നഗരസഭ ശുചിത്വമിഷൻ വിഹിതം വകയിരുത്താതെ പദ്ധതിയുടെ 90% തുക (7,47,720 /-)പദ്ധതി വിഹിതമായും 10% ഗുണ.വിഹിതം (83,080/- ) കണക്കാക്കി പദ്ധതി നടപ്പാക്കി.

<u>അപാകതകൾ</u>

ഉറവിട മാലിന്യ സംസ്കരണ പദ്ധതിയ്ക്ക് സർക്കാർമാർഗ്ഗ നിർദ്ദേശപ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും, ശുചിത്വ മിഷനും പങ്കാളിയാണ്. 2016-17 വർഷത്തെ സബ്സിഡി മാർഗരേഖ സ.ഉ (എം.എസ് )നം.4/2016/തസ്വഭവ തീ. 11.01.16 അനുബന്ധം 15 ഖണ്ഡിക 3.8ക്രമ നം.1 പ്രകാരം 90% സബ്സിഡിയിൽ 75% ശുചിത്വ മിഷൻ മുഖേനയും 15% നഗരസഭയുമാണ് വഹിക്കേണ്ടത്. 90% തുകയുംപദ്ധതി വിഹിതമാണ് ചെലവഴിച്ചിട്ടുള്ളത്. ചെലവഴിച്ച 7,47,720/-രൂപയുടെ 75%തുകയായ 5,60,790/- ശുചിത്വ മിഷനിൽ നിന്നും ലഭിക്കേണ്ടതായിരുന്നു. ഉറവിട മാലിന്യ സംസ്കരണത്തിനായി 23/03/12 ൽ 2,06,333/- രൂപ സബ്സിഡി നല്കിയതിന്റെ ധനവിനിയോഗ സർട്ടിഫിക്കറ്റ് ശുചിത്വമിഷന് നൽകാതിരുന്നതിനാൽ ശുചിത്വ മിഷൻ സാങ്കേതികാനുമതിയിൽ മേൽ തുക വകയിരുത്തുകയോ നൽകുകയോ ചെയ്തിട്ടില്ല. മാർഗ്ഗരേഖയിൽ പറഞ്ഞതിലും അധികരിച്ച് പദ്ധതി തുക ചെലവഴിച്ചിരിക്കുന്നു. ശുചിത്വ മിഷൻ വിഹിതം നൽകാൻ തയ്യാറായിട്ടും മുൻപ് നൽകിയ തുകയുടെ വിനിയോഗവിവരം നൽകാത്തതിനാൽ നഗരസഭയ്ക്കു മേൽതുക നഷ്ടമായി. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്കുള്ള ((32/19.3.19)മറുപടിയിൽ ഫയൽ പരിശോധിച്ച് റിപ്പോർട്ട് പിന്നീട് സമർപ്പിക്കാം എന്നാണ് അറിയിച്ചിട്ടുള്ളത്. ശുചിത്വ മിഷൻ ആവശ്യപ്പെട്ടതു പ്രകാരമുള്ള രേഖകൾ നൽകി തുടർ വർഷങ്ങളിൽ ഇത്തരം പദ്ധതികൾക്ക് ലഭിക്കേണ്ട വിഹിതം നഷ്ടപ്പെടാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-5 താലൂക്ക് ആശുപത്രി മെഡിക്കൽ ലാബിലേക്ക് മെഡിക്കൽ റിയേജന്റുകളും ഉപകരണങ്ങളും വാങ്ങൽ - പ്രൊക്യുർമെന്റ് നടപടിക്രമങ്ങൾ പാലിച്ചില്ല.

പ്രോജക്ടിന്റെ പേര്: താലൂക്ക് ആശുപത്രി മെഡിക്കൽ ലാബിലേക്ക് മെഡിക്കൽ

റിയേജന്റുകളും ഉപകരണങ്ങളും വാങ്ങൽ (പ്രോജക്ട് നമ്പർ 154/18)

നിർവ്വഹണ ഉദ്യോഗസ്ഥ : സൂപ്രണ്ട്, താലൂക്ക് ആശുപത്രി

പ്രൊജക്ട് അടങ്കൽ - 6,60,000/- (മെയിന്റനൻസ് ഫണ്ട് - നോൺ റോഡ്)

ചെലവഴിച്ചത് - 5,57,895/-

വിവിധ പദ്ധതികളിലായി ചെലവഴിച്ച തുകയ്ക്കുള്ള താഴെ പറയുന്ന ചെലവ് രേഖകളും രജിസ്റ്ററുകളും ഓഡിറ്റിന് ലഭ്യമാക്കിയില്ല. (ഓഡിറ്റ് അന്വേഷണം നമ്പർ - 11/17-18)

***(എ) പ്രൊജക്ടിന്റെ പേര്: താലൂക്ക് ആശുപത്രി മെഡിക്കൽ ലാബിലേക്ക് മെഡിക്കൽ***

***റിയേജന്റുകളും ഉപകരണങ്ങളും വാങ്ങൽ (പ്രോജക്ട് നമ്പർ 154/18)***

നിർവ്വഹണ ഉദ്യോഗസ്ഥ – സൂപ്രണ്ട്, താലൂക്ക് ആശുപത്രി

1. ബിൽ നം.09/17-18 തീയതി 20/10/17 – 2,68,707/- രൂപ

2. ബിൽ നം.10/17-18 തീയതി 09/01/18 – 1,12,368/- രൂപ

3. ബിൽ നം.14/17-18 തീയതി 24/11/18 – 1,55,836/- രൂപ

4. ബിൽ നം.20/17-18 തീയതി 09/03/18 – 20,984/- രൂപ

(ലാബ് റീയേജന്റ് - 4,76,911/-, ഓക്സിജൻ സിലിണ്ടർ - 60,000/-, ബൈനോക്കുലർ

മൈക്രോസ്കോപ്പ് - 20,984/-)

**(എ) *ആശുപത്രിയിലെ ലാബിലേക്ക് സാധനസാമഗ്രികൾ വാങ്ങൽ (ലാബ് റിയേജന്റുകൾ മുതലായവ) – ദർഘാസ് പരസ്യം പ്രസിദ്ധീകരിച്ചതിലെ അപാകതകൾ***

2017-18 ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 2-7 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങലുകൾക്ക് സ.ഉ.(പി)നം.259/10/തസ്വഭവ തീയതി 08-11-2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയാണ് ബാധകം. മേൽ മാർഗ്ഗരേഖ പ്രകാരം മതിപ്പുവില 1,00,000/- രൂപയിൽ കൂടുതലുള്ള എല്ലാ വാങ്ങലുകൾക്കും ഓപ്പൺ ടെണ്ടർ രീതി അവലംബിക്കേണ്ടതാണ്. വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും മലയാളം ദിനപത്രത്തിലും പരസ്യം നൽകേണ്ടതാണ്. പരസ്യതീയതി മുതൽ 21 ദിവസം ടെണ്ടർ ഫോറം വില്പന നടത്തേണ്ടതാണ്. 1,00,000 രൂപ മുതൽ 10,00,000 രൂപ വരെ അടങ്കലുള്ള പദ്ധതികൾക്ക് ടെണ്ടർ ഫോറം വില 200 രൂപയും നികുതിയും ആയിരിക്കുന്നതാണ്. 2013 ലെ കേരള സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരം ഇ.എം.ഡി എസ്റ്റിമേറ്റ് തുകയുടെ 1% ഉം, പെർഫോർമൻസ് സെക്യൂരിറ്റി എസ്റ്റിമേറ്റ് തുകയുടെ 5% ഉം ആയിരിക്കുന്നതാണ്.

ഫയലിൽ ഉള്ള ദർഘാസ് പരസ്യ പ്രകാരം ടെണ്ടർ ഫോറം വില്പനയുടെ അവസാന തീയതി 26-10-2017 ഉം, ടെണ്ടർ തുറക്കുന്ന തീയതി 27-10-2017 ഉം ആണ്. എന്നാൽ ടെണ്ടർ പരസ്യം പ്രസിദ്ധീകരിച്ചിരിക്കുന്നത് 22/10/2017 ലെ ജന്മഭൂമി പത്രത്തിൽ മാത്രമാണ്. വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും മലയാളം ദിനപത്രത്തിലും പരസ്യം നൽകേണ്ടതാണെന്ന നിബന്ധന പാലിക്കപ്പെട്ടിട്ടില്ല. മാത്രമല്ല ടെണ്ടർ ഫോറം വില്പനയുടെ അവസാന ദിവസം 26-10-17 ആയിരിക്കെ, 21 ദിവസം മുൻപ് പരസ്യം പ്രസിദ്ധീകരിക്കണം എന്ന നിബന്ധനയും പാലിക്കപ്പെട്ടിട്ടില്ല. വെറും നാല് ദിവസം മാത്രമാണ് ടെണ്ടർ ഫോം വില്പനയ്ക്ക് നൽകിയിട്ടുള്ളത്.

**(ബി) *സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടില്ല.***

01/11/2017 മുതൽ 31/10/2018 വരെയുള്ള കാലയളവിലേക്ക് നിശ്ചിത നിരക്കിൽ ലാബ് റിയേജന്റുകൾ സപ്ലൈ ചെയ്യുന്നതിന് ആർവീസ് ഡയഗ്നോസ്റ്റിക്, ബയോ ഏജൻസീസ് എന്നീ സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകിയതായി ഫയലിൽ കാണുന്നു (കത്ത് നം. ബി/2700/17 തീയതി 15/11/2017). എന്നാൽ മേൽ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ട രേഖകളോ പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കിയ വിവരങ്ങളോ ഫയലിൽ ഇല്ല.

***(സി) ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ സ്ഥാപനങ്ങളിൽ നിന്നും വാങ്ങലുകൾ നടത്തി.***

ഈ പദ്ധതിക്കായി സാധനസാമഗ്രികൾ വാങ്ങിച്ച വകയിൽ വിവിധ സ്ഥാപനങ്ങൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ബിൽ നം.09/17-18 തീയതി 20/10/17 | ബിൽ നം.10/17-18 തീയതി 09/01/18 | ബിൽ നം.14/17-18 തീയതി 24/01/18 | ആകെ തുക |
|---|---|---|---|---|
| ശ്രീ വിഗ്നേശ്വര ഗ്യാസസ് | 49,742 | 10,089 | 169 | 60,000 |
| ആർവീസ് ഡയഗ്നോസ്റ്റിക്സ് | 91,933 | 82,799 | 51,620 | 2,26,352 |
| ആൽകെമി ഡയഗ്നോസ്റ്റിക്സ് | 58,654 | - | 68,605 | 1,27,259 |
| ബയോ ഏജൻസീസ് | 6,048 | 4,400 | 23,894 | 34,342 |
| എബിസി ഡയഗ്നോസ്റ്റിക്സ് | 49,440 | 15,080 | 11,548 | 76,068 |
| ആസ്പെൻ ഡയഗ്നോസ്റ്റിക്സ് | 12,890 | - | - | 12,890 |
| ആകെ | 2,68,707 | 1,12,368 | 1,55,836 | 5,36,911 |

എന്നാൽ ഫയൽ പ്രകാരം ടെണ്ടറിൽ പങ്കെടുത്തത് ആർവീസ് ഡയഗ്നോസ്റ്റിക്, ബയോ ഏജൻസീസ്, എബിസി ഡയഗ്നോസ്റ്റിക്സ് എന്നീ സ്ഥാപനങ്ങൾ മാത്രമാണ്. ആൽകെമി ഡയഗ്നോസ്റ്റിക്സ്, ആസ്പെൻ ഡയഗ്നോസ്റ്റിക്സ് എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങലുകൾ നടത്തിയത് ടെണ്ടർ നടപടികൾ ഇല്ലാതെയാണ്.

ഈ പദ്ധതിയിൽ ഓക്സിജൻ ഗ്യാസ് സിലിണ്ടർ വാങ്ങുന്നതിനായി 60,000/- ചെലവഴിച്ചിട്ടുണ്ട്. പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം 50,000/- രൂപയിലധികമുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ രീതി അവലംബിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഓക്സിജൻ സിലിണ്ടർ

വാങ്ങലിനായി ലിമിറ്റഡ് ടെണ്ടർ നടപടികൾ സ്വീകരിച്ചതായി ഫയലിൽ കാണുന്നില്ല. ഓക്സിജൻ വാങ്ങലിനായി ശ്രീ വിഗ്നേശ്വര ഗ്യാസസ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തത് എപ്രകാരമാണെന്ന് വ്യക്തമല്ല.

***(ഡി) ലാബ് റിയേജന്റുകൾ വാങ്ങിയത് ടെണ്ടറിലെ വിലയേക്കാൾ അധിക വില നൽകി***

ലാബ് റിയേജന്റുകൾ ലഭ്യമാക്കിയത് ടെണ്ടറിൽ ക്വോട്ട് ചെയ്ത വിലയ്ക്കാണോ എന്ന് ഉറപ്പ് വരുത്തിയില്ല. ഉദാഹരണമായി ആർവീസ് ഡയഗ്നോസ്റ്റിക് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയ താഴെ പറയുന്ന ഇനങ്ങൾക്ക് ടി സ്ഥാപനം ടെണ്ടറിൽ ക്വോട്ട് ചെയ്ത വിലയേക്കാൾ അധികം നൽകിയിട്ടുണ്ട്.

| ക്രമനമ്പർ | ബിൽ നം. / തീയതി | ഇനം | ബില്ലിലെ യൂണിറ്റ് വില | ടെണ്ടർ യൂണിറ്റ് വില | വാങ്ങിയ യൂണിറ്റ് എണ്ണം | നൽകിയ വില | ടെണ്ടർ വില | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|
| 1 | AD/0803/17-18 Dtd.30.06.17 | Troponine 1 Card | 136.70 | 105 | 10 | 1367 | 1050 | 317 |
| | | Sodium Citrate | 80.94 | 67.20 | 2 | 161.88 | 134.40 | 27.48 |
| 2 | AD/0751/17-18 Dtd.27.06.17 | Troponine 1 Card | 136.70 | 105 | 20 | 2734 | 2100 | 634 |
| 3 | AD/0208/17-18 Dtd.20.07.17 | Troponine 1 Card | 136.70 | 105 | 19 | 2597 | 1995 | 602 |
| 4 | AD/0645/17-18 Dtd.29.08.17 | Troponine 1 Card | 136.70 | 105 | 30 | 4101 | 3150 | 951 |
| | | Sodium Citrate | 80.94 | 67.20 | 2 | 161.88 | 134.40 | 27.48 |
| | | Barium Chloride | 90.46 | 67.20 | 1 | 90.46 | 67.20 | 23.20 |
| | | ആകെ | | | | | | 2582 |

അധികം നൽകിയ 2,582/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

***(ഇ) ടെണ്ടർ ഇനങ്ങളിൽ ഉൾപ്പെടാത്ത സാധനസാമഗ്രികൾ വാങ്ങി.***

ടെണ്ടർ ഇനങ്ങളിൽ ഉൾപ്പെടാത്ത വിവിധ സാമഗ്രികൾ വാങ്ങിയതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

a. Urine Container red cap

b. Thermal Paper

c. CRP Turbidimetry

d. Drabkin Solution

e. Methylene blue

g. Anti B

h.Anti D IgG+

മേൽ പദ്ധതിയുടെ വാങ്ങൽ നടപടിക്രമങ്ങൾ വിലയിരുത്തുമ്പോൾ പൊതുപണത്തിന്റെ മിതവ്യയത്വം, വാങ്ങലുകളിലെ സുതാര്യത എന്നിവ ഉറപ്പു വരുത്താനായിട്ടില്ല എന്ന് കാണാം. ആവശ്യമായ എല്ലാ സാധനങ്ങളും ഉൾപ്പെടുത്തി പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കൽ, ടെണ്ടർ ക്ഷണിക്കൽ, കരാർ ഉറപ്പിക്കൽ, ടെണ്ടർ വിലയ്ക്ക് സാധനം ലഭ്യമായെന്ന് ഉറപ്പു വരുത്തൽ എന്നീ ഘട്ടങ്ങളിലെല്ലാം വീഴ്ച സംഭവിച്ചതായി കാണുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നമ്പർ -11/17-18 തീയതി 16/03/19.
ലാബ് റിയേജന്റുകൾ, ഓക്സിജൻ സിലിണ്ടർ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ ഫയലുകൾക്കൊപ്പം ഓഡിറ്റിന് ലഭ്യമാക്കിയില്ല.

(1)മേൽ പദ്ധതിയിൽ ലാബ് റിയേജന്റുകൾ, ഓക്സിജൻ എന്നിവ വാങ്ങുന്നതിനായി ചെലവഴിച്ച 5,36,911/- രൂപ സ്റ്റോക്ക് രജിസ്റ്ററുകളും ഫയലും ഓഡിറ്റിന് ലഭ്യമാക്കുന്നത് വരെ തടസ്സപ്പെടുത്തുന്നു. മേൽ തുകയിൽ ഉൾപ്പെടുന്ന ബിൽ നം.10/17-18 തീയതി 09/01/18 പ്രകാരം നൽകിയ 1,12,368/- രൂപയിൽ ബയോ ഏജൻസീസിന് നൽകിയ 4,400/- രൂപയുടെ വൗച്ചർ ഓഡിറ്റിന് ലഭ്യമാക്കിയില്ല. സ്റ്റോക്ക് രജിസ്റ്റർ, ഫയൽ, വൗച്ചറുകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കി 5,36,911/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

# 3-6 ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല – ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു

സ്റ്റോക്ക് രജിസ്റ്റർ, ചെലവ് രേഖകൾ എന്നിവ ഇല്ലാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

*(എ) പ്രൊജക്ടിന്റെ പേര്: ചാവക്കാട് നഗരസഭ ആശുപത്രിയിലേക്ക് സാധനസാമഗ്രികൾ വാങ്ങൽ (പ്രോജക്ട് നമ്പർ 237/18)*

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ സൂപ്രണ്ട്, താലൂക്ക് ആശുപത്രി, ചാവക്കാട്

ബിൽ നം.12/17-18 തീയതി 24/01/18 പ്രകാരം 1,50,000/- രൂപ റഫ്രിജിറേറ്റർ വാങ്ങുന്നതിനും ബിൽ നം. 19/17-18 തീയതി 12/03/18 പ്രകാരം 1,16,932/- രൂപ എക്സ്-റേ ഫിലിം വാങ്ങുന്നതിനും ചെലവഴിച്ചിട്ടുണ്ട്. ഇവയുടെ സ്റ്റോക്ക് രജിസ്റ്റർ ഫയലിനൊപ്പം ഓഡിറ്റിന് ലഭ്യമാക്കിയില്ല. ചെലവായ തുകയായ 2,66,932/- രൂപ തടസ്സപ്പെടുത്തുന്നു. സ്റ്റോക്ക് രജിസ്റ്റർ, ഫയൽ എന്നിവ ഓഡിറ്റിന് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

*(ബി) പ്രൊജക്ടിന്റെ പേര്: ചാവക്കാട് നഗരസഭ ആശുപത്രി മാലിന്യ സംസ്കരണ പ്ലാന്റ് എ.എം.സി. (പ്രോജക്ട് നമ്പർ 108/18)*

മേൽ പദ്ധതിക്കായി ബിൽ നം.04/17-18 തീയതി 18/08/17 പ്രകാരം 16,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കുന്നത് വരെ 16,000/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-7 കാഷ് ബുക്ക് ശരിയായ മാതൃകയിൽ എഴുതി സൂക്ഷിക്കുന്നില്ല

താലൂക്ക് ആശുപത്രി സൂപ്രണ്ട് കാഷ്ബുക്ക് ടി.ആർ 7എ ഫോം മാതൃകയിൽ സൂക്ഷിക്കുന്നില്ല. നിലവിലെ കാഷ്ബുക്കിൽ വരവ് ഭാഗത്തെ അതേ തുക തന്നെ ചെലവ് ഭാഗത്തും എഴുതി വരുന്നതായി കാണുന്നു. കാഷ്ബുക്കിൽ "To Whom paid or Sent" എന്ന കോളത്തിൽ ആർക്കാണ് പെയ്മെന്റ് നൽകിയത് എന്ന് കാണിക്കുന്നില്ല. അതിനാൽ കാഷ്ബുക്കിൽ വരവ് ഭാഗത്ത് എടുത്ത തുക ഏതെല്ലാം ഗുണഭോക്താക്കൾക്കാണ് നൽകിയത് എന്ന വിവരം കാഷ്ബുക്കിൽ ലഭ്യമല്ല. അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-8 സാന്ത്വന പരിചരണ പദ്ധതി - അപാകതകൾ

പ്രൊജക്ടിന്റെ പേര് : സാന്ത്വന പരിചരണ പദ്ധതി (പ്രോജക്ട് നമ്പർ 148/18)

നിർവ്വഹണ ഉദ്യോഗസ്ഥൻ : സൂപ്രണ്ട് താലൂക്ക് ആശുപത്രി

പ്രൊജക്ട് അടങ്കല് -8,00,000/-

ചെലവഴിച്ചത് - 7,54,481/-

1. ബിൽ നം. 03/17-18 തീയതി 31/07/17 – 1,19,592/-

2. ബിൽ നം. 05/17-18 തീയതി 18/08/17 – 55,625/-

3. ബിൽ നം. 07/17-18 തീയതി 28/09/17 – 59,065/-

4. ബിൽ നം. 08/17-18 തീയതി 17/10/17 – 26,875/-

5 ബിൽ നം. 11/17-18 തീയതി 09/01/18 – 87,905/-

6. ബിൽ നം. 13/17-18 തീയതി 24/01/18 – 1,11,857/-

7. ബിൽ നം. 15/17-18 തീയതി 19/02/18 – 1,50,567/-

8. ബിൽ നം.18/17-18 തീയതി 12/03/18 – 67,835/-

9. ബിൽ നം. 23/17-18 തീയതി 24/03/18 –75,160/-

1. പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ (സ.ഉ.(സാധാ)നം.3217/15/തസ്വഭവ. തീയതി.29.10.15) ഖണ്ഡിക 8 ൽ താഴെ പറയുന്ന രജിസ്റ്ററുകളും രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയില്ല. (ഓഡിറ്റ് അന്വേഷണം നം.11/17-18)
1. പി.എം.സി യുടെ ഹാജർ, മിനിട്സ്
2. പി.ഐ.സി യുടെ ഹാജർ, മിനിട്സ്
3.അനുബന്ധം 9 പ്രകാരമുള്ള പ്രതിമാസ പ്രവർത്തന- അവലോകന റിപ്പോർട്ട്
4. അനുബന്ധം 1 പ്രകാരമുള്ള Nominal Register(Primary care)
5. Patients Status Report
6. അനുബന്ധം 2 പ്രകാരമുള്ള Followup Home care Register

7. Home care Planning register
8. അനുബന്ധം 3 പ്രകാരമുള്ള ഗൃഹസന്ദർശന വിവരങ്ങൾ
9. Home care report book
10. Volunteers register
11. മരുന്നുകൾ, ഉപകരണങ്ങൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ
12. Sub stock register
13. വാഹനം ഓടിയതുമായി ബന്ധപ്പെട്ട രേഖകൾ
14. സ്പെഷ്യൽ ഒ.പി.രജിസ്റ്റർ
15. Review register
16. Treatment record
17. Patient record
18. Staff and volunteer Attendance Register
19. Waterbed, wheel chair, Commod and other appliance movement register
20. Patients statistics register
21. Events diary
22. Receipt book (used & unused)
23. Stock register of receipt books
24. Cash and Asset donation register
25. വരവ് ചെലവ് കണക്ക് പുസ്തകം
26. അനുബന്ധം 5 പ്രകാരമുള്ള കരാർ ഉടമ്പടി
27. അനുബന്ധം 6 പ്രകാരമുള്ള ഫിസിയോ തെറാപ്പിസ്റ്റിന്റെ റിപ്പോർട്ട്
28. G.O.(P) 177/2004/Fin തിയതി 12.04.04 പ്രകാരം സൂക്ഷിക്കേണ്ട ബില്ലുകൾ, വൗച്ചറുകൾ, രജിസ്റ്ററുകൾ.
29. തദ്ദേശ സ്വയംഭരണ സ്ഥാപനതല അവലോകന യോഗ ഹാജർ
30. റിവ്യൂ മീറ്റിംഗ് റിപ്പോർട്ട് ബുക്ക്
31. സന്നദ്ധ സംഘടനകൾക്ക് മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്തതിന്റെ രജിസ്റ്റർ (സന്നദ്ധ സംഘടനകൾക്ക് വിതരണം ചെയ്തിട്ടുണ്ടെങ്കിൽ മാത്രം)

2. താഴെ പറയുന്ന ദിവസങ്ങളിൽ ഹോം കെയർ ടീമിന് പരമാവധി നൽകാവുന്ന വാഹനവാടകയേക്കാൾ അധികമായി വാഹനവാടക നൽകിയതായി കാണുന്നു. അധികമായി നൽകിയ തുകയായ 1,650/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. അധികം നൽകിയ തുക ഗുണഭോക്താവിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ അടവാക്കേണ്ടതാണ്.

| തീയതി | ബിൽനം./ വൗച്ചർനം. | നൽകിയ തുക | പരമാവധി നൽകാവുന്ന തുക | അധികമായി നൽകിയ തുക |
|---|---|---|---|---|
| 17/04/17 | 3/17-18, 99 | 1250 | 1100 | 150 |
| 21/04/17 | 3/17-18, 101 | 1250 | 1100 | 150 |
| 08/06/17 | 3/17-18, 103 | 1250 | 1100 | 150 |
| 12/06/17 | 3/17-18, 105 | 1250 | 1100 | 150 |
| 19/06/17 | 3/17-18, 107 | 1250 | 1100 | 150 |
| 17/07/17 | 5/17-18, 26 | 1250 | 1100 | 150 |
| 20/07/17 | 5/17-18, 28 | 1250 | 1100 | 150 |
| 24/07/17 | 5/17-18, 31 | 1250 | 1100 | 150 |
| 14/08/17 | 7/17-18, 35 | 1250 | 1100 | 150 |
| 23/08/17 | 7/17-18, 36 | 1250 | 1100 | 150 |
| 24/08/17 | 7/17-18, 37 | 1250 | 1100 | 150 |
| ആകെ | | 13,750 | 12,100 | 1650 |

# 3-9 മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല.

മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ 2017-18 വർഷത്തിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക 8,53,426 രൂപ നാളിതുവരെയായി ക്രമീകരിച്ചിട്ടില്ലായെന്ന് കാണുന്നു. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ ക്രമീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമെന്നറിയിച്ചിട്ടുണ്ട്. ജി.ഒ(പി)419/11 ധന 4/10/11 കെ.എഫ്.സി അനുഛേദം 99 പ്രകാരം താൽകാലിക അഡ്വാൻസുകൾ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം ബിൽ സമർപ്പിച്ചിട്ടും പൂർണ്ണമായും വിനിയോഗിക്കാത്ത അഡ്വാൻസ് തുകക്ക് വർഷത്തേക്ക് 18 ശതമാനം നിരക്കിൽ പലിശ ഈടാക്കണം. സമയ പരിധിക്കകം

അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴവൻ മുൻകൂർ തുകയും പലിശ സഹിതം അടിയന്തിരമായി തിരിച്ചുപിടിക്കാൻ നടപടികൾ സ്വീകരിക്കണം.

## 3-10 വാഹന പരിപാലനം അപാകതകൾ

നഗരസഭയിൽ ഉപയോഗത്തിലിരിക്കുന്ന ബൊലറോ ജീപ്പ് കെ.എൽ.46.ബി-7225, സ്വിഫ്റ്റ് കാർ കെ.എൽ46എഫ് 230, കെ.എൽ 46 എഫ് 7473, കെ.എൽ 46 9457 ട്രാക്ടറുകൾ എന്നിവയുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) ലോഗ് ബുക്ക് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) ഇന്ധനക്ഷമതാ സാക്ഷ്യപത്രം ലോഗ് ബുക്കിൽ പതിച്ച് സൂക്ഷിച്ചിട്ടില്ല.

3) വാഹന ഉപയോഗത്തെ കുറിച്ചുള്ള പ്രതിമാസ സംക്ഷിപ്തവും, വാഹനത്തിൽ ഇന്ധനം നിറക്കുന്നതും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

കെ.എൽ.46.ബി-7225 ബൊലറോ ജീപ്പ് 215000 കിലോമീറ്ററിലധികം ഉപയോഗിച്ചതായും ടി വാഹനത്തിന്റെ കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ റിപ്പയർ ചെലവുകൾ (91,000 രൂപ) മതിപ്പുവിലയേക്കാൾ (85,000 രൂപ) അധികരിക്കുന്നതായും കാണുന്നു. ഇക്കാര്യത്തിൽ 10/5/76 ലെ ജി.ഒ.(എം.എസ്)110/76 വാഹനങ്ങൾ കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

വാഹനത്തിന്റെ ഉപയോഗത്തെക്കുറിച്ച് ചട്ടപ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 3-11 സോളാർ ഫിഷ് ഡ്രൈയിംഗ് യൂണിറ്റ് കൈമാറുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കണം

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നിർമ്മിച്ച് 22/8/16 തിയ്യതി നഗരസഭക്ക് കൈമാറിയിട്ടുള്ള സോളാർ ഫിഷ് ഡ്രൈയിംഗ് യൂണിറ്റ് നാളിതുവരെയായി ഉപയാഗിക്കുന്നില്ലായെന്നും, വാടകക്ക് കൊടുത്തിട്ടില്ലായെന്നും കാണുന്നു. കൈമാറി കിട്ടിയ സ്ഥാപനമായതിനാൽ നിലവിൽ സ്ഥാപനത്തിന്റെ വൈദ്യുതി ബിൽ നഗരസഭയിൽ നിന്നാണ് അടവാക്കുന്നത്. പ്രവർത്തിക്കാതെയിരിക്കുന്ന സ്ഥാപനമായതിനാൽ KSEB യിൽ നിന്ന് അർഹമായ താരിഫ് ഇളവുകൾ നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള സാഫ്(വനിതാ മത്സ്യ തൊഴിലാളി യൂണിറ്റ് )എന്ന സ്ഥാപനത്തിന് കൈമാറണമെന്ന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുള്ളതായും കൈമാറ്റത്തിനുള്ള കരട് കരാർ തയ്യാറാക്കി നൽകിയിട്ടുണ്ടെങ്കിലും തുടർനടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ലെന്നും കാണുന്നു. ടി പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തിയാക്കി സ്ഥാപനം വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 ലീഗൽ ചാർജ്ജസ്- സ്രോതസ്സിൽ നിന്ന് ആദായ നികുതി ഈടാക്കിയിട്ടില്ല.

നഗരസഭയുടെ വിവിധ കേസുകളിൽ ഹാജരായതിന് അഡ്വ. ശ്രീ. സുജിൻ എസ്. ന് ചെക്ക് നമ്പർ 418121, വൗച്ചർ നമ്പർ 41/4-17, ചെക്ക് നമ്പർ 019088, വൗച്ചർ നമ്പർ 50/3-18 ലായി യഥാക്രമം 4,500 രൂപ, 40,500 രൂപ ആകെ 45,000 രൂപ നൽകിയിട്ടുണ്ട്. ക്ലറിക്കൽ ചാർജ്ജിനത്തിൽ നൽകിയ 5,000 രൂപ കുറവ് ചെയ്താൽ ബാക്കി 40,000 രൂപ നൽകിയതിൽ ഇൻകം ടാക്സ് ആക്റ്റ് 194 ജെ. പ്രകാരം 30,000 രൂപയിൽ അധികമായി നൽകുന്ന ഫീസ് തുകയുടെ 10 ശതമാനം ആദായ നികുതി പിടിച്ച് അടവാക്കേണ്ടതായിരുന്നു. എന്നാൽ ആയത് അടവാക്കിയിട്ടില്ലെന്ന് പരിശോധനയിൽ കാണുന്നു. മേലിൽ ആയത് വീഴ്ച വരുത്താതെ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സ്യൂട്ട് രജിസ്റ്ററിൽ ലീഗൽ ചാർജ്ജ് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുകയോ, ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. സ്യൂട്ട് രജിസ്റ്ററിൽ ബന്ധപ്പെട്ട എല്ലാ വിവരങ്ങളും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 3-13 വെള്ളക്കരം -സംയുക്ത പരിശേധന നടപടികൾ എത്രയും വേഗം പൂർത്തിയാക്കണം.

നഗരസഭയിൽ നിലവിലുള്ള 238 പൊതുടാപ്പുകളുടെ ഡിസംബർ /17 മാസത്തെ വെള്ളക്കരമിനത്തിൽ തൻമാസ ഡിമാന്റും, കുടിശ്ശികയും, പിഴയും സഹിതം 2,44,90,955 രൂപയുടെ ഡിമാന്റ് കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിച്ചിട്ടുള്ളതും 1,56,366 രൂപ അടവാക്കിയിട്ടുള്ളതുമാണ്. (വൗച്ചർ നമ്പർ 16 തി.3-1-18) ഇത്രയും വലിയ തുകക്കുള്ള ഡിമാന്റ് ലഭിക്കാനുള്ള സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം 25-3-11 തിയ്യതി നടത്തിയ സംയുക്ത പരിശോധനയിൽ ഉപയോഗശൂന്യമായി കണ്ടെത്തിയ 114 ടാപ്പുകളുടെ കരം നാളിതുവരെയായി ഒഴിവാക്കിയിട്ടില്ലെന്നും ആയത് ഒഴിവാക്കുന്നതിനായി വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയെങ്കിലും അനുകൂല നടപടികൾ ഉണ്ടാകാത്ത സാഹചര്യത്തിൽ ജലസേചന വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥർക്ക് കത്ത് നൽകിയിട്ടുണ്ടെന്നുമാണറിയിച്ചിരിക്കുന്നത്. 1/3/19 ന് സംയുക്തപരിശോധന നടത്തുന്നതിനായി

വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുള്ളതിൽ നടപടികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കേണ്ടതും, കുടിശ്ശികയും മറ്റും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 3-14 മാർഗ്ഗരേഖയിൽ നിഷ്കർഷിക്കാത്ത പദ്ധതിക്ക് പ്രത്യേകാനുമതി തേടിയിട്ടില്ല.

പദ്ധതി നമ്പർ-213/18 ജയ് ഹിന്ദ്, ജയ് ഹിന്ദി (ഹിന്ദി ഭാഷാ പരിജ്ഞാന പദ്ധതി)

അടങ്കൽ-2,44,031

ചെലവ് - 2,44,031

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഹെഡ് മാസ്റ്റർ ഗവ.ഹൈസ്കൂൾ.

മേൽ പദ്ധതിയനുസരിച്ച് 15-60 വയസ്സുള്ള 48 ഗുണഭോക്താക്കൾക്ക് ഹിന്ദി ഭാഷാ പരിജ്ഞാനം നൽകി സർട്ടിഫിക്കറ്റ് നൽകിയതിന് കേന്ദ്ര സർക്കാർ ഏജൻസിയായ ദക്ഷിൺ ഭാരത് ഹിന്ദി പ്രചാർ സഭക്ക് kmt/02/17-18/346 തിയ്യതി 2/3/18 പ്രകാരം 2,44,031 രൂപ നൽകിയിട്ടുണ്ട്. 13ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ(എം.എസ്)നം 80/17/എൽ.എസ്.ജി.ഡി. തിയ്യതി 3/4/17 പ്രകാരം ഇത്തരം പദ്ധതികൾ ഏറ്റെടുത്ത് നടത്താവുന്നതല്ല. ഒരു നൂതന പദ്ധതിയാണെങ്കിലും സർക്കാരിന്റെ പ്രത്യേകാനുമതി തേടിയ ശേഷമേ മേലിൽ ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതായിരിക്കും ഉചിതം.

# 3-15 എസ്.സി കുട്ടികൾക്ക് സൈക്കിൾ വിതരണം -അവശ്യ രേഖകൾ മുഴുവൻ ഹാജരാക്കിയിട്ടില്ല.

പദ്ധതി നമ്പർ -SO/128/18

എസ്.സി കുട്ടികൾക്ക് സൈക്കിൾ വിതരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഹെഡ് മാസ്റ്റർ ഗവ ഹൈസ്കൂൾ, മണത്തല

അടങ്കൽ-2,50,000

ചെലവ്- 1,81,190

ബിൽ നമ്പർ-575 തിയ്യതി- 13-3-18

സഫാരി സൈക്കിൾസ് മലപ്പുറം.

ഹെഡ് മാസ്റ്റർ ഗവ ഹൈസ്കൂൾ നിർവ്വഹണം നടത്തിയ എസ്.സി കുട്ടികൾക്ക് സൈക്കിൾ നൽകുക എന്ന പദ്ധതി പരിശോധിച്ചതിൽ പട്ടിക ജാതി വികസന വകുപ്പിൽ നിന്ന് ഈ ആനുകൂല്യം മുൻപ് ലഭ്യമായിട്ടില്ലെന്ന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ നൽകിയ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്ന് കണ്ടു. ഇത് ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം ആയത് ലഭ്യമായിട്ടില്ലെന്നാണറിയിച്ചിരിക്കുന്നത്. മേൽ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക 1,81,190 രൂപ തടസ്സപ്പെടുത്തുന്നു.

# 3-16 ഷീ സ്റ്റേ പദ്ധതി - എസ്റ്റിമേറ്റിൽ തെറ്റായി കോസ്റ്റ് ഇൻഡക്സ് കണക്കാക്കി- ലക്ഷങ്ങളുടെ വ്യത്യാസം

പ്രോ.നം.182/18

നിർവ്വഹണ ഏജൻസി -നിർമ്മിതി കേന്ദ്ര, തൃശ്ശൂർ

അടങ്കൽ - 2,40,00,000/-

കരാർ തീയ്യതി - 19-12-17

ട്രഷറി ബിൽ നം. 50/25-1-18 Rs.20,00,000

" 60/14-3-18 Rs.25,00,000

" 62/20-3-18 Rs. 25,00,000

" 65/26-3-18 Rs.25,00,000

Rs.95,00,000/-

ബന്ധപ്പെട്ട പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി ലഭിച്ചിരിക്കുന്നത് 30-10-17 നാണ്(No.29/17-18/RNK/TSR). സാങ്കേതിക അനുമതി നല്കിയിരിക്കുന്നത് നിർമ്മിതി കേന്ദ്രയുടെ ടെക്നിക്കൽ കമ്മറ്റിയാണ്. DSR 2016 നിരക്കിന്മേൽ 1-10-17 മുതൽ ബാധകമായ cost index 37.25% ആണ്. എന്നാൽ അതിനു മുൻപ് ബാധകമായ 40.2% ആണ് എസ്റ്റിമേറ്റിൽ എടുത്തിരിക്കുന്നത്. എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി ലഭിച്ചിരിക്കുന്നത് 30-10-17 ന് മാത്രമായതിനാൽ 40.2% കണക്കാക്കിയത് അംഗീകരിക്കാനാവില്ല. 2,40,00,000/- രൂപ എസ്റ്റിമേറ്റുള്ള മേൽ പ്രവൃത്തിയിൽ ഇത് ഏകദേശം ആറ് ലക്ഷത്തോളം രൂപയുടെ വ്യത്യാസമുണ്ടാക്കുന്നതാണ്. മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിശോധിച്ച മുനിസിപ്പാലിറ്റിയിലെ ഒന്നാം ഗ്രേഡ് ഓവർസിയർ 16-11-17 ലെ നോട്ടിൽ ഇനം 3,13 എന്നിവ ഒഴികെയുള്ളവയുടെ നിരക്ക് Price Software ലെ 37.25% cost index പ്രകാരമുള്ള നിരക്കിനേക്കാൾ കുറവാണ് നിർമ്മിതിയുടെ എസ്റ്റിമേറ്റ് നിരക്ക് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് 16-11-17 ൽ അസി.എഞ്ചിനീയറും, 18-11-17ൽ മുനിസിപ്പൽ എഞ്ചിനിയറും ഇക്കാര്യം അംഗീകരിക്കുകയും, തുടർന്ന് പ്രവൃത്തി നിർമ്മിതിയെ ഏല്പിക്കുന്നതിനും, 20% അഡ്വാൻസ് അനുവദിക്കുവാനും കൗൺസിൽ തീരുമാനിക്കുകയുമായിരുന്നു (28-11-17 ലെ 30ം നം തീരുമാനം). എന്നാൽ നിർമ്മിതിക്ക് കരാറുകാരന്റെ ലാഭവിഹിതം, ഓവർഹെഡ് ചാർജ്ജ് എന്നിവ അനുവദിക്കാനാകില്ലെന്നും, ഇവ ഒഴിവാക്കിയുള്ള നിരക്കിന്മേൽ 37.25% ആണ് കണക്കാക്കേണ്ടിയിരുന്നത് എന്നത് മരാമത്ത് വിഭാഗം പരിഗണിച്ചതായി കാണുന്നില്ല. മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ ഇനിയും അനുവദിച്ചിട്ടില്ല എന്നതിനാൽ ഇക്കാര്യം പരിഗണിച്ച് മാത്രമേ ഫൈനൽ ബിൽ അനുവദിക്കാവൂ എന്ന് ഓഡിറ്റിൽ അഭിപ്രായപ്പെടുന്നു. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/18-3-19) മറുപടി ലഭ്യമാക്കിയില്ല.

മറ്റ് അപാകതകൾ

കരാർ പ്രകാരം പൂർത്തീകരണ തീയ്യതി 18-12-18 ആയിരുന്നു. എന്നാൽ ഓഡിറ്റ് തീയ്യതി വരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയോ കരാർ ദീർഘീകരണത്തിന് അപേക്ഷിക്കുകയോ ചെയ്തിട്ടില്ല. KPWD Manual,2012 സെക്ഷൻ 2112-1 പ്രകാരം ദീർഘീകരണം ലഭ്യമാകാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമായി കണക്കാക്കേണ്ടതും ആയതിന് തുക അനുവദിക്കേണ്ടതില്ലാത്തതുമാണ്.

മാത്രമല്ല, എഗ്രിമെന്റിലെ 13ാം ഖണ്ഡികപ്രകാരം നിർമ്മിതിയിൽനിന്നും നിയമാനുസൃത പിഴ ഈടാക്കേണ്ടതുമാണ്.

# 3-17 ടാർ വാങ്ങുന്നതിന് തനത് ഫണ്ടിൽനിന്നും ചെലവഴിച്ച 293000/- രൂപ തിരികെ അടവാക്കിയില്ല.

2016-17 വർഷത്തിൽ ടാർ വാങ്ങുന്നതിനായി 385 ബാരലിന് 20,85,591/- രൂപ പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച് HPCL ന് കൈമാറിയിരുന്നു. ഇതിലേക്ക് 360 ബാരൽ ടാർ ലഭിച്ചതിന് ആകെ ചെലവ് 2046380.52 രൂപയാണ്. തുടർന്ന് 60 ബാരൽ ടാർ കൂടി ആവശ്യമായി വരുകയും ഇതിലേക്ക് ബാരൽ ഒന്നിന് 5534.45 രൂപ നിരക്കിൽ 3,32,067/- രൂപ കണക്കാക്കി മുൻപ് വാങ്ങിയതിൽ ബാക്കി നിൽക്കുന്ന 39210.42 രൂപ കിഴിച്ച് ബാക്കി 2,93,000/- രൂപ വൗച്ചർ നം 21700187/19-5-17 പ്രകാരം HPCL ന് കൈമാറിയിരുന്നു. ഇതുമായി ബന്ധപ്പെട്ട കമ്മറ്റി തീരുമാനത്തിൽ പ്ലാൻഫണ്ടിൽ നിന്നും തുക പിൻവലിക്കാൻ കാലതാമസം വരുമെന്നതിനാൽ തൽക്കാലം തനത് ഫണ്ടിൽ നിന്നും തുക അനുവദിക്കാനും പിന്നീട് പ്ലാൻ ഫണ്ടിൽ നിന്നും തുക പിൻവലിച്ച് തനത് ഫണ്ടിൽ റീക്കൂപ്പ് ചെയ്യാനും തീരുമാനിച്ചിരുന്നു. ഇതിലേക്ക് ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 9708kg ടാർ 26-5-17 ൽ ലഭിക്കുകയും ആയത് 9 പ്രവൃത്തികൾക്കായി വിതരണം നടത്തിയതായും കാണുന്നു. എന്നാൽ HPCL ന്റെ ഒറിജിനൽ ഇൻവോയ്സ് പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ ടാറിന്റെ വില, HPCLൽ ബാക്കി നിന്നിരുന്ന 39210.42 രൂപ ഈ ബില്ലിൽ അഡ്ജസ്റ്റ് ചെയ്തുവോ എന്നതും പരിശോധിക്കാനായില്ല.

തനത് ഫണ്ടിൽ നിന്നും പിൻവലിച്ച 2,93,000/- രൂപ പിന്നീട് പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച് തനത് ഫണ്ടിലേക്ക് തിരികെ അടവാക്കിയതായും കാണുന്നില്ല. പ്രവൃത്തികളുടെ ഫൈനൽ ബിൽ പരിശോധിച്ചതിൽ പ്രവൃത്തിക്കായി ഉപയോഗിച്ച മുഴുവൻ ടാറിന്റേയും തുക പ്ലാൻ ഫണ്ടിൽനിന്നും പിൻവലിച്ചതായി കാണുന്നില്ല. പ്ലാൻ ഫണ്ടിൽനിന്നും ഇനി ഈ തുക പിൻവലിക്കാനാകില്ല എന്നതിനാൽ ഇത് തനത് ഫണ്ടിന് നഷ്ടം ഉണ്ടാക്കി. പ്രോജക്ടിൽ ഉൾപ്പെടുത്താതെ തനത് ഫണ്ടിൽനിന്നും തുക പിൻവലിച്ചത് ക്രമപ്രകാരമല്ല. ഇപ്രകാരം ചെയ്യാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

# 3-18 2017-18 ൽ ടാർ വാങ്ങിയത് - 114875/- രൂപ തിരികെ ലഭിച്ചില്ല

2017-18 ലെ വിവിധ പ്രവൃത്തികൾക്കായി പ്ലാൻ ഫണ്ടിൽനിന്നും 33,04,219/- രൂപ പിൻവലിച്ച് താഴെ പറയും പ്രകാരം HPCL, HINCOL എന്നിവക്കായി നല്കിയിരുന്നു.

| സ്ഥാപനം | അടവാക്കിയ തുക | ബിൽ തുക |
|---|---|---|
| M/S HPCL | 2170054 | 2060549 |
| M/S HINCOL | 1134165 | 1128794 |
| ആകെ | 3304219 | 3189343 |

മേൽ പ്രകാരം HPCL ൽനിന്നും 1,09,505/- രൂപയും HINCOL ൽനിന്നും 5,371/- രൂപയും തിരികെ ലഭിക്കാനുണ്ട്. 2018-19 വർഷത്തിലും ടാർ വാങ്ങിയെങ്കിലും ഈ തുക അതിൽ അഡ്ജസ്റ്റ് ചെയ്തതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ എത്രയും വേഗം തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# 3-19 2014-15 വർഷത്തിൽ വാങ്ങിയ 134kg ടാർ ഇനിയും ഇഷ്യൂ ചെയ്തില്ല

ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 2014-15 വർഷം വാങ്ങിയ ടാറിൽ 134kg ടാർ ഇനിയും ഇഷ്യൂ ചെയ്യാതെ ബാക്കി നിൽക്കുന്നതായി കാണുന്നു. തുടർ വർഷങ്ങളിലും ഇത് ഉപയോഗപ്പെടുത്തിയിട്ടില്ല. ഈ ടാർ സ്റ്റോക്കിലുണ്ടോ എന്ന് ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 3/13-3-19) അന്നത്തെ മുനിസിപ്പൽ എഞ്ചിനീയറുമായി ബന്ധപ്പെട്ടതിനുശേഷം മറുപടി നല്കാമെന്നാണ് അറിയിച്ചത്. ആയതിനാൽ ഇനിയും ഇഷ്യൂ ചെയ്യാതെ കാണുന്ന ടാർ സ്റ്റോക്കിലില്ലായെങ്കിൽ ആയതിന്റെ വില കണക്കാക്കി അന്നത്തെ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-20 ബിറ്റുമിന്റെ വില ഈടാക്കിയതിൽ കുറവ് -6899/- രൂപ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് അടവാക്കി.

നം. 35/18- കാരുണ്യ റോഡ് ടാറിംഗ്.

ബിറ്റുമിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ പ്രവൃത്തിക്കായി 171.50kg RS1 എമൽഷൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഫൈനൽ ബില്ലിൽ 24.75kg എമൽഷന്റെ വില മാത്രമേ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടുള്ളൂ. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് (നം.30/19-3-19) കുറവ് വന്ന 6,899/- രൂപ 21-3-18 ലെ രശീതി നം. 01/118010121901 പ്രകാരം അടവാക്കി.

# 3-21 സഹകരണ റോഡ് പുനരുദ്ധാരണം - 2016-17ൽ വാങ്ങിയ ടാർ ഇഷ്യൂ ചെയ്തു- പ്രവൃത്തി നടന്നത് 2018-19 ൽ മാത്രം.

അടങ്കൽ - 13,50,000/-

പ്രോജക്റ്റ് നം. 244/18

2016-17 ൽ വാങ്ങിയ ടാറിൽ ബാക്കി വന്ന 797.43kg ടാർ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഈ പ്രവൃത്തിക്ക് ഇഷ്യൂ ചെയ്തിട്ടുണ്ട്. തുടർന്ന് 2017-18 ൽ വാങ്ങിയ ടാറിൽ നിന്നും VG30 – 2521.281kg, RS1-213.706kg, SS1-37.183kg എന്നിങ്ങനെ ഇഷ്യൂ ചെയ്തിട്ടുണ്ട്. 2016-17 വർഷത്തെ പദ്ധതിയിൽ ഈ പദ്ധതി ഉൾപ്പെടുത്തിയിരുന്നില്ല. 2017-18 വർഷത്തിൽ പുതിയ പദ്ധതിയായി ഉൾപ്പെടുത്തിയ ഈ പ്രവൃത്തി ചെയ്തിരിക്കുന്നത് 2018-19 ൽ മാത്രമാണ്. ഓരോ വർഷവും ആ വർഷത്തേക്ക് ആവശ്യമുള്ള ടാർ മാത്രം വാങ്ങേണ്ടതും, ടാർ നേരത്തേ വാങ്ങി നല്കുന്നത് ഒഴിവാക്കുകയും വേണം.

# 3-22 സാങ്കേതിക അനുമതി ലഭിച്ചതിലും കൂടുതൽ തുക ചെലവഴിച്ചു- അധികച്ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം.214/18

കരാറുകാരൻ - പി.പി.സുനിൽകുമാർ

അടങ്കൽ - 51,00,000/-

ചെലവ്-2016-17 -Rs.32,19,460/-

2017-18 -Rs.14,98,255/- (ട്ര.ബി. നം 46/30-10-17)

എം.ബുക്ക് നം.56/16-17,88/16-17&5/17-18

2017-18 ൽ മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം ആകെ 47,17,715/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഫയൽ (E1-9694/16) പരിശോധിച്ചതിൽ മേൽ പ്രവൃത്തിക്കായി 51,00,000/- ലക്ഷം രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് സാങ്കേതിക അനുമതിക്കായി സമർപ്പിച്ചതിൽ എക്സ്ട്രാ ഇനം 3,5 എന്നിവ ഒഴിവാക്കി ബാക്കി 44,50,887/- രൂപക്കാണ് നോർത്ത് സർക്കിൾ ത.സ്വ.ഭ.വ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ സാങ്കേതിക അനുമതി ലഭിച്ചത്. എന്നാൽ ഫൈനൽ ബിൽ പ്രകാരം ആകെ പ്രവൃത്തിമൂല്യം 47,17,715/- രൂപയാണ്. (എക്സ്ട്രാ ഇനം 3,5 എന്നിവ ഒഴിവാക്കി). ആയതിനാൽ സാങ്കേതിക അനുമതി ലഭിച്ച തുകയേക്കാൾ അധികച്ചെലവ് വന്ന 2,66,828/- (4717715-4450887) രൂപയുടെ ചെലവ് പുതുക്കിയ സാങ്കേതിക അനുമതി ലഭിക്കുന്നതുവരെ തടസ്സപ്പെടുത്തുന്നു.

മാത്രമല്ല, പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതിക അനുമതി നല്കിയപ്പോൾ എക്സ്ട്രാ ഇനം 3,5 എന്നിവ അംഗീകരിച്ചിരുന്നില്ല. എന്നാൽ കരാറുകാരൻ ഇതിനകം ഈ പ്രവൃത്തികൾ നിർവ്വഹിച്ചിരുന്നു. ആയതിനാൽ 22/12/17 ലെ മുനിസിപ്പൽ കൗൺസിലിന്റെ 56ാം നം തീരുമാനപ്രകാരം ഇവ ഉൾപ്പെടുത്തി 2018-19 വർഷത്തിൽ പദ്ധതി രൂപീകരിക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ 2018-19 ൽ ഇവ ഉൾപ്പെടുത്തി പദ്ധതി രൂപീകരിച്ച് അംഗീകാരം വാങ്ങിയതായി കാണുന്നില്ല. മാത്രമല്ല, കരാറുകാരന് ഫൈനൽ ബിൽ റിടെൻഷൻ ഉൾപ്പെടെ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഇനങ്ങൾക്ക് കരാറുകാരന് പിന്നീട് തുക അനുവദിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എപ്രകാരമാണ് തുക അനുവദിച്ചത് എന്നും വ്യക്തമാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്( നം.34/20-3-19) മറുപടി ലഭ്യമാക്കിയില്ല.

# 3-23 ക്രിമറ്റോറിയത്തിൽ ചിമ്മിനി നിർമ്മാണം- അപാകതകൾ

പ്രോജക്റ്റ് നം.210/18

അടങ്കൽ - 15,00,000/-

നിർവ്വഹണ ഏജൻസി - സിൽക്ക്, അത്താണി, തൃശ്ശൂർ

ട്രഷറി ബിൽ നം.59/9-3-18 Rs.7,35,375/-

- ബന്ധപ്പെട്ട പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ 10/7/17ലെ HI TECH CREMATORIUM PVT LTD, Pathanamthitta എന്ന സ്ഥാപനത്തിന്റെ ഒരു എസ്റ്റിമേറ്റ് കാണുന്നു. ഇതിൽ തീരപ്രദേശത്തിന് യോജിച്ചതരം സ്റ്റെയിൻലെസ് സ്റ്റീൽ 304 തരം ചിമ്മിനി സ്ഥാപിക്കുന്നതിന് 13,25,000/- രൂപയാണ് കാണിച്ചിരിക്കുന്നത്. പ്രോജക്റ്റ് പ്രകാരം ചിമ്മിനി വാങ്ങി സ്ഥാപിക്കുന്നത് എപ്രകാരമാണ് എന്ന് പറയുന്നില്ല. നോട്ട് ഫയലിൽ 11-8-17 ലെ കുറിപ്പിൽ പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ 11-8-17 ലെ മീറ്റിംഗിൽ ചിമ്മിനി സ്ഥാപിക്കുന്നതിന് അക്രഡിറ്റഡ് ഏജൻസിയായ SILK ൽനിന്നും വിശദമായ എസ്റ്റിമേറ്റ് ആവശ്യപ്പെട്ട് കത്തയക്കാൻ തീരുമാനമെടുത്തിട്ടുണ്ടെന്ന് പറയുന്നു. എന്നാൽ 11-8-17 ലെ പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ ഇപ്രകാരം ഒരു തീരുമാനം എടുത്തതായി കാണുന്നില്ല. തുടർന്ന് 22-12-17 ലെ 5ാം നം കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സിൽക്കിന്റെ 14,70,750/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും, 3-3-18 ൽ സിൽക്കുമായി കരാറിൽ ഏർപ്പെടുകയുമായിരുന്നു. HI TECH CREMATORIUM ത്തിന്റെ അതേ സ്പെസിഫിക്കേഷനിലുള്ള ക്രിമറ്റോറിയം തന്നെയാണ് സിൽക്കിന്റെ എസ്റ്റിമേറ്റിലുള്ളത്. എന്നാൽ ഇതിന്റെ തുക ഹൈ ടെക് ക്രിമറ്റോറിയത്തിന്റേതിനേക്കാൾ 1,45,750/- രൂപ കൂടുതലാണ്. പ്രോജക്റ്റിൽ നിർവ്വഹണ രീതി രേഖപ്പെടുത്താതിരിക്കുകയും, പ്രൊക്യൂർമെന്റ് കമ്മറ്റി തീരുമാനം പോലുമില്ലാതെ 15 ലക്ഷത്തോളം രൂപ വരുന്ന ചിമ്മിനി വാങ്ങി സ്ഥാപിച്ച നടപടി ക്രമപ്രകാരമല്ല. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയിലെ (നം.30/19-3-19) ഇതുമായി ബന്ധപ്പെട്ട പരാമർശത്തിന് മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ ആവശ്യമായ വിശദീകരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മാത്രമല്ല, പഴയ ചിമ്മിനി നീക്കം ചെയ്യുന്നതിന് 45,000/- രൂപ സിൽക്ക് ആവശ്യപ്പെട്ടിരുന്നു. മേൽ പ്രവൃത്തി പൂർത്തീകരിച്ച് മുഴുവൻ തുകയും അനുവദിച്ചുവോ, പഴയ ചിമ്മിനി നീക്കം ചെയ്യുന്നതിന് തുക അനുവദിച്ചുവോ, പഴയ ചിമ്മിനി ലേലം ചെയ്ത് വിറ്റുവോ തുടങ്ങിയ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

# 3-24 ക്രമപ്രകാരമല്ലാതെ തനത് ഫണ്ടിൽനിന്നും തുക ചെലവഴിച്ചു

1. Vr. No. 21701390/12-3-18 Rs.57,684/-( income tax)

2. Vr.No.21700175/15-5-17 Rs.1,04,004/- (CLR ജീവനക്കാരുടെ EPF വിഹിതം യഥാസമയം അടവാക്കാത്തതിനാൽ അടവാക്കേണ്ടി വന്ന പലിശ).

3.Vr.No.21700201/23-5-17 Rs.2,782/- (-do-)

2007-08 മുതൽ 2017-18 വരെയുള്ള ആദായനികുതി കുടിശ്ശികയായി ക്രമ നം (1) പ്രകാരമുള്ള തുക ആദായനികുതി വകുപ്പിൽ തനത് ഫണ്ടിൽനിന്നും അടവാക്കിയിട്ടുണ്ട്. ആദായനികുതി അടവാക്കുക എന്നത് അതാത് വ്യക്തികളുടെ/കരാറുകാരുടെ ബാധ്യതയാണ്. ഇത് യഥാസമയം ഈടാക്കി അടവാക്കുക എന്നത് മാത്രമാണ് നഗരസഭയുടെ ബാധ്യത. ആദായനികുതി വകുപ്പിൽ നിന്നും അടവാക്കാനാവശ്യപ്പെട്ട മേൽ തുക ആരുടെ ബാധ്യതയാണെന്ന് കണ്ടെത്താനായില്ലെന്നും ആയതിനാലാണ് അടവാക്കിയതെന്നുമാണ് മറുപടി നല്കിയത്. ആയതുകൊണ്ടുതന്നെ ഈ തുക ആരുടേയും ബാധ്യതയാക്കുകയോ, ഈടാക്കാനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

നഗരസഭയിലെ CLR ജീവനക്കാരുടെ EPF വിഹിതം യഥാസമയം ഒടുക്കാത്തതിനാൽ പലിശയിനത്തിൽ മേൽ ക്രമ നം.2,3 എന്നിവ പ്രകാരം 1,06,786/- രൂപ അടവാക്കേണ്ടി വരികയാണുണ്ടായത് (8/11 മുതൽ 6/14 വരെ). ഇതോടൊപ്പം തന്നെ Damages ഇനത്തിൽ 2,14,353/- രൂപകൂടി അടവാക്കാൻ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് അസി. കമ്മീഷണറുടെ 23/12/16 ലെ കത്തിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ

നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ പലിശ മാത്രം അടവാക്കുകയും, ബാക്കി തുക അടവാക്കുന്നതിൽനിന്നും ഒഴിവാക്കി കിട്ടാൻ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യാൻ അഡ്വ.ഗിരിജ.കെ.ഗോപാലിനെ ചുമതലപ്പെടുത്താൻ 5/5/17 ലെ കൌൺസിൽ തീരുമാനിക്കുകയുമായിരുന്നു (തീരുമാനം നം.7).

മേൽ പ്രകാരമുള്ള രണ്ട് സന്ദർഭങ്ങളിലും നഗരസഭ ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിന് ഉത്തരവാദികളെ കണ്ടെത്തി നടപടികൾ സ്വീകരിക്കേണ്ടതാണ്. മാത്രമല്ല, ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

# 3-25 ചാവക്കാട് നഗരസഭ മാലിന്യസംസ്കരണം അവലോകനം

**ഓഡിറ്റ് ലക്ഷ്യം, മാനദണ്ഡം**

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക, ദ്രവ മാലിന്യം നീക്കം ചെയ്യുന്നത് ക്രമീകരിക്കുക, പൊതുമാർക്കറ്റുകൾ പരിപാലിക്കുക, മൃഗങ്ങളുടെ കശാപ്പ്, മാംസം, മത്സ്യം, എളുപ്പത്തിൽ കേടുവരുന്ന മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ വില്പന എന്നിവയുടെ നിയന്ത്രണം എന്നിവ മുനിസിപ്പാലിറ്റികളുടെ അനിവാര്യ ചുമതലകളിൽ പെടുന്നവയാണ്. ചാവക്കാട് നഗരസഭയുടെ നിലവിലുള്ള മാലിന്യ നിയന്ത്രണ സംവിധാനം എത്രത്തോളം ഫലപ്രദമാണ് എന്നും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 326 മുതൽ 345 വരെയുള്ള വകുപ്പുകൾ പ്രകാരം നൽകിയിട്ടുള്ള ചുമതലകളും അധികാരങ്ങളും നഗരസഭ ഫലപ്രദമായി നിർവ്വഹിക്കുന്നുണ്ടോ എന്നും നിയന്ത്രണ ചുമതലയുള്ള സ്റ്റാംന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഫലപ്രദമാണോ എന്നും പരിശോധിക്കുവാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയും സബ്ഡിഡി മാനദണ്ഡങ്ങളും മറ്റ് സർക്കാർ ഉത്തരവുകളും കണക്കിലെടുത്ത് സുസ്ഥിര മാലിന്യ നിയന്ത്രണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ടോ എന്നും സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, ഇ-വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, കൺസ്ട്രക്ഷൻ ആന്റ് ഡിമോളിഷൻ വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 മുതലായ കേന്ദ്ര ചട്ടങ്ങൾ പ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ടോ എന്നതും പരിശോധനാ ലക്ഷ്യത്തിൽ ഉൾപ്പെട്ടിരുന്നു.
ലക്ഷ്യത്തെ മുൻനിർത്തി, മുനിസിപ്പാലിറ്റിയുടെ നിലവിലുള്ള മാലിന്യ നിയന്ത്രണ സംവിധാനം വിലയിരുത്തുകയും വിവിധ രേഖകൾ പരിശോധിക്കുകയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ചർച്ച നടത്തുകയും നഗരസഭയുടെ മാലിന്യ സംസ്കരണ പ്ലാന്റിൽ സന്ദർശനം നടത്തുകയും ചെയ്തു.

പരിശോധനയുടെ അടിസ്ഥാനത്തിലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

**1. നഗരസഭയുടെ ഖരമാലിന്യ സംസ്കരണ സംവിധാനം**

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ സ്വച്ഛ് ഭാരത് മിഷൻ നടത്തിയ സ്വച്ഛ് സർവ്വേക്ഷൺ 2019 റാങ്കിങ്ങിൽ കേരളത്തിലെ നഗരസഭകളിൽ ഒന്നാം സ്ഥാനം ചാവക്കാട് നഗരസഭക്കായിരുന്നു. ചാവക്കാട് ബസ് സ്റ്റാൻഡ് പരിസരം, ടൗൺ, നഗരവീഥികൾ എന്നിവ വൃത്തിയായി സൂക്ഷിക്കുന്നതിൽ നഗരസഭ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. എന്നിരുന്നാലും മാലിന്യ സംസ്കരണത്തിനായി നഗരസഭയുടെ മൊത്തത്തിലുള്ള പ്രവർത്തനം വിലയിരുത്തിയതിന്റെ വിവരങ്ങളാണ് ഇവിടെ ചേർക്കുന്നത്.

ചാവക്കാട് നഗരസഭയിലെ 27-ാം വാർഡിലെ പരപ്പിൽതാഴം എന്ന സ്ഥലത്ത് നഗരസഭയുടെ അധീനതയിലുള്ള 50 സെന്റ് സ്ഥലത്താണ് നിലവിലുള്ള ട്രഞ്ചിംഗ് ഗ്രൗണ്ട്. ഇതിനോട് ചേർന്ന് നഗരസഭ 2017-18 വർഷത്തിൽ 3.41 ഏക്കർ സ്ഥലം വാങ്ങിയിട്ടുണ്ട്. ഇവിടെ 2018-19 വർഷത്തിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിനായി ഒരു കെട്ടിടം പണിതിട്ടുണ്ട്. ചാവക്കാട് നഗരത്തിലെ മാലിന്യങ്ങൾ ശേഖരിക്കുന്നതിനാണ് നഗരസഭ മുൻഗണന നൽകുന്നത്. മാലിന്യം ദിനംപ്രതി ശേഖരിച്ച് ട്രാക്ടറിന്റെ സഹായത്തോടെ പ്ലാന്റിൽ കൊണ്ടു വന്ന് നിക്ഷേപിക്കുന്ന രീതിയാണ് തുടർന്നു വരുന്നത്. ജൈവ, അജൈവ മാലിന്യങ്ങൾ വേർതിരിക്കാതെയാണ് മാലിന്യ ശേഖരണം നടത്തുന്നത്.
ഖരമാലിന്യ പ്ലാന്റിൽ വേർതിരിക്കാത്ത മാലിന്യം കുന്നുകൂടി കിടക്കുന്നു.








പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിനുള്ള കെട്ടിടം

**<u>എ. പ്ലാന്റിന്റെ പ്രവർത്തനം വിലയിരുത്തൽ</u>**

കുടുംബശ്രീയുടെ കീഴിലുള്ള പ്രഭാതശ്രീ ഗ്രൂപ്പാണ് നഗരത്തിലെ മാർക്കറ്റിൽനിന്നും, കടകളിൽനിന്നും മാലിന്യങ്ങൾ ശേഖരിക്കുന്നത്. ഇതിനായി മാലിന്യത്തിന്റെ തോത് അനുസരിച്ചുള്ള ഒരു തുക നഗരസഭയുടെ അറിവോടേയും സമ്മതത്തോടേയും ഇവർ പിരിച്ചെടുക്കുന്നുണ്ട്. ജൈവ, അജൈവ മാലിന്യങ്ങൾ വേർതിരിക്കാനുള്ള സംവിധാനങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. ആയതിനാൽ വേർതിരിക്കാത്ത മാലിന്യമാണ് ശേഖരിക്കുന്നത്. ശേഖരിക്കുന്ന മാലിന്യം പരപ്പിൽതാഴത്തുള്ള ട്രഞ്ചിംഗ് ഗ്രൗണ്ടിൽ ട്രാക്ടറിൽ എത്തിക്കുന്നു.

മുൻ വർഷങ്ങളിൽ ഇപ്രകാരം ശേഖരിച്ച വേർതിരിക്കാത്ത മാലിന്യം പ്ലാന്റിൽ കൂട്ടിയിട്ടിരിക്കയാണ്. വർഷങ്ങൾക്ക് മുൻപ് ഈ മാലിന്യക്കൂമ്പാരത്തിന് തീ പിടിക്കുകയും ദിവസങ്ങളോളം പുകഞ്ഞ് കത്തുന്ന അവസ്ഥയുമുണ്ടായിട്ടുണ്ട്. ഈ മാലിന്യം യഥാവിധി സംസ്കരിക്കപ്പെടാതെ കിടന്നാൽ ഇനിയും ഇത്തരം അവസ്ഥ സംജാതമാകാൻ സാധ്യതയുണ്ട്. ഇത് കടുത്ത പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ഇടയാക്കുന്നതാണ്.

2017-18 വർഷത്തിൽ ജൈവ മാലിന്യത്തിൽനിന്നും കമ്പോസ്റ്റ് വളം നിർമ്മിക്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഇതിനായി ദിവസ വേതനാടിസ്ഥാനത്തിൽ 7 കുടുംബശ്രീ പ്രവർത്തകരെ നിയമിച്ചിട്ടുണ്ട്. ഇവർ ആദ്യം ജൈവ, പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിക്കുകയും തുടർന്ന് ജൈവ മാലിന്യത്തെ മണ്ണിര കമ്പോസ്റ്റാക്കി മാറ്റുകയും, പിന്നീട് ഇത് ഉണക്കിപ്പൊടിച്ച് വളമാക്കി മാറ്റുകയുമാണ് ചെയ്യുന്നത്. ഇവ പിന്നീട് പാക്കറ്റുകളിലാക്കി കർഷകാമൃതം എന്ന പേരിൽ വില്പന നടത്തിവരുന്നുണ്ട്. ഒരു കിലോഗ്രാമിന് പത്തു രൂപ നിരക്കിൽ 2018-19 ൽ പതിനഞ്ച് ടണ്ണോളം വളം വില്പന നടത്തിയിട്ടുണ്ട്. ഈയിനത്തിൽ 1,50,000/- രൂപ നഗരസഭയിൽ ഒടുക്കിയിട്ടുണ്ട്. നഗരസഭയിലെ തന്നെ കാർഷിക പദ്ധതികൾക്കായാണ് വളം വില്പന നടത്തിയിട്ടുള്ളത്.



‘ കർഷകാമൃതം ’- കമ്പോസ്റ്റ് വളം



കമ്പോസ്റ്റ് നിർമമാണം

മാലിന്യം സ്രോതസ്സിൽ വെച്ചതന്നെ വേർതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതെ കൂടിക്കലർന്ന മാലിന്യങ്ങൾ ശേഖരിച്ച് പ്ലാന്റിൽ എത്തിക്കുന്നതു മൂലം തൊഴിലാളികൾക്ക് വളരേയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ആയതിനാൽ ഉറവിടത്തിൽ തന്നെ ജൈവ, അജൈവ, പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. 2017-18 ൽ 5,19,372/- രൂപ ചെലവഴിച്ച് പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ വാങ്ങിയിട്ടുണ്ടെങ്കിലും ആയത് ഇനിയും സ്ഥാപിച്ചിട്ടില്ല.

കേന്ദ്ര ചട്ടങ്ങൾ അനുസരിച്ച് വിവിധ തരത്തിലുള്ള മാലിന്യങ്ങൾ സ്രോതസ്സിൽ വെച്ചുതന്നെ വേർതിരിക്കാതെ ശേഖരിക്കുന്നതും ഫലപ്രദമായ സംസ്കരണം നടക്കാത്തതും പ്രധാന അപാകതയാണ്.

ബി. അറവുശാലയുടെ പ്രവർത്തനം

നിലവിൽ ചാവക്കാട് ടൗണിൽ ചേറ്റുവ റോഡിൽ സ്ഥിതിചെയ്യുന്ന അറവുശാലയിൽ ആധുനിക സൗകര്യങ്ങളൊന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല. മൃഗങ്ങളെ ഉടമസ്ഥർ തന്നെ കൊണ്ടുവന്ന് കശാപ്പ് ചെയ്യുന്നു. ആയതിന് മാട് ഒന്നിന് 100/- രൂപയും, ആട് ഒന്നിന് 50/- രൂപയും നഗരസഭ ഈടാക്കുന്നു. അറവ് മാലിന്യം ഉടമസ്ഥർ തന്നെ കൊണ്ടുപോകുകയാണ് ചെയ്യുന്നത്. അറവ് നടത്തുന്ന സ്ഥലം പിന്നീട് നഗരസഭയുടെ ശുചീകരണ തൊഴിലാളികൾ വെള്ളമുപയോഗിച്ച് കഴുകി വൃത്തിയാക്കുന്നു. വേനൽക്കാലത്ത് കിണറിലെ വെള്ളം വറ്റുന്നതിനാൽ വൃത്തിയാക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. നിലവിൽ അറവുശാലയിൽ നിന്നുള്ള മലിന ജലം അടുത്തുള്ള കാനയിലേക്ക് ഒഴുക്കിവിടുകയാണ് ചെയ്യുന്നത്. ആയതുകൊണ്ടുതന്നെ കാനയിൽനിന്നും ദുർഗന്ധം അനുഭവപ്പെടുന്നുണ്ട്. ഇതിനോട് ചേർന്ന് നഗരസഭയിലെ കുടിവെള്ള പൈപ്പും കടന്നുപോകുന്നുണ്ട്. ഇക്കാര്യം നേരിട്ടുള്ള പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്. ആധുനിക അറവുശാലയുടെ നിർമ്മാണത്തിനായി നിലവിലുള്ള അറവുശാലയുടെ മുൻഭാഗത്തായുള്ള നാലര സെന്റ് സ്ഥലം 2018-19 വർഷത്തിൽ 20,00,000/- രൂപ ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്.



അറവുശാല.

.


അറവുശാലയുടെ ഉൾഭാഗം

2. മാലിന്യ സംസ്കരണത്തിൽ ഏർപ്പെട്ടിട്ടുള്ള ജീവനക്കാരുടെ വിവരം

സ്വീപ്പിംഗ് ജോലികൾ നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാരും, മാലിന്യ ശേഖരിച്ച് പ്ലാന്റിലെത്തിക്കുന്നത് കുടുംബശ്രീയുടെ കീഴിലുള്ള പ്രഭാതശ്രീ ജീവനക്കാരുമാണ്. പ്ലാന്റിലെ ജൈവ-അജൈവ മാലിന്യം വേർതിരിക്കൽ, വളം നിർമ്മാണം മുതലായ പ്രവൃത്തികൾക്കായി 7 താത്കാലിക ജീവനക്കാരെ നഗരസഭ നിയോഗിച്ചിട്ടുണ്ട്. പ്രതിദിനം 300 രൂപ വീതം ഓരോരുത്തർക്കും വേതനമായി നൽകി വരുന്നുണ്ട്. ആരോഗ്യ വിഭാഗം ജീവനക്കാരുടെ മേൽനോട്ടത്തിലാണ് തൊഴിലാളികൾ പ്രവർത്തിച്ചു വരുന്നത്.

**3. മാലിന്യ ശേഖരണത്തിനുള്ള വാഹനം**

മാലിന്യം ശേഖരിക്കുന്നതിനായി നിലവിൽ രണ്ട് ട്രാക്ടറുകളാണ് ഉപയോഗിക്കുന്നത്. നഗരത്തിലെ മാലിന്യം ശേഖരിച്ച് ട്രാക്ടറിന്റെ സഹായത്തോടെ പ്ലാന്റിൽ കൊണ്ടു പോയി നിക്ഷേപിക്കുന്നുണ്ട്.

**1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 339** പ്രകാരം മാലിന്യം നീക്കം ചെയ്യുന്നതിന് മൂടിയില്ലാത്ത ഏതെങ്കിലും വണ്ടി ഉപയോഗിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിയമാനുസൃത സംവിധാനം ഇല്ലാത്ത വാഹനമാണ് നിലവിൽ ഉപയോഗിച്ചു വരുന്നത്. വാഹനത്തിന് കവറിംഗ് നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്ന് നഗരസഭ അറിയിച്ചിട്ടുണ്ട്.

**4. മാലിന്യം ശേഖരിക്കുന്ന രീതി**

വീട്ടുകളിൽ നിന്നും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് മാലിന്യം ശേഖരിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. നിലവിൽ ടൗൺ ഏരിയയിലെ മാത്രം മാലിന്യ ശേഖരണത്തിനാണ് നഗരസഭ മുൻഗണന നൽകുന്നത്. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതോടെ നഗരസഭയുടെ പരിധിയിലുള്ള മുഴുവൻ വീട്ടുകളിൽനിന്നും കടകളിൽനിന്നും ഒരു നിശ്ചിത ഫീസ് ഈടാക്കി പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനാണ് നഗരസഭ പദ്ധതിയിടുന്നത്.

**5. വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനായി സ്വീകരിച്ച നടപടികൾ**

കഴിഞ്ഞ വർഷങ്ങളിൽ നഗരസഭ ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികൾ, ചെലവ് തുടങ്ങിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | പദ്ധതിയുടെ പേര് | 2016-17 | 2017-18 | 2018-19 |
|---|---|---|---|---|
| 1 | മാലിന്യ സംസ്കരണ പ്ളാന്റിന് സ്ഥലം വാങ്ങൽ | 13397280 | 3241200 | |
| 2 | ആധുനിക അറവുശാലക്ക് സ്ഥലം വാങ്ങൽ | | | 2000000 |
| 3 | മാലിന്യ ശേഖരണത്തിന് പിക് അപ് വാഹനം വാങ്ങൽ | | | 664178 |
| 4 | മാലിന്യ സംസ്കരണ പ്ലാന്റിൽ വളം നിർമ്മാണം | | 180161 | |
| 5 | ഉറവിട മാലിന്യ സംസ്കരണം - ബയോ ഡൈജസ്റ്റർ പോട്ട് വിതരണം വീട്ടുകളിലേക്ക് | | 747720 (536 പേർക്ക്) | |
| 6 | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ വാങ്ങൽ | | 519372 | |
| 7 | സ്വച്ഛ് ഭാരത് മിഷൻ - ഖരമാലിന്യ സംസ്കരണ പദ്ധതി | | | 21888117/- രൂപ അടങ്കലുള്ള ശുചിത്വ മിഷന്റെ സഹായത്തോടെയുള്ള ഈ പദ്ധതിക്ക് സർക്കാർ അംഗീകാരം ലഭ്യമായിട്ടുണ്ട്. വിവിധ തരം ബയോഗ്യാസ് പ്ലാന്റുകൾ, റിംഗ് കമ്പോസ്റ്റ്, കിച്ചൺ ബിൻ, |

| | | | | |
|---|---|---|---|---|
| | | | | എയറോബിക്ക് ബിൻ, സാനിറ്ററി നാപ്കിൻ തുടങ്ങിയവ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2018-19 വർഷത്തിൽ 9000000/- രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. |

മേൽ പ്രകാരം 2018-19 വർഷത്തിൽ പ്രൊ.നം. 285/19 പ്രകാരം 2,15,88,117/- അടങ്കലുള്ള **തുമ്പൂർമുഴി മോഡൽ മാലിന്യം സംസ്കരണം** നടപ്പാക്കുവാൻ ഒരു പ്രൊജക്റ്റ് ആവിഷ്കരിച്ച് തനത് ഫണ്ടിൽ നിന്നും 90,00,000 രൂപ വകയിരുത്തിയിരുന്നുവെങ്കിലും ആയത് നടപ്പാക്കിയിട്ടില്ല. മാലിന്യ സംസ്കരണത്തിനുള്ള സമഗ്രമായ ഈ പദ്ധതിയിൽ പല കപാസിറ്റിയിലുള്ള ബയോഗ്യാസ് പ്ലാന്റുകൾ, റിംഗ് കമ്പോസ്റ്റ്, കിച്ചൺ ബിൻ, എയറോബിക്ക് ബിൻ, സാനിറ്ററി നാപ്കിൻ എന്നിവയെല്ലാം ഉൾപ്പെടുന്നുണ്ട്. ഈ പദ്ധതി നടപ്പാക്കപ്പെടുന്നതോടെ നഗരസഭയുടെ മാലിന്യ സംസ്കരണം പൂർണ്ണതോതിലാകുമെന്ന് കരുതാവുന്നതാണ്.

<u>6. ഉറവിട മാലിന്യം സംസ്കരണം - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ</u>

**സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-07-2017** പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു.

ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, ക്യാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ 15-09-2017 ന് മുമ്പായി സജ്ജീകരിക്കുവാനുള്ള നിർദ്ദേശം സ്ഥാപനങ്ങൾക്ക് നൽകുവാൻ തദ്ദേശ സ്ഥാപനങ്ങളോട് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ഡി&ഒ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ഡി&ഒ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

നിലവിലുള്ളതും പുതുതായി ഡി&ഒ ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 334, 334എ, 334ബി, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു.

വലിയ കല്യാണ മണ്ഡപങ്ങൾ, ഹോട്ടലുകൾ തുടങ്ങിയവയിൽ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് എയ്റോബിക് ബയോബിന്നുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും, കൂടാതെ പന്നി വളർത്തൽ കേന്ദ്രങ്ങളിലേക്ക് മാലിന്യം കൊണ്ടുപോകുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മാലിന്യങ്ങൾ ഉറവിടങ്ങളിൽതന്നെ സംസ്കരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്താനുള്ള നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

<u>7. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ, സബ്സിഡി മാർഗ്ഗരേഖ എന്നിവയുടെ പാലനം</u>

<u>എ. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം</u>

സ.ഉ(കൈ)നം.17/2018/തസ്വഭവ തിയതി 2-2-2018 പ്രകാരം പുറപ്പെടുവിച്ച പതിമൂന്നാം പദ്ധതിയുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 11 പ്രകാരം ഷ്രഡ്ഡിംഗ് നടത്തിയതിനുശേഷം ലഭിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡ്സ് പത്ത് ശതമാനം റോഡ് പ്രവൃത്തികളിലെങ്കിലും ഉപയോഗപ്പെടുത്തുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ക്ലീൻ കേരള കമ്പനിയുടെ സഹായം തേടേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ നഗരസഭയുടെ റോഡ് പ്രവൃത്തികളിലൊന്നുംതന്നെ പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തിയിട്ടില്ല.

നഗരസഭയിൽ ഷ്രെഡ്ഡിംഗ് മെഷീൻ 2017-18 ൽ വാങ്ങിയിട്ടുണ്ടെങ്കിലും നാളിതുവരേയായും സ്ഥാപിച്ചിട്ടില്ല. ഇതിനായുള്ള കെട്ടിടത്തിന്റെ സിവിൽ വർക്ക് 2018-19 ൽ പൂർത്തിയായെങ്കിലും ഇലക്ട്രിഫിക്കേഷൻ, പ്ലമ്പിംഗ്, ടൈൽ വർക്ക് എന്നിവയൊന്നും പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ മെഷീൻ ഇപ്പോഴും ക്ലീൻ കേരള യിൽ തന്നെ സൂക്ഷിച്ചിരിക്കയാണ്.

മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 15 പ്രകാരം ആളോഹരി ഖര-ദ്രവ-ഇ മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിനും മാലിന്യത്തിൽ നിന്ന് ഊർജ്ജം എന്ന ആശയത്തിന് ഊന്നൽ നൽകുന്നതിനും ദീർഘവീക്ഷണത്തോടുകൂടിയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാധ്യതയും പരിശോധിച്ചിട്ടില്ല.

2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളിലും പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുന്നതിനും കയ്യൊഴിക്കുന്നതിനുമുള്ള നിർദ്ദേശങ്ങളുണ്ടെങ്കിലും നഗരസഭയുടെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണം ഫലപ്രദമല്ല എന്ന് വിലയിരുത്തുന്നു.

<u>ബി. ഹരിത കേരള മിഷൻ</u>

പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1 പ്രകാരം നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച നാല് വികസന മിഷനുകളിൽ ഒന്നായ ഹരിതകേരള മിഷന് കൃഷി വികസനം, ശുചിത്വ-മാലിന്യം സംസ്കരണം, ജലസംരക്ഷണം എന്നിങ്ങനെ മൂന്ന് ഉപദൗത്യങ്ങളാണുള്ളത്. ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിതകേരള മിഷന്റെ ഭാഗമായി പുറപ്പെടുവിച്ച മേഖലാ മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിച്ച് പദ്ധതികൾ

തയ്യാറാക്കേണ്ടതാണെന്നും മാലിന്യ രഹിത തദ്ദേശ ഭരണ സ്ഥാപനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പിന്തുണാ സംവിധാനമായി **ഹരിതകേരള മിഷൻ** പ്രവർത്തിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

നഗരസഭയിലെ എഞ്ചിനിയറിംഗ് വിഭാഗം, ആരോഗ്യ വിഭാഗം എന്നിവർക്ക് പ്രൊജക്റ്റുകൾ തയ്യാറാക്കുന്നതിനുള്ള ചുമതല നൽകിയിട്ടുണ്ട്. **ശുചിത്വ മിഷൻ, ക്ലീൻ കേരളാ മിഷൻ** എന്നിവയുടെ സാങ്കേതിക സഹായം നഗരസഭയ്ക്ക് തേടാവുന്നതാണ്.

ഖണ്ഡിക 7.1.6(സി) ശുചിത്വ-മാലിന്യ സംസ്കരണം എന്ന ഖണ്ഡികയിലെ മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിച്ച് മാലിന്യ നിയന്ത്രണത്തിനുള്ള പ്രൊജക്റ്റുകൾ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**സി. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം**

സ.ഉ(കൈ)നം.22/2018/തസ്വഭവ തിയതി 14-02-2018 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8 ൽ ഖര-ദ്രവ മാലിന്യ സംസ്കരണത്തിനായി അനുവദിക്കാവുന്ന സബ്സിഡിയുടെ വിശദാംശം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫലപ്രദമായ പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് വികേന്ദ്രീകൃത മാലിന്യ സംസ്കരണം ഉറപ്പാക്കുവാൻ നഗരസഭ ശ്രദ്ധിച്ചിട്ടില്ല. 2017-18 വർഷം നടപ്പാക്കിയ ഉറവിട മാലിന്യ സംസ്കരണം-ബയോ ഡൈജസ്റ്റർ ബിൻ വിതരണം എന്ന പദ്ധതിയിൽ 536 ഗുണഭോക്താക്കൾക്ക് 7,47,720/- രൂപ ചെലവിൽ ബയോ ഡൈജസ്റ്റർ ബിന്നുകൾ വിതരണം ചെയ്തെങ്കിലും ശുചിത്വ മിഷൻ 2012-13 വർഷം നഗരസഭക്ക് അനുവദിച്ച തുകക്ക് വിനിയോഗരേഖകൾ ഇനിയും ലഭ്യമാക്കിയില്ല എന്നതിനാൽ ശുചിത്വ മിഷന്റെ സബ്ഡിഡി പദ്ധതിക്ക് ലഭ്യമായില്ല. ഇക്കാരണത്താൽ ആ തുക കൂടി നഗരസഭക്ക് വഹിക്കേണ്ടതായി വന്നു. അനുവദനീയമായ ഇനങ്ങൾക്ക് വിവിധ ഫണ്ടുകൾ ഉപയോഗിച്ച് സബ്സിഡി അനുവദിച്ച് ഉറവിട മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

**8. മുനിസിപ്പാലിറ്റി നിയമം അനുസരിച്ചുള്ള നടപടികൾ, പരിശോധനാ സംവിധാനം**

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 326 മുതൽ 345 വരെയുള്ള വകുപ്പുകൾ പ്രകാരമുള്ള അധികാരം നഗരസഭ കാര്യക്ഷമമായി പ്രയോഗിക്കുന്നില്ല എന്ന് രേഖകളുടെ പരിശോധനയിലും ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിലും ബോധ്യപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

എ. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 340 പ്രകാരം ചവറോ മാലിന്യമോ പൊതുസ്ഥലങ്ങളിൽ ഇടുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ആരെങ്കിലും അപ്രകാരം ചെയ്താൽ 250 രൂപയിൽ കവിയാത്ത തുക പിഴയായി ചുമത്തേണ്ടതും 15 ദിവസത്തിനുള്ളിൽ തുക മുനിസിപ്പൽ ഫണ്ടിൽ അടയ്ക്കേണ്ടതുമാണ്. അപ്രകാരം തുക അടയ്ക്കാത്തപക്ഷം അയാളുടെ മേൽ സെക്രട്ടറി പ്രൊസിക്യൂഷൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇതിന്റെ കീഴിൽ കഴിഞ്ഞ വർഷം 3,000/- രൂപ പിഴയായി നഗരസഭ ഈടാക്കിയിട്ടുണ്ട്.

ബി. വകുപ്പ് 340എ പ്രകാരം മാലിന്യങ്ങൾ ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്നതിനെതിരെയും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. അപ്രകാരമുള്ള ഒരു കുറ്റം കോഗ്നൈസിബിളും ജാമ്യം ഇല്ലാത്തതുമായിരിക്കുന്നതുമാണ്. അപ്രകാരമുള്ള കുറ്റം ചെയ്ത ഏതൊരാളും കുറ്റസ്ഥാപനത്തിന്മേൽ പതിനായിരം രൂപയിൽ കുറയാതെയും ഇരുപത്തയ്യായിരം രൂപയിൽ കവിയാതെയുള്ള പിഴയും ആറ് മാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള കാലത്തേക്ക് തടവും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. 19-3-19 ന് ഓഡിറ്റ് ടീം നടത്തിയ നേരിട്ടുള്ള പരിശോധനയിൽ നഗരസഭാ ഓഫീസിനു പുറകുവശത്തുള്ള വഞ്ചിക്കടവ് മാർക്കറ്റിലെ മത്സ്യ-മാംസ വിപണനശാലകളിൽനിന്നുള്ള മലിന ജലവും മറ്റും തൊട്ടടുത്തുള്ള കനോലി കനാലിലേക്ക് ഒഴുക്കി വിടുന്നത് നേരിൽ കണ്ട് ബോധ്യപ്പെട്ടിട്ടുള്ളതാണ്. ഇക്കാര്യം 22-3-19 ലെ എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചപ്പോൾ അവിടെ നഗരസഭ പണിതുടങ്ങിയിട്ടുള്ള കുട്ടികളുടെ പാർക്കിന്റെ പണി പൂർത്തീകരിക്കുന്നതോടെ മത്സ്യ-മാംസ ശാലകൾ കൂടി ഇവിടേനിന്ന് മാറ്റി സ്ഥാപിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മാത്രമല്ല, ഈ ഭാഗത്ത് കനോലി കനാൽ പ്ലാസ്റ്റിക് മാലിന്യവും നിറഞ്ഞ് വൃത്തികേടായിരിക്കുകയാണ്.



മത്സ്യ മാംസ കച്ചവട സ്ഥലത്തെ മലിനജലം കനോലി കനാലിലേക്ക് ഒഴുക്കി വിടുന്നു.


കനോലി കനാലിന്റെ മാലിന്യം നിറഞ്ഞ അവസ്ഥ.


മത്സ്യമാർക്കറ്റ്.

മാലിന്യ നിയന്ത്രണത്തിനായി നിയമപ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകൾ ഫലപ്രദമായി വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മാലിന്യ നിയന്ത്രണം കാര്യക്ഷമമാക്കുവാൻ ആരോഗ്യ വകുപ്പ്, പൊലീസ് എന്നിവരുടെ സഹകരണത്തോടെ പരിശോധനാ സംവിധാനം കർശനമാക്കേണ്ടതാണ്. നഗരസഭയിലെ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്ന് ഉന്നതാധികാരികളും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയും വിലയിരുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

## 9. പ്ലാസ്റ്റിക്ക് നിയന്ത്രണത്തിനായി സ്വീകരിച്ച നടപടികൾ

**2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ** അനുസരിച്ച് പുറപ്പെടുവിച്ച **തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24-09-2016 ലെ സർക്കുലർ നം.576/ഡി.സി-1/16/തസ്വഭവ** പ്രകാരം 50 മൈക്രോണിൽ മുകളിലുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ മാത്രമേ വിതരണം ചെയ്യുന്നുള്ളൂ എന്ന് ഉറപ്പാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കുറഞ്ഞത് 4,000 രൂപ പ്രതിമാസം പരിപാലന ഫീയായി പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന വ്യാപാരികളിൽ നിന്നും ഈടാക്കുന്നതിനും ആയത് സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ചെലവഴിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

24-2-18 ലെ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്ലാസ്റ്റിക് ക്യാരീബാഗുകളുടെ നിരോധനം ശക്തമാക്കുന്നതിനായി മൈക്രോൺ മീറ്റർ വാങ്ങുന്നതിന് തീരുമാനമെടുത്തിരുന്നുവെങ്കിലും ഇത് ഇനിയും നടപ്പാക്കിയിട്ടില്ല.

ചാവക്കാട് നഗരസഭയിൽ വ്യാപാര സ്ഥാപനങ്ങളിലെ പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ നിയന്ത്രിക്കുന്നതിനായി കർശന നടപടികൾ സ്വീകരിച്ചിട്ടില്ല.

**10. 2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങളിലെ പ്രധാന നിർദ്ദേശങ്ങളുടെ പാലനം വിലയിരുത്തൽ**

2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങളിലെ പ്രധാന നിർദ്ദേശങ്ങൾ നഗരസഭ പാലിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ചട്ടം | നിബന്ധന | നഗരസഭയിലെ സ്വീകരിച്ച നടപടി |
|---|---|---|
| 4 | പ്ലാസ്റ്റിക് ക്യാരി ബാഗുകൾ 50 മൈക്രോണിൽ കുറയുവാൻ പാടില്ല. | പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിയന്ത്രിക്കുന്നതിനായി ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടില്ല. |
| 5, 6 | പുനചംക്രമണം നടത്താവുന്ന പ്ലാസ്റ്റിക് മാലിന്യം, രജിസ്ട്രേഷൻ ഉള്ളവർക്ക് നൽകുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. | നടപടി സ്വീകരിച്ചിട്ടില്ല. |
| 5, 6 | പുനചംക്രമണം നടത്തുവാൻ സാധിക്കാത്ത പ്ലാസ്റ്റിക് മാലിന്യം റോഡ് നിർമ്മാണം, ഊർജ്ജോൽപാദനം തുടങ്ങിയവയ്ക്ക് ഉപയോഗിക്കേണ്ടതാണ്. | സാധ്യതകൾ പരിശോധിച്ചിട്ടില്ല. |
| 6 | പ്ലാസ്റ്റിക് മാലിന്യം വേർതിരിക്കുക, ശേഖരിക്കുക, കടത്തിക്കൊണ്ടു പോവുക, സംസ്കരിക്കുക, കയ്യൊഴിക്കുക. | പ്ലാസ്റ്റിക് മാലിന്യം വേർതിരിക്കാതെയാണ് ശേഖരിക്കുന്നത്.<br><br>കയ്യൊഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. |
| 6 | സ്റ്റേക്ക് ഹോൾഡർമാർക്കിടയിൽ ബോധവൽക്കരണം നടത്തുക. | അയൽക്കൂട്ട തലത്തിലും, വിദ്യാർത്ഥികൾക്കിടയിലും, വ്യാപാരികൾക്കിടയിലും ശക്തമായ ബോധവത്കരണ നടപടികൾ നടത്തിയിട്ടുണ്ടെന്നും, സ്വച്ചതാഹി സേവ കാമ്പയിന്റെ ഭാഗമായി എൻ എസ് എസ് വളണ്ടിയർമാരും നഗരസഭയും സംയുക്തമായി ഒരാഴ്ച നീണ്ടുനില്ക്കുന്ന ശുചീകരണ പ്രവർത്തനങ്ങൾ, ബോധവത്കരണം, പ്രതിജ്ഞ, ഫ്ലാഷ് മോബ്, ചുമരെഴുത്ത്, ക്വിസ് മത്സരങ്ങൾ, ചിത്രരചന, പോസ്റ്റർ മേക്കിംഗ്, ഉപന്യാസ രചന തുടങ്ങിയവയും സംഘടിപ്പിച്ചതായും നഗരസഭ അറിയിച്ചിട്ടുണ്ട്. |
| 6 | പ്ലാസ്റ്റിക് മാലിന്യം പൊതു സ്ഥലങ്ങളിൽ കത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്. | നടപടികൾ കാര്യക്ഷമമല്ല. |
| 6 | ചട്ടങ്ങളിലെ നിബന്ധനകൾ ഉൾപ്പെടുത്തി തദ്ദേശ സ്ഥാപനം ഒരു ബൈലോ രൂപീകരിക്കേണ്ടതാണ്. | അത്തരത്തിൽ ബൈലോ രൂപീകരിച്ചിട്ടില്ല. |
| 8 | പ്ലാസ്റ്റിക് മാലിന്യ ഉൽപാദകർ മാലിന്യം ഉറവിടത്തിൽ വെച്ച് വേർതിരിക്കുകയും ഏജൻസികൾക്ക് | അത്തരത്തിൽ കയ്യൊഴിക്കുന്നുണ്ടെന്ന് നഗരസഭ ഉറപ്പാക്കുന്നില്ല. |

| | | |
|---|---|---|
| | കയ്യൊഴിക്കുകയും ചെയ്യുക. | |
| 8 | നഗരസഭ രൂപീകരിക്കുന്ന ബൈലോ പ്രകാരമുള്ള യൂസർഫീ എല്ലാ മാലിന്യ ഉൽപാദകരും ഒടുക്കുവാൻ ബാധ്യസ്ഥരാണ്. | ബൈലോ രൂപീകരിച്ചിട്ടില്ല.<br>പ്ലാസ്റ്റിക് മാലിന്യം യൂസർഫീ ഈടാക്കി നഗരസഭ ശേഖരിക്കുന്നില്ല. |
| 15 | പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന വ്യാപാരികൾ തദ്ദേശ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.<br>കുറഞ്ഞത് 4000 രൂപ പ്രതിമാസം ഈടാക്കേണ്ടതാണ്. | അത്തരത്തിൽ ആരും രജിസ്റ്റർ ചെയ്ത് ഫീസ് ഒടുക്കിയിട്ടില്ല. |

2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങളിൽ നഗരസഭയ്ക്ക് ബാധകമായ പല പ്രധാന നിർദ്ദേശങ്ങളും പാലിക്കുവാൻ ശ്രദ്ധിച്ചിട്ടില്ല.

__11. വിവിധ തരം മാലിന്യങ്ങളുടെ നിയന്ത്രണത്തിനുള്ള മറ്റ് കേന്ദ്ര ചട്ടങ്ങൾ__

__എ. ഖരമാലിന്യ നിയന്ത്രണ ചട്ടങ്ങൾ, 2016__

**എസ്.ഒ.1357(ഇ) : പ്രാബല്യം 8-4-2016 മുതൽ**

പരിസ്ഥിതി(സംരക്ഷണ)നിയമം, 1986 ലെ 3, 6, 25 വകുപ്പുകളിലെ അധികാരം ഉപയോഗിച്ച് നടപ്പാക്കിയ ചട്ടങ്ങൾ. മുനിസിപ്പൽ ഖരമാലിന്യ(നിയന്ത്രണവും പരിപാലനവും)ചട്ടങ്ങൾ, 2005 അതിലംഘിച്ചാണ് ചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളത്.

മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ചട്ടങ്ങൾ ബാധകമാണ്.

ചട്ടം 4 പ്രകാരം മാലിന്യ ഉത്പാദകർ മാലിന്യങ്ങൾ ജീർണ്ണിക്കുന്നവ (Bio degradable), ജീർണ്ണിക്കാത്തവ(Non bio degradable), വീടുകളിൽ നിന്നുള്ള അപായകരമായ മാലിന്യങ്ങൾ(Residential hazardous wastes) എന്നിങ്ങനെ വേർതിരിച്ച് മൂന്ന് പ്രത്യേക ബിന്നുകളിലായി ശേഖരിക്കേണ്ടതും കൈമാറേണ്ടതുമാണ്.

തദ്ദേശ സ്ഥാപനങ്ങൾ രൂപീകരിക്കുന്ന ബൈലോ പ്രകാരമുള്ള ഫീസ് ഒടുക്കുവാൻ മാലിന്യ ഉത്പാദകർ ബാധ്യസ്ഥരാണ്.

ചട്ടം 15 പ്രകാരം ഓരോ വീടുകളിൽ നിന്നും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും മാലിന്യം വേർതിരിച്ച് ശേഖരണം നടത്തുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്. മാലിന്യശേഖരണത്തിന് ഫീസ് ഈടാക്കേണ്ടതാണ്.

ചട്ടങ്ങൾ നിലവിൽ വന്ന് ഒരു വർഷത്തിനകം ബൈലോ രൂപീകരിക്കേണ്ടതാണ്. ആവശ്യമായ ബോധവത്കരണം നടത്തേണ്ടതാണ്.

__ബി. ഇ-മാലിന്യ (നിയന്ത്രണ)ചട്ടങ്ങൾ, 2016__

**ജി.എസ്.ആർ 338(ഇ). 1-10-2016 മുതൽ പ്രാബല്യം.**

ചട്ടങ്ങളിലെ ചട്ടം 23 പ്രകാരം ഇ-മാലിന്യങ്ങളുടെ ശേഖരണം, സംഭരണം, വാഹനത്തിൽ കൊണ്ടുപോകൽ, വേർതിരിക്കൽ, നവീകരിക്കൽ, പൊളിച്ചു കളയൽ, പുനചംക്രമണം നടത്തൽ, കയ്യൊഴിക്കൽ എന്നീ പ്രവർത്തനങ്ങൾ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ കാലാകാലങ്ങളിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുത്ത് ചട്ടങ്ങളിലെ നിബന്ധനകൾ നടപ്പാക്കേണ്ടതാണ്. ചട്ടം 24 പ്രകാരം ഇ-മാലിന്യങ്ങൾ ശേഖരിച്ച് അംഗീകൃത ഏജൻസികൾക്ക് കൈമാറുന്നുണ്ടെന്ന് മുനിസിപ്പാലിറ്റി ഉറപ്പാക്കേണ്ടതാണ്.

നഗരസഭയിൽ ക്ലീൻ കേരളയുമായി ചേർന്ന് ഇ-വേസ്റ്റ് & ഹസാർഡസ് വേസ്റ്റുകൾ ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, 12-1-19 ന് നഗരസഭയിലെ മുഴുവൻ വാർഡുകളിലേയും ഇ-വേസ്റ്റുകൾ പ്രത്യേക കൗണ്ടറുകൾ ഒരുക്കി ശേഖരിക്കുകയും ഇവ ക്ലീൻ കേരളക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായും നഗരസഭയിൽനിന്നും അറിയിച്ചിട്ടുണ്ട്. ഇപ്രകാരം ശേഖരിച്ച് ഇ-വേസ്റ്റുകൾ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിനായി പണിത ഷെഡ്ഡിൽ സൂക്ഷിച്ചിരിക്കുന്നതായി നേരിൽ കണ്ട് ബോധ്യപ്പെട്ടിട്ടുള്ളതാണ്. ഇത് എത്രയും വേഗം ക്ലീൻ കേരളക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

__സി. ബയോ മെഡിക്കൽ മാലിന്യ നിയന്ത്രണ ചട്ടങ്ങൾ, 2016__

**ജി.എസ്.ആർ 343(ഇ). 28-3-2016 മുതൽ പ്രാബല്യം.**

ചട്ടങ്ങളിലെ ചട്ടം 6, 9(3) പ്രകാരമുള്ള മൂന്നാം പട്ടികയിലെ ക്രമ നം. 7 പ്രകാരമുള്ള ചുമതലകൾ തദ്ദേശ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ടതാണ്. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുത്ത് ബയോ മെഡിക്കൽ മാലിന്യ സംസ്കരണത്തിനായി ഉചിതമായ സ്ഥലം കണ്ടെത്തേണ്ടതാണ്. പട്ടികയിലെ ക്രമ നം. 5 പ്രകാരം സംസ്ഥാന സർക്കാരും ക്രമ നം. 6 പ്രകാരം സംസ്ഥാന മലിനീകരണ ബോർഡും നിർവ്വഹിക്കേണ്ട ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭയിൽ നിലവിൽ ഇത്തരം വേസ്റ്റുകൾ "ഇമേജ്" എന്ന സ്ഥാപനത്തിന് കൈമാറുകയാണ് ചെയ്യുന്നത്.

<u>ഡി. കൺസ്ട്രക്ഷൻ ആൻറ് ഡിമോളിഷൻ വേസ്റ്റ് മാനേജ്മെൻറ് ചട്ടങ്ങൾ, 2016</u>

**ജി.എസ്.ആർ 317(ഇ). 29-3-2016 മുതൽ പ്രാബല്യം.**

നിർമ്മാണങ്ങളും പൊളിച്ചുമാറ്റലും നടക്കുമ്പോൾ ഉണ്ടാകുന്ന മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിനായി മാലിന്യ ഉൽപാദകരും, മുനിസിപ്പാലിറ്റിയും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച കേന്ദ്ര ചട്ടങ്ങളിലെ നിബന്ധനകൾ നടപ്പാക്കുന്നതിനുള്ള കാര്യക്ഷമമായ ശ്രമം നഗരസഭയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്ന് വിലയിരുത്തുന്നു.

<u>12. നഗരസഭയിലെ ഹരിത കർമ്മസേന</u>

വീടുകളിൽ നിന്നും നേരിട്ട് മാലിന്യം ശേഖരിക്കുന്നതിനായി 64 പേർ ഉൾപ്പെടുന്ന ഹരിത കർമ്മ സേന രൂപീകരിക്കുന്നതിന് 30-11-18 ലെ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റി തീരുമാനമെടുത്തെങ്കിലും നാളിതുവരെ സേനയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. യൂസർ ഫീ ഈടാക്കി വീടുകളിൽ നിന്നും മാലിന്യം നേരിട്ട് ശേഖരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇക്കാര്യത്തിൽ തുടർനടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

<u>13. ബോധവത്കരണ പരിപാടികൾ</u>

അയൽക്കൂട്ട തലത്തിലും, വിദ്യാർത്ഥികൾക്കിടയിലും, വ്യാപാരികൾക്കിടയിലും ശക്തമായ ബോധവത്കരണ നടപടികൾ നടത്തിയിട്ടുണ്ടെന്നും, സ്വച്ചതാഹി സേവകാമ്പയിന്റെ ഭാഗമായി എൻ എസ് എസ് വളണ്ടിയർമാരും നഗരസഭയും സംയുക്തമായി ഒരാഴ്ച നീണ്ടുനില്ക്കുന്ന ശുചീകരണ പ്രവർത്തനങ്ങൾ, ബോധവത്കരണം, പ്രതിജ്ഞ, ഫ്ലാഷ് മോബ്, ചുമരെഴുത്ത്, ക്വിസ് മത്സരങ്ങൾ, ചിത്രരചന, പോസ്റ്റർ മേക്കിംഗ്, ഉപന്യാസ രചന തുടങ്ങിയവയും സംഘടിപ്പിച്ചതായും നഗരസഭ അറിയിച്ചിട്ടുണ്ട്

മാലിന്യ ഉത്പാദകരായ എല്ലാ വിഭാഗക്കാരേയും ബോധവത്കരിക്കുന്നതിനുള്ള കാര്യക്ഷമമായ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്.

<u>14. ബദൽ മാർഗ്ഗങ്ങൾ പ്രോൽസാഹിപ്പിക്കൽ</u>

പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ ഉൾപ്പെടെയുള്ള വസ്തുക്കൾക്ക് നിയന്ത്രണം ഏർപ്പെടുത്തുമ്പോൾ പേപ്പർ ബാഗ്, തുണി സഞ്ചി മുതലായ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളുടെ ഉൽപാദനവും വിപണനവും പ്രോൽസാഹിപ്പിക്കേണ്ടത് അനിവാര്യമാണ്.

ഇക്കാര്യത്തിനായ വ്യാപാരി വ്യവസായികളുടെ യോഗം വിളിച്ചു ചേർക്കുക, വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, പരിസ്ഥിതി പ്രവർത്തകർ, സാമൂഹ്യ സാംസ്കാരിക സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ മുതലായവരുടെ സേവനം പ്രയോജനപ്പെടുത്തുക എന്നീ മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്. നഗരസഭയിൽ മുൻ വർഷങ്ങളിൽ നഗരസഭാപരിധിയിലെ എല്ലാ വീടുകളിലേക്കും തുണിസഞ്ചി വിതരണം നടത്തിയിട്ടുള്ളതാണ്.

ബദൽ സംവിധാനങ്ങൾക്കുള്ള പ്രൊജക്ടുകൾ നഗരസഭ ആവിഷ്കരിക്കേണ്ടതാണ്.

<u>15. നഗരസഭ തിരിച്ചറിഞ്ഞ പ്രശ്നങ്ങളും വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളും</u>

ശുചിത്വം, മാലിന്യ സംസ്കരണം എന്ന വർക്കിംഗ് ഗ്രൂപ്പിനാണ് മാലിന്യ സംസ്കരണത്തിനുള്ള പദ്ധതികളുടെ ചുമതലയുള്ളത്. വർക്കിംഗ് ഗ്രൂപ്പിൽ വിവിധ തീരുമാനങ്ങൾ കൈക്കൊള്ളുന്നുണ്ടെങ്കിലും ആയത് പ്രാവർത്തികമാക്കുന്ന വിധത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് രേഖകളുടെ പരിശോധയിൽ ബോധ്യപ്പെട്ടു.

ശുചിത്വം, മാലിന്യസംസ്കരണം വർക്കിംഗ് ഗ്രൂപ്പിൽ വിവിധ തിയതികളിൽ നടന്ന ചർച്ചയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| 06-3-17 |
|---|
| • അരി മാർക്കറ്റിലെ കാനകൾ വൃത്തിയാക്കുക, അഴുക്കുകൾ കനോലി കനാലിലേക്ക് ഒഴുക്കാതെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ച് ശാസ്ത്രീയമായി സംസ്കരിക്കുക.<br>• നഗരത്തിലെ അഴുക്കുചാലുകൾ പുഴയിലേക്കൊഴുക്കാതെ പരസ്പരം ബന്ധിപ്പിച്ച് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുക. |

- കാനയിലേക്ക് അഴുക്കുകൾ ഒഴുക്കിവിടുന്ന ആളുകൾക്ക് ആദ്യം ബോധവത്കരണവും പിന്നീടും തുടരുകയാണെങ്കിൽ കർശന നിയമ നടപടികളും സ്വീകരിക്കണം.
- പൊതു നിരത്തുകളിൽ അലക്ഷ്യമായി മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണം.
- നിരോധിത പ്ലാസ്റ്റിക് ഉപയോഗിക്കുകയും കച്ചവടം നടത്തുകയും ചെയ്യുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണം.
- പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നത് ഒഴിവാക്കുകയും ആയത് പുനരുപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
- പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ സ്ഥാപിക്കുക.
- മത്തിക്കായൽ, കനോലി കനാൽ എന്നിവ ശുചീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- മത്സ്യ,മാംസ മാർക്കറ്റ് നവീകരിക്കുക, മാർക്കറ്റിലെ മാലിന്യം മാർക്കറ്റിൽതന്നെ സംസ്കരിക്കുക.
- കനോലി കനാൽ സംരക്ഷണത്തിന് കനാൽ ഉൾപ്പെടുന്ന വാർഡിലെ കൌൺസിലർമാരുടെ യോഗം ചേർന്ന് കർമ്മ പദ്ധതി തയ്യാറാക്കുക.
- നിലവിലുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റ് നവീകരിക്കുക.
- നഗരത്തിലെ പ്രധാന കേന്ദ്രങ്ങളിൽ മാലിന്യ സംസ്കരണത്തിനായി തുമ്പൂർമുഴി മോഡൽ എയറോബിക്ക് ബിന്നുകൾ സ്ഥാപിക്കുക.
- നഗരസഭ പച്ചക്കറി മാർക്കറ്റിലെ ടോയ്‌ലറ്റ് അറ്റകുറ്റപ്പണി നടത്തി പൊതുജനങ്ങൾക്ക് ഉപയോഗപ്പെടുത്തുക.
- ഇതര സംസ്ഥാന തൊഴിലാളികളുടെ ആവാസകേന്ദ്രങ്ങൾ പരിശോധിച്ച് ശുചിത്വ സംവിധാനം ഏർപ്പെടുത്തുന്നതിന് ഉടമസ്ഥർക്ക് നിർദ്ദേശം നല്കുക.
- പൊതുനിരത്തിലെ മത്സ്യ കച്ചവടക്കാർക്ക് ഉചിതമായ സ്ഥലം കണ്ടെത്തി റോഡരികിലെ മത്സ്യ കച്ചവടം നിയന്ത്രിക്കുക.

മേൽ പറഞ്ഞവയിൽ ചില തീരുമാനങ്ങൾ ഇതിനകം തന്നെ നഗരസഭ നടപ്പാക്കിയിട്ടുള്ളതാണ്. എന്നിരുന്നാലും ഇ-വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 മുതലായ കേന്ദ്ര ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് സുസ്ഥിരമായ പദ്ധതികൾ ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**16. മോണിറ്ററിംഗ് സംവിധാനം**

മാലിന്യ സംസ്കരണത്തിനുള്ള പ്രൊജക്റ്റുകൾ തയ്യാറാക്കുന്നതിനുള്ള ചുമതല ശുചിത്വം, മാലിന്യ സംസ്കരണം എന്ന വർക്കിംഗ് ഗ്രൂപ്പിനാണ്. ആരോഗ്യ വിഭാഗത്തിലെ സീനിയർ ഉദ്യോഗസ്ഥൻ കൺവീനർ ആയ വർക്കിംഗ് ഗ്രൂപ്പിൽ ധാരാളം പ്രൊജക്റ്റുകളുടെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടെങ്കിലും ആയത് നടപ്പാക്കുന്നതിനുള്ള തുടർ നടപടികൾ ഉണ്ടായിട്ടില്ല. വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയുള്ള ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയും തുടർനടപടികൾ വിലയിരുത്തിയിട്ടില്ല. മാലിന്യ നിയന്ത്രണത്തിനായി ആവിഷ്കരിക്കപ്പെടുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിലും ഫലപ്രാപ്തി വിലയിരുത്തുന്നതിലും ഉത്തരവാദപ്പെട്ട സംവിധാനങ്ങൾ ഫലപ്രദമായി ഇടപെടൽ നടത്തേണ്ടതാണെന്ന് വിലയിരുത്തുന്നു.

**17. ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 326 മുതൽ 345 വരെയുള്ള വകുപ്പുകൾ കാര്യക്ഷമമായി പ്രയോഗിക്കേണ്ടതും പരിശോധനാ സംവിധാനം ശക്തമാക്കേണ്ടതുമാണ്.

2. വിവിധ കേന്ദ്ര ചട്ടങ്ങൾ പ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

3. എല്ലാ വാർഡുകളിലേയും മാലിന്യ സംസ്കരണം ഉറപ്പാക്കേണ്ടതാണ്.

4. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള പ്രൊജക്ടുകൾ ആവിഷ്കരിച്ച് വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കേണ്ടതാണ്.

5. വാണിജ്യ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ്

പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

6. ഡി&ഒ ലൈസൻസ് നൽകുന്നതിനുമുമ്പ് സ്ഥാപനങ്ങളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

7. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് എത്രയും വേഗം പ്രവർത്തനക്ഷമമാക്കുകയും ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് ഉചിതമായ രീതിയിൽ കയ്യൊഴിക്കേണ്ടതുമാണ്.

8. 2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ പ്രകാരം ബൈലോ രൂപീകരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

9. 2016 ലെ വിവിധ കേന്ദ്ര ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സോളിഡ്, പ്ലാസ്റ്റിക്, ഇ-വേസ്റ്റ് മുതലായ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് കയ്യൊഴിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

10. ഹരിത കർമ്മസേനയുടെ പ്രവർത്തനം ആരംഭിക്കേണ്ടതും ഗാർഹിക മാലിന്യ നീക്കം കാര്യക്ഷമമാക്കേണ്ടതുമാണ്.

11. ബോധവത്കരണ പരിപാടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് പകരമായി ഉപയോഗിക്കാവുന്ന തുണി, പേപ്പർ സഞ്ചികൾ പോലുള്ള ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തി പ്രോൽസാഹിപ്പിക്കേണ്ടതാണ്.

12. വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്ത് തിരിച്ചറിഞ്ഞ പ്രൊജക്ടുകൾ നടപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

13. സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി അനുവദിച്ച് ഉറവിട മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കേണ്ടതാണ്.

14. പ്ലാന്റിന്റെ വിപുലീകരണം നടപ്പാക്കി ജൈവമാലിന്യം വളമാക്കി മാറ്റുന്നതിനുള്ള ശ്രമം വിപുലീകരിക്കുക.

15. ജീവനക്കാരുടെ കുറവ്, മറ്റ് പ്രായോഗിക പ്രശ്നങ്ങൾ എന്നിവ നേരിടുന്നുണ്ടെങ്കിൽ ആയത് ഉചിതമാർഗ്ഗേന ഉന്നതാധികാരികളുടേയും സർക്കാരിന്റേയും ശ്രദ്ധയിൽക്കൊണ്ടുവന്ന് പരിഹരിക്കുന്നതിനായി ശ്രമിക്കേണ്ടതാണ്.

16. മാലിന്യ നിയന്ത്രണത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും കണക്കിലെടുത്ത് മാലിന്യ നിയന്ത്രണത്തിനായി നഗരസഭ തിരിച്ചറിഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയങ്ങളിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം നഗരസഭ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-26 ധനകാര്യകമ്മീഷൻ ഗ്രാന്റ്/മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗം ക്രമപ്രകാരമല്ല.

സർക്കാർ ഉത്തരവ് (എം എസ്)നം.79/2017തസ്വഭവ തീയതി 3.4.17പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റ്/മെയ്റ്റനൻസ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. (ഖണ്ഡിക 13.6, 13.8)

.ഖണ്ഡിക 13.8 പ്രകാരം തദ്ദേശസ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും കെട്ടിടങ്ങൾ ഒഴികെയുള്ള സാമൂഹിക ആസ്തികളുടെ പരിപാലനം, സംരക്ഷണം എന്നിവ മാത്രമേ ഏറ്റെടുക്കാനാകൂ. കൂടാതെ 10-11-17 ലെ സർക്കുലർ നം.ഡി.എ.1/859/2017/തസ്വഭവ പ്രകാരവും പുതിയ കോൺക്രീറ്റിംഗും, ടാറിംഗും പാടില്ല എന്നും, നിലവിലുള്ള റോഡിന്റെ പരിപാലനത്തിന്റേയും സംരക്ഷണത്തിന്റേയും ഭാഗമായി ടാറിംഗും കോൺക്രീറ്റിംഗും ആവശ്യമാണെന്ന് ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ മാത്രം ഇവ അനുവദിക്കാവുന്നതാണെന്നും പറയുന്നു. നിലവിലുള്ള ആസ്തികളുടെ സംരക്ഷണത്തിനും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമാണ് റോഡിതരമെയ്റ്റനൻസ് ഗ്രാന്റ് ഉപയോഗിക്കേണ്ടത്. എന്നാൽ താഴെച്ചേർത്തിട്ടുള്ള പദ്ധതികൾ ഇവക്ക് വിരുദ്ധമായിട്ടാണ് ചെയ്തിട്ടുള്ളത്.

| പദ്ധതി | ഫണ്ട് | ചെലവ് |
|---|---|---|
| S206/18-താലൂക്ക് ആശുപത്രി മോർച്ചറി നിർമ്മാണം | റോഡിതരമെയ്ന്റനൻസ് ഗ്രാന്റ് | 799614 |
| S092/18—പുല്ലാട്ട് റോഡ് നിർമ്മാണം | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 423073 |
| S097/18—പുലയംപാട്ട് സഹകരണറോഡ് നിർമ്മാണം | | 351074 |
| S101/18—കല്ലായിൽ റോഡ് നിർമ്മാണം | | 44775 |
| S104/18—മുതുവട്ടൂർരാജ കമ്പനിയുടെ അരികിലൂടെ പുതിയ റോഡ് നിർമ്മാണം | | 60446 |
| | | |

| | | |
|---|---|---|
| S111/18-കിക്കിരിമുട്ടം ബൈലൈൻ റോഡ് നിർമ്മാണം | | 56416 |
| S114/18-കഞ്ചേരിലിങ്ക് റോഡ് നിർമ്മാണം | | 104474 |
| S136/18-ജനകീയ റോഡ് നിർമ്മാണം | | 61252 |
| S141/18-പുത്തൻകടപ്പുറം ജുമാമസ്ജിദിന് സമീപം റോഡ് നിർമ്മാണം | | 403528 |
| S151/18-ദർശന റോഡ് നിർമ്മാണം | | 37014 |
| S178/18-തത്വമസി റോഡ് നിർമ്മാണം | | 568042 |
| S117/18-ചിറമ്മൽകടവ് റോഡ് നിർമ്മാണം | | 244337 |
| S070/18-നഗരസഭഓഫീസ് കെട്ടിടത്തിന്റെ മെയിന്റനൻസ് | | 4353482 |
| S240/18—ചാവക്കാട് നഗരസഭതാലൂക്ക് ആശുപത്രിമോർച്ചറി നവീകരണം | | 768965 |
| S234/18—ചാവക്കാട് നഗരസഭതാലൂക്ക് ആശുപത്രി നവീകരണം | | 990638 |

ഗ്രാന്റുകളുടെ വിനിയോഗത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# 3-27 സ്പോർട്സ് കിറ്റ് വിതരണം--അപാകതകൾ

ബിൽ നം.--36/17-18/24.3.18—30,000

സെക്രട്ടറി നടപ്പാക്കിയ S171/18- ചാവക്കാട് നഗരസഭയിലെ രജിസ്റ്റർ ചെയ്ത ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം നഗരസഭാ പരിധിയിലുള്ള ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നതാണ് പദ്ധതി. ബിൽ പ്രകാരം തുക പിൻവലിച്ച് പ്ലേബോൾ സ്പോർട്സ് വാടാനപ്പള്ളി എന്ന സ്ഥാപനത്തിന് നല്കി.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.പ്ലേബോൾ സ്പോർട്സ് വാടാനപ്പള്ളി എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്ത ഭരണസമിതി തീരുമാനം, പർച്ചേസ് കമ്മറ്റി തീരുമാനം എന്നിവ ഇല്ല.

2.ഏതൊക്കെ ഇനങ്ങളാണ് വേണ്ടതെന്ന് ക്വട്ടേഷൻ നോട്ടീസിൽ ചേർത്തിട്ടില്ല.

3.വ്യക്തിപരമായ ഇനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം ഇല്ല.

4.ക്ലബുകളെ തെരഞ്ഞെടുത്ത ഭരണസമിതി തീരുമാനം ലഭ്യമല്ല. എല്ലാക്ലബുകളുടെയും അപേക്ഷ ഇല്ല.

5.എല്ലാക്ലബുകളുടെയും കൈപ്പറ്റ് രസീതി ഇല്ല. 2,000 രൂപയുടെ സ്പോർട്സ് കിറ്റ് ലഭിച്ചു എന്നുമാത്രം ചേർത്തിട്ടുണ്ട്. ഏതെല്ലാം ഇനങ്ങൾ കൈപ്പറ്റി എന്നില്ല.

6.സപ്ലൈ ചെയ്ത സ്ഥാപനത്തിന്റെ ബിൽ ഇല്ല.

പ്രത്യേകമായി കോച്ചിംഗ് ക്യാമ്പ് സംഘടിപ്പിക്കുന്ന യൂത്ത് ക്ലബുകൾ ഒഴികെയുള്ളവർക്ക് കിറ്റ് നൽകാവുന്നതാണ്. കിറ്റിൽ ഉൾപ്പെടുത്തേണ്ട ഇനങ്ങൾ സംബന്ധിച്ച് ക്ലബുകളുടെ ഏകോപനസമിതി ആലോചിക്കണം. ക്ലബുകൾ ആവശ്യമുള്ള സ്പോർട്സ് ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അപേക്ഷ നൽകേണ്ടതാണ്. സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (എം എസ് ) നം.80/2017തസ്വഭവ തീയതി 3.4.17പ്രകാരമുള്ള മേൽപ്പറഞ്ഞ യാതൊരു നിബന്ധനകളും പാലിക്കുകയോ, രേഖകൾ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ചെലവ് തുക 30,000 രൂപ തടസ്സപ്പെടുത്തുന്നു.

# 3-28 കുടിവെള്ള ഗാർഹികകണക്ഷൻ നൽകൽ--രേഖകൾ ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി കുടിവെള്ള ഗാർഹിക കണക്ഷനുമായി ബന്ധപ്പെട്ട് രണ്ട് പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്.

a)S145/18—കുടിവെള്ള ഗാർഹിക കണക്ഷൻ നൽകൽ (പട്ടികജാതി)

ബിൽ നം.--23/17-18/9.3.18—15,000

25/17-18/9.3.18–37,500

29/17-18/22.3.18---45,000

40/17-18/228.3.18–7,500

39/17-18/28.3.18–22,500

ഗുണഭോക്താക്കൾക്ക് 7,500 രൂപ വീതമാണ് നൽകിയിട്ടുള്ളത്. ആകെ ചെലവ് 1,27,500 രൂപയാണ്.

(1) സി ബി ബാബു, ശിവദാസൻ കാവീട്ടുതറയിൽ, കൃഷ്ണൻ അന്തിക്കാട്ട്, കാളിക്കുട്ടി വലിയത്തറയിൽ, സജിവൻ വടക്കുതല, ഷാജി മന്ത്ര, തങ്കമണി കവര, എന്നിവരുടെ ജാതി സർട്ടിഫിക്കറ്റ്, മീറ്റർ റീഡിംഗ് കാർഡ് ഇല്ല. പ്രൊവിഷണൽ ഇൻവോയ്സ് കാർഡ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

b).S144/18—കുടിവെള്ളഗാർഹികകണക്ഷൻ നൽകൽ(ജനറൽ)

ബിൽ നം.-- 24/17-18/9.3.18–45,000

26/17-18/9.3.18–20,000

28/17-18/22.3.18–45,000

38/17-18/28.3.18–70,000

ഗുണഭോക്താക്കൾക്ക് 5,000 രൂപ വീതമാണ് നൽകിയത്. ആകെ ചെലവ് 1,80,000 രൂപയാണ്.

(i) ഗുണഭോക്താക്കൾ പ്രൊവിഷണൽ ഇൻവോയ്സ് കാർഡ് മാത്രമാണ് ഹാജരാക്കിയത്. മോഹനൻ നടുവിൽ പുരക്കൽ എന്ന വ്യക്തി മീറ്റർ റീഡിംഗ്കാർഡോ, പ്രൊവിഷണൽ ഇൻവോയ്സ് കാർഡോ ഹാജരാക്കിയിട്ടില്ല.

(ii) ജനാർദ്ദനൻ കൊല്ലമ്പി, സജീന കിഴക്കൂട്ട്, അബൂബക്കർ നടുവിൽപുരക്കൽ, സഫിയ, രാജൻ കാഞ്ഞിരപറമ്പിൽ എന്നവർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

(iii) വാട്ടർ അതോറിറ്റിയുടെ കൈമാറിക്കിട്ടിയ പൈപ്പ് ലൈനിൽ നിന്ന് മാത്രമേ കണക്ഷൻ നൽകാവൂ. എന്നാൽ അപ്രകാരമാണ് നൽകിയതെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

# 3-29 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ --അപാകതകൾ

1.S013/18-- പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം--അപാകതകൾ

സെക്രട്ടറി നടപ്പാക്കിയ പദ്ധതിക്കായി വിശ്വാസ് കെയർ, പഴഞ്ഞി എന്ന സ്ഥാപനത്തിൽ നിന്ന് 19 ലാപ്പ്ടോപ്പുകൾ വാങ്ങി.

ബിൽ നം-- 33/17-18/22.3.18–5,48,036

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

(i) ലാപ്പ്ടോപ്പ് കൈപ്പറ്റിയ താഴെ ചേർത്തിരിക്കുന്ന വിദ്യാർത്ഥികൾക്ക് സർവകലാശാല രജിസ്ട്രേഷൻ ലഭിച്ചതിന്റെ വിവരം ഇല്ല. (സ.ഉ (എം എസ്)നം.80/2017 തസ്വഭവ തീയതി 3.4.17 ഖ.11.8.6)

| പേര് | കോഴ്സ് | കോളേജ് |
|---|---|---|
| അപർണ്ണ എം എ | ബികോം | വിസ്ഡം കോളേജ്, പാവറട്ടി |
| അജിത് പി എം | ബിഎസോഷ്യോളജി | മേഴ്സി കോളേജ്, ഗുരുവായൂർ |
| വിസ്മയ പി കെ | ബിഎ ഇക്കണോമിക്സ് | ആര്യഭട്ട ഗുരുവായൂർ |
| രാഹുൽ പി ആർ | ബികോം | മേഴ്സി കോളേജ്, ഗുരുവായൂർ |
| സംഗമിത്ര പി എ | ബികോം | മേഴ്സി കോളേജ്, ഗുരുവായൂർ |
| ശ്രീവിഷ്ണ എ വി | ബികോം | മേഴ്സി കോളേജ്, ഗുരുവായൂർ |
| പ്രണവ് കെ സി | ബി എ | വിസ്ഡംകോളേജ്, പാവറട്ടി |
| ഹരിലാൽ കെ വി | ബിഎ ഇംഗ്ലീഷ് | വിസ്ഡംകോളേജ്, പാവറട്ടി |

വിദ്യാർത്ഥികൾക്ക് സർവകലാശാല രജിസ്ട്രേഷൻ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.
(ii) വിശ്വാസ് കെയർ, പഴഞ്ഞി അടവാക്കിയ യൂകോ ബാങ്കിന്റെ 30,000 രൂപയുടെ ഡെപ്പോസിറ്റ് രസീതി ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. ആയത് പ്രത്യേകം രജിസ്റ്ററിൽ ചേർത്ത് സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്.

# 3-30 ആദായ നികുതി ഈടാക്കിയിട്ടില്ല

നിർവഹണഉദ്യോഗസ്ഥൻ -സെക്രട്ടറി

S002/18—പദ്ധതി രൂപീകരണം, മോണിറ്ററിംഗ്, നിർവഹണം

ബിൽ നം.--5/17-18/10.7.17—82,600

37/17-18/24.3.18–61,772

സെക്രട്ടറി നടപ്പാക്കിയ ഈ പദ്ധതിയിൽ അച്ചടി സംബന്ധമായ പ്രവൃത്തികൾ ചെയ്തിട്ടുള്ളത് ഇ പ്രിന്റിംഗ് ആന്റ് ഡിജിറ്റൽ ഓഫ്സെറ്റ് പ്രസ്, ചാവക്കാട്, മുദ്രിക ഓഫ് സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനമാണ്. ഈ സ്ഥാപനത്തിൽ നിന്ന് ആദായനികുതി ഈടാക്കിയിട്ടില്ല. ആദായനികുതി നിയമം സെക്ഷൻ 194 സി പ്രകാരം 30,000 രൂപയിൽ കൂടുതൽ ഉള്ള ഓരോ കോൺട്രാക്ടിനും നികുതി ഈടാക്കേണ്ടതാണ്.

നൽകിയ തുക ---

ഇ പ്രിന്റിംഗ് ആന്റ് ഡിജിറ്റൽ ഓഫ്സെറ്റ് -- 43,500

മുദ്രിക ഓഫ് സെറ്റ് പ്രിന്റേഴ്സ് --- 45,200

അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-31 ലൈബ്രറിയിലേക്ക് പുസ്തകം വാങ്ങൽ -അപാകതകൾ

നിർവഹണഉദ്യോഗസ്ഥൻ --സെക്രട്ടറി

S010/18—ലൈബ്രറിയിലേക്ക് പുസ്തകം വാങ്ങൽ

ബിൽ നം-- 35/17-18/24.3.18–2,00,000

അപാകതകൾ

a)ആവശ്യമായ പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

b)6സ്ഥാപനങ്ങളിൽ നിന്നായി വാങ്ങി. ആയതിനാൽ ലഭ്യമാകാവുന്ന മാക്സിമം ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല.

| സ്ഥാപനം | നൽകിയ തുക |
|---|---|
| കേരള സംസ്ഥാനബുക്ക്മാർക്ക് | 5620 |
| ദേശാഭിമാനി | 11750 |
| മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി | 90375 |
| നാഷണൽ ബുക്ക് സ്റ്റാൾ | 16790 |
| ഡിസിബുക്ക്ഷോപ്പ് | 25461 |
| ഗ്രീൻബുക്ക്സ്, തൃശ്ശൂർ | 50004 |
| ആകെ | 2,00,000 |

c)ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

d)സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ഏതൊക്കെ ലൈബ്രറികൾക്കാണ് പുസ്തകം നൽകിയതെന്ന് രേഖകൾ ഇല്ല.

സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുന്നത് വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

# 3-32 ചെലവ് രേഖകൾ ലഭ്യമായിട്ടില്ല-ചെലവ് തുക 46,19,613/- രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിൽ താഴെപ്പറയുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| പദ്ധതി | ബിൽ നം, തുക | കൈപ്പറ്റിയ ഏജൻസി | ലഭ്യമാകാത്ത രേഖകൾ |
|---|---|---|---|
| S201/18-IMA ബ്ലഡ്ബാങ്ക് വിഹിതം | 10/17-18/ 31.8.17- 100000 | ജില്ലാ പഞ്ചായത്ത് | വിനിയോഗവിവരം |
| S011/18-- IKM പ്രവർത്തനഫണ്ട് | 3/17-18/ 24.6.17- -126378 | IKM | വിനിയോഗവിവരം |
| S015/18-- വിവിധവാർഡുകളിൽ | 6/17- | KSEB | എസ്റ്റിമേറ്റ്, സാങ്കേതികാനുമതി, |

| | | | |
|---|---|---|---|
| സ്ട്രീറ്റ് മെയിൻ വലിക്കൽ തെരുവുവിളക്ക് സ്ഥാപിക്കൽ | 18/13.7.17-563795 | ബീച്ച്സെക്ഷൻ, ചാവക്കാട് | വിനിയോഗവിവരം വിനിയോഗവിവരം, പൂർത്തീകരണസർട്ടിഫിക്കറ്റ് |
| S015/18-- വിവിധവാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ തെരുവുവിളക്ക് സ്ഥാപിക്കൽ | 16/17-18/17.1.18-884896 | KSEB ബീച്ച്സെക്ഷൻ, ചാവക്കാട് | എസ്റ്റിമേറ്റ്,സാങ്കേതികാനുമതി, വിനിയോഗവിവരം പൂർത്തീകരണസർട്ടിഫിക്കറ്റ് |
| S229/18— സമഗ്രകുടിവെള്ളപദ്ധതി നഗരസഭാവിഹിതം | 12/17-18/21.10.17--2500000 | KWA PH Div,Thrissur | വിനിയോഗവിവരം, കൈപ്പറ്റ് രസീതി |
| S229/18— സമഗ്രകുടിവെള്ളപദ്ധതി നഗരസഭാവിഹിതം | 18/17-18/17.1.18-444544 | KWA PH Div,Thrissur | വിനിയോഗവിവരം, കൈപ്പറ്റ് രസീതി |
| ആകെ | | | 4619613 |

രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 46,19,613രൂപ തടസ്സപ്പെടുത്തുന്നു.

# 3-33 മാലിന്യസംസ്ക്കരണപ്ലാന്റിന് സ്ഥലം വാങ്ങൽ--പദ്ധതി പൂർത്തിയാക്കിയിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ S032/18-- മാലിന്യസംസ്കരണപ്ലാന്റിന് സ്ഥലം വാങ്ങൽ എന്ന പദ്ധതി പൂർത്തിയാക്കിയിട്ടില്ല.

ചാവക്കാട് നഗരസഭയിലെ നിലവിലെ മാലിന്യസംസ്കരണപ്ലാന്റിന് സമീപം ട്രഞ്ചിംഗ്രൗണ്ട് വികസനത്തിനായി 341 സെന്റ് സ്ഥലം ഏറ്റെടുക്കുന്ന പദ്ധതിയാണിത്. നാളിതുവരെ സ്ഥലവില, രജിസ്ട്രേഷൻ ഇനത്തിൽ 1,89,49,720രൂപ ചെലവഴിച്ചിട്ടുണ്ട്. 286സെന്റ് സ്ഥലം മാത്രമാണ് ഇതുവരെ രജിസ്ട്രേഷൻ നടത്താൻ സാധിച്ചിട്ടുള്ളത്.
അപാകതകൾ

a)പദ്ധതിക്ക് ഫീസിബിലിറ്റിസർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

b)വാങ്ങിയ സ്ഥലം നഞ്ച(തോടുകളും ചിറകളും ഉൾപ്പെട്ടത് ) ആണ്.

സ്ഥലം മുഴുവനായും ഏറ്റെടുത്ത് ചുറ്റുമതിൽ നിർമ്മിച്ച് നഗരസഭയുടെ ആസ്തിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ അനുമതി വാങ്ങി എത്രയുംവേഗം പദ്ധതി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ, | 6/17-18/13.7.17 | 563795 | 563795 | |
| | | 16/17-18/17.1.18 | 463155 | 463155 | |
| | | | 421741 | 421741 | |
| K.W.A | സമഗ്ര കുടിവെള്ള പദ്ധതി – | 12/17-18 /21.10.17 | | | 25,00,000 |
| | | 18/17- | | | 4,44,544 |

| | | | | | |
|---|---|---|---|---|---|
| | നഗരസഭാ വിനിയോഗം | 18/17.1.18 | | | |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| For IDSMT State Government Share | G.O(Rt)7335/92 | 1900000 | 249638 | 95000 | 46611 | 154638 |
| IDSMT | G.O(Rt)4658/95/LAD | 2000000 | 500000 | 200000 | 134250 | 300000 |
| IDSMT | G.O(Rt)202/97/LAD | 2000000 | 200000 | Nil | Nil | 200000 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1294775 |
| തൻവർഷം നിക്ഷേപിച്ച തുക | 249796 (പലിശ) |
| ആകെ | 1544571 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1544571 |

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

# 4-8 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

<u>(എ) സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 255695186 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 302517997 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4232 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 72,54,705 |

**ബി). മുൻസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-5 (d) | | 2582 | ഡോ.രമ്യ.ആർ, സൂപ്രണ്ട്, താലൂക്ക് ആശുപത്രി, ചാവക്കാട് |
| 3-8 | | 1350 | ഡോ.ഗീത എം.കെ, സൂപ്രണ്ട്, താലൂക്ക് ആശുപത്രി, ചാവക്കാട് |
| 3-8 | | 300 | ഡോ.രമ്യ.ആർ സൂപ്രണ്ട്, താലൂക്ക് ആശുപത്രി, ചാവക്കാട് |
| ആകെ | | 1650 | |

**(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 519372 | ശ്രീ.പോൾ തോമസ്, ഹെൽത്ത് ഇൻസ്പെക്ടർ |
| 3-3 | 570000 | ശ്രീ.ബിന്നു.പി.ബി, മെമ്പർ സെക്രട്ടറി |
| 3-5 | 557895 | ഡോ.രമ്യ.ആർ., സൂപ്രണ്ട്, താലൂക്ക് ആശുപത്രി |
| 3-6(എ) | 266932 | |
| 3-6(ബി) | 16000 | ഡോ.ഗീത.എം.കെ, സൂപ്രണ്ട്, താലൂക്ക് ആശുപത്രി |
| 3-8(3) | 26875 | ഡോ.രമ്യ.ആർ., സൂപ്രണ്ട്, താലൂക്ക് ആശുപത്രി |
| 3-15 | 181190 | ശ്രീ.അനിൽകുമാർ.കെ.വി, ഹെഡ് മാസ്റ്റർ, മണത്തല |
| 3-22 | 266828 | ശ്രീ.സി.കെ.ഉണ്ണിക്കൃഷ്ണൻ, അസി.എക്സി.എഞ്ചിനീയർ |
| 3-27 | 30000 | ഡോ.സിനി.ടി.എൻ., സെക്രട്ടറി |
| 3-31 | 200000 | ഡോ.സിനി.ടി.എൻ., സെക്രട്ടറി |
| 3-32 | 3929440 | ഡോ.സിനി.ടി.എൻ., സെക്രട്ടറി |
| 3-32 | 126378 | ഗിരീഷ്.എം.കെ., സെക്രട്ടറി |
| 3-32 | 563795 | രാധാകൃഷ്ണൻ നായർ., സെക്രട്ടറി(i/c) |
| ആകെ | 7254705 | |

**(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ഡോ.ഗീത എം.കെ.<br>മെഡിക്കൽ ഓഫീസർ | | തണ്ടാശ്ശേരി ഹൗസ്,<br>പെരിങ്ങോട്ടുകര, തൃശ്ശൂർ |
| 2 | ഡോ.രമ്യ.ആർ.<br>മെഡിക്കൽ ഓഫീസർ | | അനാക്ക്, ശൃംഗപുരം,<br>കൊടുങ്ങല്ലൂർ |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1961-62 | എൽ.എഫ്,ടി.4-653/87 തി.20.04.87 | 5 |
| 64-65 | എൽ.എഫ്.ടി.4-4451/77 തി.03.09.77 | 15 |
| 65-66 | എൽ.എഫ്.ടി.4-4451/77 തി.30.09.77 | 7 |
| 66-67 | എൽ.എഫ്.ടി.4-4451/77 തി.03.09.77 | 6 |
| 73-74 | എൽ.എഫ്.ടി.4-657/87 തി.20.04.87 | 13 |
| 74-75 | എൽ.എഫ്.ടി.4-417/88 തി.10.03.88 | 20 |
| 75-76 | എൽ.എഫ്.ടി.4-656/87 തി.20.04.87 | 21 |
| 76-77 | എൽ.എഫ്.ടി.2(സി)1249/77 തി.05.08.79 | 38 |
| 77-78 | എൽ.എഫ്.ടി.4-417/88 തി.10.03.88 | 19 |
| 78-79 | എൽ.എഫ്.ടി.4-718/87 തി.25.04.87 | 77 |
| 79-80 | എൽ.എഫ്.ടി.4-719/87 തി.25.04.87 | 8 |
| 80-81 | എൽ.എഫ്.ടി.4-2548/88 തി.28.06.88 | 11 |
| 81-82 | എൽ.എഫ്.ടി.4-240/91 തി.03.04.91 | 56 |
| 82-83 | എൽ.എഫ്.Office of the Joint Director ofടി.4-1954/88 തി.12.05.89 | 60 |
| 83-84 | എൽ.എഫ്.ടി.4-683/90 തി.06.08.90 | 55 |
| 84-85 | എൽ.എഫ്.ടി.4-1236/93 തി.10.11.93 | 31 |
| 85-86 | എൽ.എഫ്.ടി.4-45/93 തി.12.11.93 | 59 |
| 86-87 | എൽ.എഫ്.ടി.4-627/94 തി.17.11.95 | |
| 87-88&88-89 | എൽ.എഫ്.ടി.4-1906/95 തി.25.05.96 | |
| 89-90,90-91&91-92 | എൽ.എഫ്.ടി.4-638/96 തി.30.11.96 | |
| 92-93 | എൽ.എഫ്.ടി.4-7/97 തി.15.12.97 | |
| 93-94 | എൽ.എഫ്.ടി.4-1304/05 തി.23.11.05 | |
| 1996-97 (ചെലവ്) | എൽ.എഫ്.ടി.4-461/98 തി.23.11.05 | |
| 97-98 | എൽ.എഫ്.ടി.4-1283/99 തി.15.05.2000 | |
| 98-99 | എൽ.എഫ്.ടി.4-1251/01 തി.01.01.05 | |
| 99-00 | എൽ.എഫ്.ടി.4-245/04 തി.17.01.06 | |
| 2000-01 | എൽ.എഫ്.ടി.4-250/05 തി.16.06.2005 | |
| 94-95,95-96 (വരവ് ചെലവ്) | എൽ.എഫ്.ടി.4-1495/08 തി.21.12.09 | |
| 96-97 | എൽ.എഫ്.ടി.4-1496/08 തി.21.12.09 | |
| 97-98 | എൽ.എഫ്.ടി.4-1497/08 തി.21.12.09 | |
| 98-99 | എൽ.എഫ്.ടി.4-1498/08 തി.21.12.09 | |
| 99-00 | എൽ.എഫ്.ടി.4-1499/08 തി.21.12.09 | |
| 00-01(വരവ്) | എൽ.എഫ്.ടി.4-1500/08 തി.21.12.09/15.03.2010 | |
| 2001-02 (ചെലവ്) | എൽ.എഫ്.ടി.4-1331/05 തി.17.01.06/29.05.06 | |
| 2002-03 (വരവ് | എൽ.എഫ്.ടി.4-695/09 തി.28.08.10 | |

| | | |
|---|---|---|
| 2003-04<br><br>(വരവ് ചെലവ്) | എൽ.എഫ്.ടി.4-696/09 തി.04.09.2010 | |
| 04-05 | എൽ.എഫ്.ടി.4-697/09 തി.06.04.10 | |
| 05-06 | എൽ.എഫ്.ടി.എം.-348/11 തി.02.11.11 | |
| 06-07 | എൽ.എഫ്.ടി.4-349/11 തി.02.11.11 | |
| 07-08 | എൽ.എഫ്.ടി.(എം)2599/11 തി.23.01.12 | |
| 08-09 | എൽ.എഫ്.ടി.(എം)2600/11 തി.23.01.12 | |
| 09-10 | എൽ.എഫ്.ടി.(എം) 110/12 തി.28.05.12/17.7.12 | |
| 10-11(ചെലവ്) | എൽ.എഫ്.ടി.(എം) 111/12 തി.28.05.12/07.07.12 | |
| 11-12 | എൽ.എഫ്.ടി.എം.-26/2013 തി.10.04.2013/16.08.2013 | |
| 12-13 | എൽ.എഫ്.ടി.(എം.)794/14<br>തീ. 01.10.2014/09.12.2014 | |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ.എം-1417/15/17.11.15/14.12.15 | |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ(എം)<br>1438/16, തി. 08.08.2016 | |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ(എം)<br>118/17, തി. 31.1.17 / 13.2.17 | |
| 16-17 | കെ.എസ്.എ.ടി.എസ്.ആർ(എം)<br>1753/17, തി. 19.12.17 / 16.01.18 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295(4)-ാം വകുപ്പ് ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും, നഗരപാലികാസ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ **ചാവക്കാട് നഗരസഭയുടെ** 31.03.2018ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **ചാവക്കാട് നഗരസഭയുടെ** 2017-18 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# അനുബന്ധം 2 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ